163. My Government will vigorously pursue decentralized waste management at source which have already achieved targets set by Haritha Mission in majority of the panchayats and Municipalities. The efforts will be to maintain and enhance the achievements in solid waste management through enterprise models and interventions for management of animal, construction and demolition waste etc require greater elucidation in policy. There will be investment in developing long term institutional capability for waste management particularly in the emerging area of liquid waste management including sewage and septage. A clear policy on liquid waste management which identifies key stakeholders, their inter se responsibilities, the environment friendly technologies to be adopted and building community consensus and ownership will be developed and executed

164. Land development works of Waste Energy Plant at Kozhikode has been started. DPR is being approved for Waste to Energy plant at Kollam and Palakkad and construction is expected to start soon.

165. The digitization of the local biodiversity registers, the setting up of an online gramasabha portal, preparation of a digitized local human resource index, will be some of the important digital interventions undertaken going forward. The digitization of the process of issue of building permits, which had to be put on hold on account of the amendment to the building rules will be fast tracked.

166. Quality management of PMGSY roads and bridge works will be a critical priority alongside the execution of the 1,425 phase III projects which will commence in 2021-22.

167. During 2021-22, Kerala State Remote Sensing and Environmental Centre (KSREC) will undertake a flagship project to develop a Spatial Governance Support System for the Local Self Governments with the participation of the Local Self Government Institutions of the State. The centre proposes to upgrade the server infrastructure and data recovery systems and will also provide satellite image based wetland and paddy land change detection report of survey plots.

168. My Government is in the process of developing State Indicator Framework for the Sustainable Development Goals according to the State's socio-economic environmental dimensions leading to achieve the targets and goals as envisaged by the United Nations and in tune with National Indicator Framework (NIF) of Ministry of Statistics and Programme Implementation.

169. With the devolution of about 25% of State Plan funds to the local bodies, they are the primary stakeholders in ensuring the success of the 2030 Agenda for Sustainable Development in the State. Localisation of SDGs is an agenda of paramount importance. My Government will prepare an ‘ Action Plan for Localising SDGs in the State’ during 2021-22 which is aligned with the policies and programmes of the Local Self Governments and in tune with the Goals set in the United Nations’ SDGs.

170. Smart City Thiruvananthapuram Ltd (SCTL) has crossed a major milestone of achieving 100 per cent tendering of all major projects. Cochin Smart Mission Ltd (CSML), currently ranked 11th amongst the 100 Smart Mission cities in the Country has bagged the award for best Smart Health Project. Several major projects such as Integrated Command Control & Communication Centre, One Mega Watt Solar Power Project for 28 public buildings in Cochin has started functioning.

## Kudumbashree

171. Kudumbashree has emerged as a national model for wome's self-help group network and played a very important role in providing relief during Covid pandemic and the exit strategy. There has been substantial increase in the budget allocation to Kudumbashree which will be further enhanced. We intend to further expand the network drawing in more families. We shall also explore possibility of enhancing the representation of young women in the network. Kudumbashree will implement comprehensive program of crime mapping and prevention of violence against women. The women’ s work participation rate in Kerala has improved in which Kudumbashree has played an important role. Creation of gainful employment for women in both self-employment and wage employment will be the most important objective in the coming years.

## SCHEDULED CASTES, SCHEDULED TRIBES, BACKWARD CLASSES DEVELOPMENT

172. Kerala State Backward Classes Development Corporation, which provides loans to eligible persons belonging to OBC's and minorities, will disburse Rs.700 crores for 42000 beneficiaries in the next financial year.

173. Two Regional Offices will be established in Palakkad and Kollam districts under Backward Class Development Department for effective implementation of welfare schemes.

174. My Government intends to mitigate the issue of unemployment among educated tribal youth by providing appropriate skill development programmes, based on the interest and choice of tribal youth. In order to ensure placements in private and public sectors, the Scheduled Tribe Development Department will set up a 'Virtual Tribal Employment Exchange' by bringing potential employers, industry leaders, line departments and unemployed tribal youth on a common platform. This will bridge the gap between the demand and supply for employment in various sectors.

175. In view of the success achieved by the deployment of 376 Tribal Mentor Teachers in Palakkad and Wayanad Districts, the Department will place an additional 271 mentor teachers in selected primary schools in the remaining districts under the 'Gothrabandhu' (Tribal Mentor Teacher) programme.

176. Under the 'Samuhya Patanamuri' (Community study centre) programme, 500 new community study centres will be established during 2021-22 thereby helping at least 15000 tribal children in achieving academic excellence. It is further intended to upgrade these centres into Multipurpose Community Resource Centres.

177. The Department has been taking conscious efforts to capture sporting talents from tribal students, nurture and groom them towards sporting excellence. In order to further augment this endeavour, the Department intends to start an exclusive Sports Ekalavya Model Residential School in Kasargod District for promoting sports among tribal children.

178. To promote 'Digital Democracy, ‘ Platform Cooperatives’ will be introduced for helping cooperatives to participate in the digital economy. Platform ownership, high quality services, and fair work are powerful points of differentiation that matter to customers and that are not available to any other type of business in the digital economy.

179. A modern rice mill with a production capacity of 200 metric tones per day will be commissioned at Kannambra in Palakkad by the Palakkad Paddy Procurement Processing and Marketing Co-operative Society Ltd. No. P.1449 (PAPCOS).

180.'Punarjani’ a new project will be implemented for the rejuvenation of Scheduled Caste and Scheduled Tribes population through SC/ST Co-operatives.

## SOCIAL JUSTICE

181. Senior Citizens are among the most vulnerable in the society and hence they need special care and attention during the outbreak of Covid-19. The Department of Social Justice has taken precautionary measures based on the guidelines issued by my Government. As part of the COVID containment activities of my Government, the Social Justice Department has introduced a novel initiative "Grand Care Project" for addressing the issues faced by residents of Old age Homes and for those elderly persons with comorbidities who are in reverse quarantine. As part of the Grand Care Project, Anganwadi workers under the Women and Child Development Department established contact with more than 45 lakhs senior citizens over phone and got updates about their health and other needs. The Social Justice Department started a Vayokshema call centre in each district for addressing and resolving the issues faced by senior citizens, providing medicines, telemedicine consultation and counselling to the senior citizens.

182. The Social Justice Department proposes to launch a portal named Karmapadham for the registration of qualified and skilled People with Disabilities (PWDs) through which they can register their details and the employers in the private sector can select the required human resources from among PWDs.

183. It is proposed to develop a web portal solely for senior citizens named Paithrikam in which senior citizens can register and give information about their domain of expertise. Those who want to take these services can access them and make use of it. It is proposed to launch a programme named IT @ Elderly to achieve complete digital literacy among elderly people.

184. My Government proposed to implement a new scheme named Parivarthanam. This scheme aims to provide psycho-social intervention among ex-prisoners and women offenders. The programme will be implemented with the help of technical agencies like NIMHANS and experienced NGOs.

185. We propose to implement Sukrutham-Housing Project for homeless Transgender persons who own land or avail land through Local Self Governments. It is proposed to launch an online portal named ‘ Kiranam’ for qualified skilled and semi skilled Transgender people.

## Women and Child Development

186. The Women and Child Development Department joined hands with online classes based on 30 pre-school themes named 'Kilikkonjal’ and ensured that the early education of pre-school children in the Anganwadis is not disrupted even when Anganwadis are closed due to COVID 19. Posters based on pre-school themes were printed and delivered to the Anganwadi going children.

187. In addition to the food kits and ration, steps were taken to ensure that recognised welfare institutions also received food kits thus taking care of the health of the inmates. 5.2 lakhs children under the age of three years and 4.4 lakhs children aged 3-6 years registered in Anganwadis were provided uninterrupted food take-home ration under the Supplementary Nutrition scheme.

188. Activities of Nirbhaya Programme under Department of Women and Child Development are aimed at implementing the State Nirbhaya Policy for handholding and rehabilitating the survivors of sexual abuse. At present there are 16 women and children homes and 1 SOS home in Kerala. It is necessary to segregate each category of survivors and give proper individual care. Infrastructure is already put in place to start a model home for 200 POCSO survivors in Thrissur and is ready for operationalisation which will be the largest welfare institution under the Department. Educators, skill developers, vocational trainers will support children through their period of education and rehabilitation.

189. Recognizing the potential of the Gender Park's Projects and vision, UN women has partnered with it to upscale and develop the organization as a Gender Hub on a South Asian-South Indian collaborative basis.

## REGULATORY DEPARTMENTS

### General Administration

190. My Government has plans to redevelop and revamp the Government of Kerala properties in New Delhi. The National Buildings Construction Corporation (NBCC) has been engaged as the Project Management Company for redeveloping Travancore Palace, New Delhi.

191. My Government has embarked upon a unique project of creating the ' Samoohya Sannadha Sena'. As on 16th November 2020, 3.66 lakhs volunteers have already been registered. The training of the volunteers is being undertaken and they are being provided e-certification. The project which is part of the 12 Point Projects will provide a major boost to the preparedness of our State particularly to effectively manage possible disasters.

192. My Government has established the Kerala Youth Leadership Academy and has received over 5600 registrations.

## Home

193. My Government has established 79 child friendly Police Stations in Kerala. Three Women Police Stations were also inaugurated in Pathanamthitta, Idukki and Kasargode Districts during 2020. Kerala police introduced a Citizen Centric Mobile App (POL-APP) having 27 state-of-the-art services and introduced the digital traffic offence compounding e-challan system. Under Home Guard recruitment of the Fire and Rescue Department, 30 per cent women reservation has been implemented. It is proposed to appoint 100 Fire Women during the next year. For the speedy disposal of rape and POCSO cases, 28 Fast Track Special Courts were sanctioned, out of which 20 have already started functioning.

194. The State was always a pioneer in adopting technology in policing. Artificial Intelligence projects in the Police Department will be initiated in the year 2021-22. It is proposed to set up a Cyber Security Centre and a Virtual Police Station each at Thiruvananthapuram and Ernakulam. Government has also approved setting up of 15 new Cyber Crime Police Stations and they will be functional at the earliest. Cyber domes in Thiruvananthapuram, Kochi and Kozhikode will be strengthened.

195. Construction of new buildings for District Police Officers at Alappuzha, Ernakulam Rural, Thiruvananthapuram Rural, Malappuram and Kannur Rural is proposed for the year 2021-22.

196. New District Training Centres at Thiruvananthapuram Rural, Kollam Rural, Ernakulam Rural and Thrissur Rural will also be started. New District Control Rooms will be constructed at Kollam City, Idukki, Pathanamthitta, Thrissur City and Kozhikode City.

197. It is proposed to constitute a new Special Task Force to handle any type of major disasters. For providing effective services, it is proposed for new Fire and Rescue stations which will be opened as per priority list under Government consideration.

**Law**

198. As part of the e-Governance project, digitization of case records of the Hon'ble High Court of Kerala will be undertaken. Setting up of model digital courtrooms, implementation of e-office in the Administrative sections of the Hon'ble High Court and a file tracking system for judicial files using barcode system is also proposed to be implemented in the next financial year. Digitization of court records of District Court Complexes at Ernakulam, Thiruvananthapuram and Kozhikode will also be initiated in the next financial year.

199. Under Technical Modernization of Judicial System, the Hon’ ble High Court has proposed CCTV at 18 court halls in District Court Complex, Ernakulam and 31 court halls in District Court Complex, Thiruvananthapuram as an initial phase. Video conferencing facilities will be provided under the scheme to approximate 60 courts.

200. The 4th and last phase of the project of providing infrastructure facilities to the Subordinate Courts is proposed to be implemented during the next financial year. As an initial step of setting up well equipped IT training halls in each District Court complex, it is proposed to set up an IT training hall in one District Court complex during 2021-22.

## Revenue

201. The Chief Minister's Public Adalat scheme has been a big success with active participation from the public. The scheme which is part of the 12 Point Projects has seen regular public adalats being held by all districts with a large number of cases being heard directly by the District Collectors. As on 14th November 2020, 140 adalats have been held with 6,659 complaints received, of which 5299 have been resolved.

202. My Government will set up Devaswom Tribunal to restore the alienated land of Devaswom Boards and proposes to introduce a Bill for the same.

203. My Government implemented a reservation based on economic criteria by earmarking 10% of the post to the economically weaker sections of forward communities in the Devaswom Board appointments.

204. 1.63 lakhs Pattayams have been issued since this Government came into power. My Government proposes to distribute 20000 Pattayams to the landless families during 2021-22.

205. Action has already been initiated by Kerala Land Records Modernisation Mission (KLRMM) to install survey equipment having access to Continuous Operating Reference Station (CORS) for survey and demarcation of land. A Project

Management Unit, KLRMM, has been constituted for the integration of Revenue, Survey and Registration departments for the delivery of Revenue services online. End to end computerization i.e, digitization of all revenue records in villages including maps, registers, accounts in textual form, village information system is proposed to be implemented in Vanchiyoor in Thiruvananthapuram District and Kaduthuruthy village in Kottayam District to deliver prompt and efficient service to citizens on a pilot basis.

206. A comprehensive Revenue Portal will be implemented by integrating Kerala Building Tax Online, HRMS, Land Lease and Land Assignment Management System, Social Security Pension, Relief (Disaster Management Portal) and Land Acquisition Management System.

207. Fund for 186 smart village offices have been approved through plan allocation upto 2021-22. Another 255 smart villages have been approved through Rebuild Kerala Initiative. Out of which the construction of 117 offices have been completed. Renovation of another 937 village offices are also progressing.

208. Kerala is probably the only State that does not provide adequate housing facilities for the IAS officers in State headquarters. It is thus proposed to construct quarters for IAS officers in Thiruvananthapuram so as to ease the woes of young officers posted at the headquarters.

## Treasury

209. The security and functional audit of IFMS will be completed. The treasury modernisation program with respect to additional facilities in treasury offices will be completed. Social audit will be under taken.

## Insurance

210. The insurance department is being revamped to comprehensively address the insurance needs of Government departments and all public sector units and Government related organisations. The target for next year is to double the general insurance and substantially improve the life insurance.

## Legal Metrology

211. The department will implement mobile inspection units for calibration and verification of packaged commodities. A laboratory for the verification of clinical Thermometers and Flow meters measuring the transaction of fuels has been proposed to start at the central laboratory, Kuttanad.

## Planning and Economic Affairs

212. Kerala State Land Use Board(KSLUB) is providing technical support for the prestigious Jalasamrudhi Project implemented in Kattakkada Legislative Assembly constituency. The Department prepares Natural Resources Management Plans and Eco - restoration Plans aiming at conservation of river basins, in Palakkad and Thrissur Districts, with the collaboration of the Local Self Government Institutions. Land Use Decision Models will be prepared for the selected Grama Panchayats which are severely affected by the recent floods and landslides.

213. KSLUB proposes to strengthen the Geo-informatics lab as a state level digital data repository and provide GIS support for watershed based planning under Haritha Keralam Mission and MGNREGS.

## Economics and Statistics

214. The Department of Economics and Statistics proposes to conduct a survey of the Periodic Labour Force intended to capture data about the labour market providing the measurement of labour force indicators in cross classification of age, gender, education, industry, occupation, time disposition, mobility and wages. The volatility in the economy, both in its inter and intra sectoral linkages as well as in the context of economic integration with the rest of the world, is reflected in the domestic labour market.

## Information and Publicity

215. The pandemic threw up challenges in accurate and timely dissemination of information regarding the status of disease in the State. The direct media briefing provided by my Government on a daily basis, shown live through television as well as online news channels, gave up-to-date accurate information to the public. Government orders, circulars and proceedings were uploaded in the official website, daily press releases, short videos and digital posters on COVID-19 awareness were released through official online and social media handles of my Government. Apart from Malayalam and English versions, news and awareness creatives were also released in Hindi, Tamil, Kannada, Odia and Bengali languages, keeping in mind the presence of other State guest workers. Along with the announcement of the first lock-down in March 2020 itself, my Government launched a mobile-app called ‘ GoK Direct’ for hourly notification on COVID-19 situation in Kerala, which could be also used by users without smartphones.

216. My Government' s attempt to reach out to people at the grassroots level was given a new direction through Public Relations Information Service Management (PRISM) programme as part of the Integrated Newsgrid Project. In 2021-22 it has been planned to provide added impetus to this project by enhancing the penetration of information gathering and dissemination by additional deployment of trained personnel, who would closely work with Local Self Government Institutions. Increasing the penetration rate of mobile journalism is expected to provide more coverage and also aid in on-the-spot reporting.

## CONCLUSION

217. My Government has an ambitious agenda for the welfare of all sections of the society and the holistic development of the State. My Government will continue to strive to ensure food, housing, education, justice, gender equality, empowerment and opportunities for all people. My Government is transforming the State for the new age by implementing major projects and schemes to showcase the Best of Economic Growth and Human Development in India.

218. My Government is fully cognizant of the fact that these are ongoing endeavours chasing an ever-changing goal post. The pandemic has adversely impacted the progress of Kerala, as it has the whole world, but my Government is committed to the dream that is Kerala. We strive to overcome and we shall overcome.

'Loka Samasta Sukhino Bhavanthu'

JAI HIND

ബഹുമാനപ്പെട്ട ഗവർണർ രാവിലെ 9.02-ന് ആരംഭിച്ച പ്രസംഗം 11.10-ന് പൂർത്തിയാക്കി.

പ്രസംഗം പൂർത്തിയാക്കി ബഹുമാനപ്പെട്ട ഗവർണർ സ്വന്തം ഇരിപ്പിടത്തിന് മുന്നിലെത്തിയപ്പോൾ പോലീസ് ബാൻഡ് ദേശീയഗാനവാദനം മുഴക്കി.

തുടർന്ന് ബഹുമാനപ്പെട്ട ഗവർണറെ ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി, നിയമസഭാ സെക്രട്ടറി, ഗവൺമെന്റ് ചീഫ് വിപ്പ്, ചീഫ് സെക്രട്ടറി എന്നിവർ ചേർന്ന് നിയമസഭാമന്ദിരത്തിന്റെ പ്രധാന കവാടത്തിലേയ്ക്ക് അനുഗമിച്ച് യാത്രയാക്കി.

ഗവർണറെ യാത്രയാക്കിയശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം തുടർന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ.....ഓർഡർ......., ഗവർണറുടെ പ്രസംഗത്തിന്റെ പകർപ്പുകൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും മാധ്യമപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. (ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശാനുസരണം ഗവർണറുടെ പ്രസംഗത്തിന്റെ പകർപ്പുകൾ നിയമസഭാ സാമാജികർക്കും പത്രപ്രവർത്തകർക്കും വിതരണം ചെയ്തു.)

ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2021 ജനുവരി മാസം 12-ാം തീയതി ആരംഭിക്കുന്നതാണ്. പ്രമേയത്തിന് ഭേദഗതികൾ നൽകാനുദ്ദേശിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ 2021 ജനുവരി 9-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്.

ഓർഡർ, ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജനുവരി മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.20-ന് പിരിഞ്ഞു.)

(ഗവർണറുടെ പ്രസംഗത്തിന്റെ മലയാളം പരിഭാഷ അനുബന്ധമായി ചേർത്തിട്ടുണ്ട്.)

## അനുബന്ധം

<u>ഗവർണറുടെ പ്രസംഗത്തിന്റെ മലയാള പരിഭാഷ</u>

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാന്യരായ നിയമസഭാംഗങ്ങളെ,

1. പതിനാലാം കേരള നിയമസഭയുടെ 22-ാം സമ്മേളനത്തിന് സമാരംഭം കുറിച്ചുകൊണ്ട് കേരളത്തിന്റെ ജനപ്രതിനിധികളുടെ ഈ മഹനീയസഭയെ അഭിസംബോധന ചെയ്യുന്നത് ബഹുമതിയായും വിശേഷാധികാരമായും ഞാൻ കരുതുന്നു.

2. 2016-മേയ് മാസത്തിൽ അധികാരമേറ്റെടുത്തപ്പോൾ മുതൽ എന്റെ സർക്കാർ നിരവധി വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ സാധാരണ സാമൂഹിക ജീവിതത്തിന് കോവിഡ്-19 മഹാമാരി ഗുരുതരമായ വിഘാതം സൃഷ്ടിക്കുകയുണ്ടായി. ലോകത്തെ എല്ലാ രാജ്യങ്ങളും ഈ മഹാമാരി സൃഷ്ടിക്കുന്ന വെല്ലുവിളികൾ വ്യത്യസ്തമായ തോതിൽ നേരിട്ടുകൊണ്ടിരിക്കുകയാണ്. എന്റെ സംസ്ഥാനത്തെ, ജനസംഖ്യയുടെ 9 ശതമാനം വിദേശത്ത് താമസിക്കുന്നവരാണ്. സംസ്ഥാന സമ്പദ്‌വ്യവസ്ഥയ്ക്ക് ഈ മഹാമാരി കനത്ത ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ (GSDP) 12 ശതമാനം, വിദേശത്തുനിന്നും അയയ്ക്കുന്ന നിക്ഷേപങ്ങളായാണ് കേരളത്തിന് ലഭിക്കുന്നത്. 6 ലക്ഷത്തോളം വരുന്ന പ്രവാസികളുടെ തിരിച്ചുവരവ് വിദേശത്തുനിന്ന് അയയ്ക്കുന്ന നിക്ഷേപങ്ങളുടെ വരവിന് വിഘാതം സൃഷ്ടിക്കുകയും സംസ്ഥാനത്തെ ഗണ്യമായ സ്വകാര്യ ഉപഭോഗ ചെലവുകളെ ഇത് പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ഇതിന്റെ നേരിട്ടുള്ള പ്രത്യാഘാതം, സംസ്ഥാനത്തെ സാമ്പത്തിക വളർച്ചയിലുള്ള താഴോട്ടുപോക്കാണ്. എന്റെ സർക്കാർ നിയമിച്ച വിദഗ്ദ്ധ സമിതി 2020-21 സാമ്പത്തിക വർഷത്തെ ജി.എസ്.ഡി.പി.-യിലുണ്ടായ നഷ്ടം 80000 കോടി രൂപയാണെന്ന് കണക്കാക്കുകയും, അത് ജി.എസ്.ഡി.പി.-യുടെ ഏകദേശം 10 ശതമാനവുമാണ്. 1979-80 മുതൽ ആദ്യമായി ദേശീയതലത്തിലും സമ്പദ് വ്യവസ്ഥ, മൊത്തത്തിൽ ഒരു നിഷേധ സാമ്പത്തിക വളർച്ച രേഖപ്പെടുത്തുമെന്നാണ് പ്രതീക്ഷിയ്ക്കുന്നത്.

3. സമ്പദ് വ്യവസ്ഥയിൽ കുത്തനെയുണ്ടായ ഈ ഇടിവ്, സർക്കാരുകളുടെ വരുമാനങ്ങളെ വിവിധ തലങ്ങളിൽ പ്രതികൂലമായി ബാധിക്കും. മഹാമാരി ഏൽപ്പിച്ച ആഘാതത്തിന്റെ ഫലമായി സമ്പദ് വ്യവസ്ഥയിലുണ്ടായ മാന്ദ്യം കാരണം കേരളം ഉൾപ്പെടെയുള്ള സംസ്ഥാന

സർക്കാരുകൾക്ക് തനതായ നികുതി വരുമാനത്തിലുള്ള കുറവ്, വിഭജിച്ചു കിട്ടേണ്ട കേന്ദ്ര നികുതിയിലുള്ള കുറവ് എന്നീ രണ്ട് പ്രതികൂല സാഹചര്യങ്ങളെ അഭിമുഖീകരിക്കേണ്ടിവരും. സംസ്ഥാനത്തിന്റെ നികുതി വരുമാനം കുറയുന്നതിനോടൊപ്പം, ചെലവുകൾ വർദ്ധിക്കുകയും ചെയ്തു. ഇത് എന്റെ സംസ്ഥാനത്തെ ബുദ്ധിമുട്ടുള്ള സാമ്പത്തിക സ്ഥിതിയിലെത്തിച്ചു.

4. എന്റെ സർക്കാർ ഈ വെല്ലുവിളി നേരിട്ട് ഏറ്റെടുക്കുകയും, ലോക്ഡൗൺ കാലയളവിൽ വിശന്നിരിക്കുന്ന ഒരാൾപോലുമുണ്ടാകരുത് എന്ന അതിന്റെ വാഗ്ദാനം നിറവേറ്റുകയും ചെയ്തു എന്ന് ലോകത്തോട് പറയുന്നതിൽ അതീവ സന്തോഷമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കമ്മ്യൂണിറ്റി സന്നദ്ധസേവകരുടെയും സജീവ പങ്കാളിത്തത്തോടെയാണ് ഇത് സാധ്യമായത്. ആവശ്യമുള്ളവർക്ക് ഭക്ഷണം നൽകുന്നതിനായി സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിക്കുകയുണ്ടായി. നമ്മുടെ അതിഥി തൊഴിലാളികൾക്ക് അവരുടെ ഇഷ്ടത്തിനനുസരിച്ചുള്ള ഭക്ഷണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും കോവിഡ്-19 ചികിത്സസൗജന്യമായി നൽകിക്കൊണ്ടിരിക്കുകയാണ്. റേഷൻകാർഡുള്ള എല്ലാ കുടുംബങ്ങൾക്കും സാധന കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തുവരുന്നു.

5. കോവിഡ്-19 സാമൂഹ്യവ്യാപനം തടയുന്നതിന് ഏർപ്പെടുത്തിയ ലോക്ക്ഡൗൺ, സംശയലേശമെന്യേ, വ്യാപാരം, വാണിജ്യം, വ്യവസായം എന്നിവ പോലെയുള്ള സാമ്പത്തിക പ്രവർത്തനമേഖലകളെ തടസ്സപ്പെടുത്തിയിട്ടുണ്ട്. 20000 കോടി രൂപയുടെ പാൻഡെമിക് റിലീഫ് പാക്കേജ് പ്രഖ്യാപിച്ച ഇന്ത്യയിലെ പ്രഥമ സംസ്ഥാനമാണ് കേരളം. ക്ഷേമപെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുന്നതിന് പുറമെ, ഏതെങ്കിലും രീതിയിലുള്ള പെൻഷനുകൾ ലഭിക്കാത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും 1000 രൂപയുടെ ഒറ്റത്തവണ സഹായം ലഭിക്കുന്നുണ്ടെന്ന് എന്റെ സർക്കാർ ഉറപ്പുവരുത്തി. ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) മുഖേന ഏകദേശം 15 ലക്ഷം കുടുംബങ്ങൾക്ക് ഇത് ലഭിച്ചു.

6. കൃഷിയിലും അനുബന്ധ മേഖലകളിലും 'സുഭിക്ഷ കേരളം' പാക്കേജ് പോലെയുള്ള നൂതന ആശയങ്ങൾ എന്റെ സർക്കാർ കൊണ്ടുവന്നു. ഇത് ആയിരക്കണക്കിന് കുടുംബങ്ങളുടെ വരുമാന സ്രോതസ്സാണ് എന്നതിന് പുറമെ ആളുകളുടെ മനോവീര്യം വർദ്ധിപ്പിക്കുകയുമുണ്ടായി.

7. 2020 സെപ്റ്റംബർ 1-ന് എന്റെ സർക്കാർ ഒരു 100 ദിനപരിപാടി പ്രഖ്യാപിക്കുകയുണ്ടായി. ഈ പരിപാടി നിരവധി മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ്. പരിപാടിയുടെ കാലയളവിനുള്ളിൽതന്നെ 50000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളായിരുന്നു ഈ പരിപാടിയുടെ പ്രധാന ആകർഷണം. ലക്ഷ്യമിട്ടിരുന്ന തൊഴിലവസരങ്ങൾക്കുപരിയായി 116440 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞു എന്ന വസ്തുത നിങ്ങളുമായി പങ്കുവയ്ക്കുന്നതിൽ എനിയ്ക്ക് അതിയായ സന്തോഷമുണ്ട്. സംസ്ഥാനത്തെ 16 ഇനത്തിലുള്ള പച്ചക്കറി ഉത്പന്നങ്ങൾക്ക് ഞങ്ങൾ തറവില പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പച്ചക്കറി ഉത്പാദനത്തിന് പ്രോത്സാഹനം നൽകുന്നതിൽ ഇത് ബഹുദൂരം മുന്നോട്ടുപോകും.

8. ജനതയോടുള്ള തുടർച്ചയായ ഉത്തരവാദിത്വത്തിൽ എന്റെ സർക്കാർ വിശ്വസിക്കുന്നു. തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി ഓരോ വർഷവും പൊതുജനമധ്യത്തിൽ വയ്ക്കുന്നുണ്ട്. അതുപോലെ തന്നെ നൂറുദിന പരിപാടി നടപ്പിലാക്കുന്നതിന്റെ പുരോഗതിയും പൊതുജനങ്ങളെ അറിയിച്ചുകൊണ്ടിരിക്കുന്നു. എന്റെ സർക്കാർ, ഇപ്പോൾ രണ്ടാമത് 100 ദിന പരിപാടി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

9. 2020 ജനുവരിയിൽ എന്റെ സർക്കാർ 12 ഇന പരിപാടി പ്രഖ്യാപിക്കുകയും അത് നടപ്പിലാക്കുന്നതിൽ മികച്ച പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട് എന്ന് ഈ മഹനീയ സഭയെ അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. 10000 ആളുകൾക്ക് ഒരു സന്നദ്ധസേവകൻ എന്ന രീതിയിൽ 343000 അംഗങ്ങളുടെ ഒരു കമ്മ്യൂണിറ്റി വോളണ്ടിയർ കോർപ്സ് രൂപീകരിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. യുവജനങ്ങളുടെ പ്രതികരണം തികച്ചും ഉത്സാഹ ജനകമായിരുന്നതിനാൽ, ഇപ്പോൾ നമുക്ക് 3,73000-ത്തിലധികം സന്നദ്ധസേവകരുണ്ട്. അവരുടെ സേവനം ഈ മഹാമാരിയുടെ ഘട്ടത്തിലും മറ്റ് അടിയന്തിരഘട്ടങ്ങളിലും വളരെ വിലപ്പെട്ടതായിരുന്നു. സാമൂഹ്യസന്നദ്ധ സേവകർക്ക് ദുരന്തനിവാരണത്തിൽ ചിട്ടയായ പരിശീലനം നൽകുവാനുള്ള നടപടികൾ എന്റെ സർക്കാർ ആരംഭിച്ചിട്ടുണ്ട്.

10. കോവിഡ്-19 മഹാമാരിയുടെ നിയന്ത്രണവുമായി ബന്ധപ്പെട്ടുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾ ലോകത്താകമാനം പ്രശംസ നേടുകയുണ്ടായി. എന്നാൽ അതിൽ സംതൃപ്തരായി വെറുതെയിരിക്കാൻ

നാം ഉദ്ദേശിക്കുന്നില്ല. കഠിനമായ ഒരു ദൗത്യം നമുക്ക് മുന്നിലുണ്ട് എന്ന് എന്റെ സർക്കാരിന് തികച്ചും ബോധ്യമുണ്ട്. നമുക്ക് ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് 5 ശതമാനമായി കുറയ്ക്കേണ്ടതായിട്ടുണ്ട്. പ്രതിദിനം റിപ്പോർട്ട് ചെയ്യുന്ന പുതിയ കേസ്സുകളുടെ എണ്ണവും നമുക്ക് കുറച്ചുകൊണ്ടു വരേണ്ടതായിട്ടുണ്ട്. കേരളത്തിൽ രോഗം ബാധിച്ചവരിലുള്ള മരണ നിരക്കായ 0.4 ശതമാനം എന്നത് രാജ്യത്തെ ഏറ്റവും കുറഞ്ഞ മരണ നിരക്കാണ്. വയോജനങ്ങളുടെ കാര്യത്തിൽ നമുക്ക് കൂടുതൽ അപകടസാധ്യതകളുണ്ട് എന്ന കാര്യം സംബന്ധിച്ച് നാം ബോധവാന്മാരാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുമേഖലാ ആരോഗ്യ സ്ഥാപനങ്ങളുടെയും സാമൂഹിക സന്നദ്ധ സേവകരുടെയും വിവിധ വകുപ്പുകളിലെ സർക്കാർ ഉദ്യോഗസ്ഥരുടെയും സജീവ പങ്കാളിത്തത്തോടെ ഈ മഹാമാരിയുടെ വ്യാപനം തടയുവാൻ കേരളത്തിന് സാധ്യമാകും എന്ന് നമുക്ക് പ്രതീക്ഷയുണ്ട്.

11. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം കൈമാറുന്നതിൽ എന്റെ സർക്കാരിന് സ്ഥായിയായ നിലപാടാണുള്ളത്. മഹാമാരി ഏൽപ്പിച്ച കനത്ത വെല്ലുവിളികളുടെ ഘട്ടത്തിലും തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ നാം നടത്തുകയുണ്ടായി. പ്രചാരണ പരിപാടികളും വോട്ടിംഗ് നടപടികളും കോവിഡ് പ്രോട്ടോക്കോളിന് അനുസൃതമായാണ് നടത്തുന്നത് എന്ന് ഉറപ്പു വരുത്തുവാൻ നമുക്ക് സാധ്യമായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് അടുത്തിടെ നടത്തിയ തെരഞ്ഞെടുപ്പിൽ ജനങ്ങളുടെ വിശ്വാസം വീണ്ടും നേടുവാൻ എന്റെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഫലപ്രദമായ ജനാധിപത്യ വികേന്ദ്രീകരണത്തിന് ഭാരത സർക്കാർ നമുക്ക് നൽകിയ പ്രഥമസ്ഥാനം ഭാവിയിലും നിലനിർത്തുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

12. നമ്മുടെ ഫെഡറൽ സംവിധാനം വിവിധ കോണുകളിൽനിന്നും വെല്ലുവിളികൾ നേരിടുന്നു. നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന ഘടകത്തിന്റെ ഭാഗമായ ഫെഡറൽ തത്വങ്ങളെ സംരക്ഷിക്കുന്നതിൽ എന്റെ സർക്കാർ മുൻനിരയിലാണ്. സംസ്ഥാനത്തിന്റെ അവകാശങ്ങൾ ഉൾപ്പെടുന്ന എല്ലാ പ്രശ്നങ്ങളും നാം ഭാരത സർക്കാരുമായി ചർച്ച ചെയ്തു വരുന്നുണ്ട്. മഹാമാരിയുടെ ഫലമായുണ്ടായ ചെലവിന്റെ ബാധ്യതയുടെ പശ്ചാത്തലത്തിൽ വായ്പാ പരിധി ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽ നിന്നും 5 ശതമാനമായി ഉയർത്തുക, സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ടതായ ജി.എസ്.റ്റി. നഷ്ടപരിഹാരം ലഭ്യമാക്കുക,

എന്നിവപോലെയുള്ള സാമ്പത്തിക രംഗത്തെ യഥാർത്ഥ ആവശ്യങ്ങൾ ഉന്നയിക്കുന്നതിന് കേരളം നേതൃത്വം നൽകി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള സംഭാവനകൾ 2013-ലെ കമ്പനികൾ ആക്ട് പ്രകാരമുള്ള കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്പെൻഡിംഗിന് കീഴിൽ വരുന്ന ചെലവുകളായി പരിഗണിക്കണമെന്നും എന്റെ സർക്കാർ ആവശ്യപ്പെടുകയുണ്ടായി.

13. ഇന്ത്യൻ ജനാധിപത്യത്തിന്റെ ആണിക്കല്ലായ ഭരണഘടനയുടെ അന്തഃസത്ത കാത്തുസൂക്ഷിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഭരണഘടനയുടെ മൂല്യങ്ങൾ പൗരൻമാർക്കിടയിൽ പരിപോഷിപ്പിക്കുന്നതിൽ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മതേതരത്വത്തിന്റെ മൂല്യങ്ങൾ സംരക്ഷിക്കുന്നതിൽ നാം മുൻനിരയിലാണ്. 2019-ലെ പൗരത്വ (ഭേദഗതി) ആക്ടിന്റെ പരിണിതഫലങ്ങളെ സംബന്ധിച്ച് ആശങ്കകൾ ഉയർന്നുവന്നപ്പോൾ, സമൂഹത്തിലെ ഒരു വലിയ വിഭാഗങ്ങൾക്കിടയിലുണ്ടായ ഭയം ദൂരീകരിക്കുവാൻ നാം നേതൃത്വം നൽകി. എന്റെ സർക്കാർ കേരളത്തിന്റെ മതേതര പാരമ്പര്യങ്ങൾ ശക്തിപ്പെടുത്തുവാൻ പൂർണ്ണമായും പ്രതിജ്ഞാബദ്ധവും സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ മേഖലകളിൽ മതേതരവും പുരോഗമനപരവുമായ മൂല്യങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ പ്രയത്നിക്കുന്നതുമാണ്.

14. സഹകരണ ഫെഡറലിസം അർത്ഥവത്തായിരിക്കണമെന്നും യോജിച്ചു കൊണ്ടുള്ള വികസന പ്രക്രിയയിൽ കേന്ദ്രവും സംസ്ഥാനങ്ങളും തുല്യ പങ്കാളികൾ ആയിരിക്കണമെന്നുമുള്ള കാഴ്ചപ്പാടിൽ എന്റെ സർക്കാർ ഒരിക്കലും യാതൊരു വിട്ടുവീഴ്ചയും ചെയ്തിട്ടില്ല. ഇതിന് വിരുദ്ധമായിട്ടുള്ളതൊന്നും ഫെഡറൽ തത്ത്വങ്ങളുമായി പൊരുത്തപ്പെടുന്നതല്ല. കേന്ദ്രം, സംസ്ഥാനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഫെഡറൽ സംവിധാനത്തിൽ പ്രധാന സ്ഥാനങ്ങൾ വഹിക്കുന്നു. അവർക്ക് ഏൽപ്പിച്ചുകൊടുത്തിട്ടുള്ള നയപരമായ മേഖലകളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള അവരുടെ സ്വാതന്ത്ര്യത്തെ ബഹുമാനിക്കേണ്ടതാണ്. ചില കേന്ദ്രസർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഭരണഘടനയുടെ സീമകൾ ലംഘിക്കുകയും സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള മുൻനിര പദ്ധതികൾക്കും വികസന പ്രവർത്തനങ്ങൾക്കും അത് വിഘാതം സൃഷ്ടിക്കുകയും ചെയ്യുന്നു. ഇത് സത്യസന്ധരും കഠിനാധ്വാനികളുമായ ഉദ്യോഗസ്ഥരുടെ ആത്മവീര്യം കെടുത്തിയിട്ടുണ്ട്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ സഹകരണ ഫെഡറലിസത്തിന് അതിന്റെ അർത്ഥം നഷ്ടപ്പെടുകയും അത് രൂപത്തിൽ മാത്രമായി ഒതുങ്ങുകയും ചെയ്യും. ജനങ്ങളുടെ മുന്നിലും കേന്ദ്രവുമായുള്ള ആശയവിനിമയത്തിലും എന്റെ സർക്കാർ ഇത് വ്യക്തമാക്കിയിട്ടുണ്ട്.

15. കോവിഡ്-19 മഹാമാരിയുടെ പ്രതികൂലമായ ഗുരുതര ആഘാതങ്ങൾ കാരണം നിലവിൽ സാമ്പത്തിക രംഗത്ത് നാം പ്രയാസങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ കോവിഡ്-19 മഹാമാരിയുടെ കാഠിന്യം ലഘൂകരിക്കുന്നതിനും പ്രതികൂലമായി ബാധിക്കപ്പെട്ട സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകൾ പുനരുജ്ജീവിപ്പിക്കുന്നതിനും എന്റെ സർക്കാർ സജീവ നടപടികൾ സ്വീകരിച്ചുവരുന്നു. നമ്മുടെ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനും വിദേശത്തുനിന്നും ജോലി ഉപേക്ഷിച്ച് മടങ്ങി വരുന്നവർ ഉൾപ്പെടെയുള്ള നമ്മുടെ ജനതയ്ക്ക് മതിയായ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു എന്ന് ഉറപ്പുവരുത്തുന്നതിനും നാം ദൃഢനിശ്ചയമെടുത്തിട്ടുണ്ട്.

16. 2021 മേയ് മാസത്തിൽ അഞ്ചുവർഷം പൂർത്തിയാക്കുന്ന എന്റെ സർക്കാർ, അടിസ്ഥാന സൗകര്യ വികസനം, സമഗ്രമായ സാമ്പത്തിക വളർച്ച എന്നിവയ്ക്ക് എല്ലായ്പ്പോഴും പ്രതിജ്ഞാബദ്ധമാണ്. കേരള അടിസ്ഥാനസൗകര്യ നിക്ഷേപ നിധി ബോർഡ് (കിഫ്ബി) വഴി 56000 കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസന പ്രോജക്ടുകൾ നാം ഏറ്റെടുത്തിട്ടുണ്ട്. 2016-ൽ ഉണ്ടായിരുന്ന 600 രൂപയിൽ നിന്നും പ്രതിമാസം 1500 രൂപയായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ എന്റെ സർക്കാർ വർദ്ധിപ്പിച്ചു. ഗുണഭോക്താക്കൾക്ക് എല്ലാ മാസവും പെൻഷൻ വിതരണം ചെയ്യുന്നുണ്ട് എന്ന് നാം ഉറപ്പുവരുത്തി. നമ്മുടെ വാഗ്ദാനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിൽ പരിമിതികൾ ഒരു പ്രതിബന്ധമായില്ല. സമ്പൂർണ്ണ സുരക്ഷാ പാർപ്പിട പദ്ധതിയിൻ (LIFE) കീഴിൽ, 250000 കുടുംബങ്ങൾക്ക് സുരക്ഷിത ഭവനങ്ങൾ ലഭിച്ചു.

17. സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ അന്തരീക്ഷം സൃഷ്ടിക്കുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ് അതുവഴി, സംരംഭകർ കേരളത്തെ ഒരു നിക്ഷേപലക്ഷ്യസ്ഥാനമായി കരുതുന്നതുമാണ്. സംസ്ഥാനത്ത് വ്യവസായങ്ങൾ സുഗമമാക്കുന്നതിനായി നിയമങ്ങൾ കൊണ്ടുവരുന്നതിൽ നാം മികച്ച മുന്നേറ്റം നടത്തിയിട്ടുണ്ട്. നിക്ഷേപത്തിനുള്ള അപേക്ഷകളിൽ ദ്രുതഗതിയിലും സുതാര്യമായ രീതിയിലും നടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് പ്രചോദനം നൽകുന്നതിനുള്ള നടപടികൾ എന്റെ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. എന്റെ സർക്കാർ, പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതിൽ വിശ്വസിക്കുകയും നമ്മുടെ പരിശ്രമങ്ങൾ നല്ല രീതിയിൽ ഫലം കാണുകയും ചെയ്തിട്ടുണ്ട്. മാനവവികസന സൂചകങ്ങളിൽ അഭിമാനാർഹമായ ഒരു സ്ഥാനം വഹിക്കുന്ന കേരളം, നിർമ്മാണ മേഖലയ്ക്കുകൂടി വേണ്ടിയുള്ള ഒരു കേന്ദ്രമായി മാറും എന്ന് നാം പ്രതീക്ഷിക്കുന്നു.

**കോവിഡ്-19 നേരിടുന്നതിനുള്ള നടപടികളും ബന്ധപ്പെട്ട ദുരിതങ്ങളും**

18. സംസ്ഥാനത്തുടനീളം പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഹെൽത്ത് സർവ്വീസ് ഡയറക്ടറേറ്റിൽ 2020 ജനുവരി 24-ന് ഒരു കൺട്രോൾ റൂം സ്ഥാപിച്ചു. അനിവാര്യമായ യാത്രകൾ സുഗമമാക്കുന്നതിനും കേരളത്തിൽ തൊഴിലെടുക്കുന്ന അഞ്ചുലക്ഷം അതിഥി തൊഴിലാളികൾ ഉൾപ്പെടെ ലോക്ക്ഡൗണിൽ അകപ്പെട്ടുപോയ ആളുകളുടെ സംശയങ്ങൾ പരിഹരിക്കുന്നതിനുമായി 24x7 കോവിഡ് വാർ റൂമുകൾ സ്ഥാപിച്ചു.

19. "ബ്രേക്ക് ദ ചെയിൻ" പ്രചരണ പരിപാടിയിലൂടെ കോവിഡ്-19 വ്യാപനം സംബന്ധിച്ച ബോധവത്ക്കരണം സൃഷ്ടിക്കുന്നതിന് മാത്രമായി ഒരു ഇൻഫർമേഷൻ എഡ്യൂക്കേഷൻ & കമ്മ്യൂണിക്കേഷൻ (IEC) പ്രചരണ പരിപാടി ആരംഭിച്ച പ്രഥമ സംസ്ഥാനമായിരുന്നു കേരളം. 2020 ഫെബ്രുവരിയിൽ തന്നെ ഈ പ്രചരണ പരിപാടി ആരംഭിച്ചിരുന്നു. രോഗത്തിന്റെ വ്യാപനം തടഞ്ഞു നിർത്തുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് ബോധവൽക്കരണം സൃഷ്ടിക്കുന്നതിൽ ഈ പ്രചരണ പരിപാടി ബഹുദൂരം മുന്നോട്ടുപോകുകയും സംസ്ഥാനത്തിന് അംഗീകാരങ്ങൾ നേടിക്കൊടുക്കുകയും ചെയ്തു. അതുകൂടാതെ, പോസ്റ്ററുകൾ, വീഡിയോകൾ, പ്രസന്റേഷനുകൾ എന്നിവയിലൂടെ ബോധവൽക്കരണം സൃഷ്ടിക്കുന്നതിനുള്ള പ്രചാരണ പരിപാടികൾ തയ്യാറാക്കി. ആരോഗ്യമേഖലയിലെയും അതുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകളിലെയും ജീവനക്കാർക്കും സന്നദ്ധ സേവകർക്കും പരിശീലനം നൽകുകയുണ്ടായി. 'കേരള ഹെൽത്ത് ഓൺലൈൻ ട്രെയിനിംഗ്,' യൂട്യൂബ് ചാനലും ഔദ്യോഗിക വെബ്സൈറ്റുകളും പരിശീലനം തുടരുകയും ഇ-മെയിലുകളും സാമൂഹ്യ മാധ്യമവേദികളും വഴി അത് വ്യാപിപ്പിക്കുകയും ചെയ്തു.

20. 2020 മാർച്ച് 27-ന് 2020-ലെ കേരള എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ് പ്രസിദ്ധീകരിക്കുകയുണ്ടായി. സംസ്ഥാനത്തെ കോവിഡ്-19 സമഗ്ര നിയന്ത്രണത്തിൽ ആരോഗ്യ സംരക്ഷണത്തിലെ മുൻകരുതൽ, രോഗനിവാരണം, പുനരധിവാസം എന്നീ മൂന്ന് വശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

21. കോവിഡ്-19 പ്രതിരോധത്തിനായി എന്റെ സർക്കാർ സുസ്ഥാപിതമായ ഒരു ഭരണസംവിധാനം ഏർപ്പെടുത്തി. സംസ്ഥാനതലത്തിൽ ഏജൻസികളെ ഏകോപിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു കോർ കമ്മിറ്റി, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ

ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പും കോർ ഗ്രൂപ്പും, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു ആക്ഷൻ ഗ്രൂപ്പ് എന്നിവ കോവിഡ്-19 നിയന്ത്രണ നടപടികൾ സുഗമമാക്കുകയും ദൈനംദിന അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്നതിൽ യഥാസമയമുള്ള ഇടപെടലുകൾ ഉറപ്പുവരുത്തി. തദ്ദേശ സ്വയംഭരണ വകുപ്പുമായി സംയോജിച്ചുകൊണ്ടും, ആരോഗ്യം, റവന്യൂ, പോലീസ് മറ്റു വകുപ്പുകൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ടും കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ നേതൃത്വം നൽകി. ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ജനകീയ പങ്കാളിത്തം,സാമാന്യബോധവൽക്കരണം എന്നിവയ്ക്ക് ഉത്തരവാദിത്തമുള്ള 'റാപ്പിഡ് റെസ്പോൺസ് ടീമുകൾ' വാർഡ് തലത്തിൽ രൂപീകരിച്ചു.

22. പരിശോധിക്കുക, ഐസൊലേറ്റ് ചെയ്യുക, ചികിത്സിക്കുക എന്നീ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR) പ്രോട്ടോകോളാണ് പ്രതിരോധ നിയന്ത്രണ തന്ത്രത്തിൽ അടിസ്ഥാനമാക്കിയത്. സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ എല്ലാ ജില്ലകളിലും മതിയായ പരിശോധനാ സൗകര്യങ്ങൾ ഉറപ്പുവരുത്തി. എല്ലാ ജില്ലകളിലും ദിശ (DISHA) ഹെൽപ്പ് ലൈൻ സെന്ററുകൾ സ്ഥാപിച്ചു. കോവിഡ് പോസിറ്റീവ് ആയ രോഗികൾ, ക്വാറന്റീനിൽ ഉള്ള ആളുകൾ, മനഃശാസ്ത്രപരവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന രോഗികൾ, പ്രത്യേക സഹായം ആവശ്യമായിട്ടുള്ള കുട്ടികൾ, അതിഥി തൊഴിലാളികൾ, ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങൾ എന്നിവർക്കായി, സൈക്കോസോഷ്യൽ സപ്പോർട്ട് കോളുകൾ നടത്തുകയുണ്ടായി.

23. പൗരൻമാർക്ക് പരിശോധനാ സൗകര്യങ്ങൾ, പ്രത്യേകിച്ചും എയർപോർട്ടുകൾ, അതിർത്തി പ്രദേശങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, മറ്റുയാത്രാ ഘട്ടങ്ങൾ, ഷോപ്പിംഗ് മാളുകൾ എന്നിവിടങ്ങളിലെ പ്രവേശനകേന്ദ്രങ്ങളിൽ, ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കോവിഡ്-19 സ്റ്റെപ്പ് (സ്ക്രീനിംഗ്, ടെസ്റ്റിംഗ്, എഡ്യൂക്കേഷൻ, പ്രിവൻഷൻ) കിയോസ്കുകൾ സ്ഥാപിച്ചു. ശബരിമല പോലെയുള്ള പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളിലേക്കുള്ള പാതകളിലും സ്റ്റെപ്പ് കിയോസ്കുകൾ ആരംഭിച്ചിട്ടുണ്ട്.

24. രോഗനിവാരണ സംവിധാനത്തിന്റെ ഭാഗമായി, രോഗികൾക്ക് അവരുടെ വീടുകളിലും, കോവിഡ് ഫസ്റ്റ് ലൈൻ - സെക്കന്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലും, കോവിഡ് ആശുപത്രികളിലും ചികിത്സാ സഹായം നൽകി. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ, ആശുപത്രികൾ, പൊതുആരോഗ്യ സംവിധാനങ്ങൾ എന്നിവിടങ്ങളിലെ മനുഷ്യ വിഭവശേഷി ശക്തിപ്പെടുത്തുന്നതിന് എന്റെ സർക്കാർ കോവിഡ് ബ്രിഗേഡുകൾ സ്ഥാപിക്കുകയും സന്നദ്ധസേവകരിൽ നിന്നും സഹായം ക്ഷണിക്കുകയും ആരോഗ്യവകുപ്പിലെ നിലവിലുള്ള മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി അവരെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ സന്നദ്ധ സേവകർക്ക് വിപുലമായ പരിശീലനം നൽകുകയും സർക്കാരിന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിൽ അവർ സജീവമായ ഒരു പങ്ക് വഹിക്കുകയും ചെയ്തിട്ടുണ്ട്. കമ്മ്യൂണിറ്റി ആരോഗ്യ പ്രവർത്തകർ, ആശ, അങ്കണവാടി പ്രവർത്തകർ എന്നിവർ ക്രമമായി വീടുകളിൽ സന്ദർശനം നടത്തി വയോജനങ്ങളുടെയും സാംക്രമികേതര രോഗങ്ങളുള്ളവരുടെയും (NCDs) സംരക്ഷണം ഉറപ്പുവരുത്തി. പഞ്ചായത്ത് തലത്തിലുള്ള സന്നദ്ധ സേവകരുടെ സംഘങ്ങൾ വീടുകളിൽ ഐസൊലേഷനിൽ കഴിയുന്നവർക്ക് സഹായം നൽകുന്നതിനായി വീടുകളിൽ സന്ദർശനം നടത്തി. രോഗികൾക്കും ക്വാറന്റീനിൽ ഉള്ളവർക്കും ഐസൊലേഷനിലുള്ളവർക്കും സഹായം ആവശ്യമായ മറ്റ് ആളുകൾക്കും ഭക്ഷണം വിതരണം ചെയ്യുന്നതിനായി സംസ്ഥാനത്തുടനീളം കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിച്ചു.

25. പോസ്റ്റ് കോവിഡ് സംരക്ഷണത്തിനും അത് കൈകാര്യം ചെയ്യുന്നതിനുംകൂടി ശ്രദ്ധ നൽകി. പോസ്റ്റ് കോവിഡ് ലക്ഷണങ്ങളുള്ള രോഗികളുടെ പരിപാലനത്തിനായി കോവിഡ് ക്ലിനിക്കുകൾ സ്ഥാപിച്ചു. ഈ ക്ലിനിക്കുകൾ പെരിഫറൽ ആശുപത്രി തലത്തിൽ സ്ഥാപിക്കുകയും താലൂക്ക് ജില്ലാ ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും റഫറൽ ക്ലിനിക്കുകൾ സ്ഥാപിക്കുകയുമുണ്ടായി. കൗൺസിലേഴ്സ് ഉൾപ്പെടെയുള്ള 1200 അംഗങ്ങൾ ഉള്ള പ്രൊഫഷണലുകളുടെ പിന്തുണയോടെ, ദിശ-1056 ഹെൽപ്പ് ലൈനും ജില്ലാ മാനസിക ആരോഗ്യ പ്രോജക്ട് ടീമുകളും ഈ ഘട്ടത്തിലൂടെയുള്ള അവരുടെ മാനസികാരോഗ്യം ഉറപ്പു വരുത്തി.

26. ആരോഗ്യ വകുപ്പ് മുൻനിരയിൽനിന്നു നയിക്കുമ്പോൾ, മറ്റ് എല്ലാവകുപ്പുകളും ശക്തമായ പിന്തുണ നൽകിക്കൊണ്ട് അവരുടെ പങ്ക് വഹിച്ചു. നിർവ്വഹണം, കമ്മ്യൂണിറ്റി കിച്ചൺ, ക്വാറന്റീൻ സെന്ററുകൾ,

സ്ക്രീനിംഗ്, വയോജന സംരക്ഷണം അതുമായി ബന്ധപ്പെട്ട എല്ലാ സംഗതികളിലും കോവിഡ്-19 ചികിത്സേതര മേഖലകളിലും ഉചിതമായതും പ്രസക്തമായതുമായ പങ്ക് വഹിച്ചുകൊണ്ട് റവന്യൂ, പോലീസ്, തദ്ദേശസ്വയംഭരണവകുപ്പുകൾ അവസരത്തിനൊത്ത് ഉയർന്നു.

27. ജില്ലാതലത്തിൽ, കോവിഡ്-19 മഹാമാരി പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുകവഴി റവന്യൂ വകുപ്പ് കോവിഡ്-19 മഹാമാരി ലഘൂകരിക്കുന്നതിൽ ഒരു മുഖ്യപങ്ക് വഹിച്ചുകൊണ്ടിരിക്കുന്നു. താലൂക്ക് തലത്തിൽ റവന്യൂ വകുപ്പിലെ തഹസിൽദാർമാരെ ഇൻസിഡെന്റ് കമാൻഡർമാർ ആയി നിയമിക്കുകയും അവർ കൺട്രോൾ റൂം സ്ഥാപിക്കുക, പൊതുവായ നിരീക്ഷണം നടത്തുക, വിവരശേഖരണം നടത്തുക, തുടർനടപടികൾ സ്വീകരിക്കുക, കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾക്കുവേണ്ടി കെട്ടിടങ്ങൾ കണ്ടെത്തുക, അതിഥി തൊഴിലാളികളുടെ ക്ഷേമം എന്നിവ പോലെയുള്ള എല്ലാ പ്രവർത്തനങ്ങളും വളരെ കാര്യക്ഷമമായി നിർവ്വഹിക്കുകയുണ്ടായി.

28. തദ്ദേശസ്വയംഭരണ സർക്കാരുകൾ കോവിഡ്-19 നിയന്ത്രണത്തിൽ ഒരു നിർണ്ണായക പങ്ക് വഹിച്ചു. ലോക്ഡൗൺ കാലയളവിൽ അവർ സാമൂഹ്യ നിരീക്ഷണത്തിന്റെ ഫീൽഡ് വർക്കുകൾ ഏകോപിപ്പിക്കുകയും വീടുകളിൽ ഐസൊലേഷനിലുള്ളവർക്കും ക്വാറന്റീനിൽ കഴിയുന്നവർക്കും സഹായം നൽകുകയും ഭക്ഷണവും മരുന്നും ക്രമമായി വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും കമ്മ്യൂണിറ്റി കിച്ചണുകൾ നടത്തുകയും ഐ.ഇ.സി. (IEC) പ്രചരണപരിപാടികൾ നടത്തുകയും നിലവിൽ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളുടെയും ഡോമിസെല്ലറി കെയറിന്റെയും മേൽനോട്ടം നടത്തുകയും ചെയ്യുന്നു. മഹാമാരിയെ നേരിടുന്നതിനുള്ള എല്ലാ പ്രയത്നങ്ങളിലും അവർ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

29. പോലീസ് വകുപ്പിന്റെ പ്രയത്നങ്ങളും വളരെ വിലപ്പെട്ടതായിരുന്നു. പൊതുസ്ഥലങ്ങളിൽ സാമൂഹ്യ അകലം ഉറപ്പുവരുത്തിക്കൊണ്ടും ആളുകളുടെ ക്വാറന്റീനും ഐസൊലേഷനും ഉറപ്പുവരുത്തിക്കൊണ്ടും ലോക്ഡൗൺ നടപടികൾ നടപ്പിലാക്കുന്നതിൽ അവർ ഒരു സുപ്രധാന പങ്ക് വഹിച്ചു. കണ്ടെയിൻമെന്റ് സോണുകൾ വിജയകരമായി നടത്തുന്നതിൽ ജില്ലാ ഭരണകൂടത്തെ നല്ലരീതിയിൽ പോലീസ് സഹായിച്ചു.

30. കോവിഡ്-19 മഹാമാരി സംസ്ഥാനത്തെ സാമ്പത്തിക മേഖലകളെയും അതുപോലെ തന്നെ സാമൂഹിക മേഖലകളെയും പ്രതികൂലമായി ബാധിച്ച പശ്ചാത്തലത്തിൽ സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകൾക്ക് ആശ്വാസം നൽകുന്നതിനായി, എന്റെ സർക്കാർ, വിവിധ സാമ്പത്തിക നടപടികൾ നടപ്പിലാക്കി. 20000 കോടി രൂപയുടെ ഒരു പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളതും അതിൽ വിവിധ തരത്തിലുള്ള കുടിശ്ശികകൾ നൽകൽ, പാവപ്പെട്ടവർക്ക് അർഹതപ്പെട്ട ആനുകൂല്യം മുൻകൂട്ടി നൽകൽ, കുടുംബശ്രീ മുഖേന പലിശരഹിത ഉപഭോഗ വായ്പകൾ നൽകൽ എന്നിവ ഉൾപ്പെടുന്നു. 2020 സെപ്റ്റംബർ മുതൽ ക്ഷേമപെൻഷൻ തുക 1400 രൂപയായി വർദ്ധിപ്പിച്ചു. 2021 ജനുവരി 1 മുതൽ അത് 1500 രൂപയായി വീണ്ടും വർദ്ധിപ്പിച്ചു. നടപ്പ് സാമ്പത്തിക വർഷത്തിൽ ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതുവഴി ഉണ്ടാകുന്ന ആകെ സാമ്പത്തിക ബാധ്യത ഏകദേശം 8000 കോടി രൂപയാണ്.

31. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ക്ഷേമനിധി ബോർഡുകളിലെയും അംഗങ്ങളായ ഓരോ ഗുണഭോക്താവിനും എന്റെ സർക്കാർ 1000 രൂപ വീതം വിതരണം ചെയ്തു. വിവിധ ക്ഷേമനിധി ബോർഡുകൾക്ക് കീഴിൽ 31.68 ലക്ഷം ഗുണഭോക്താക്കൾക്ക്, ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ മുഖേന 355.39 കോടി രൂപ വിതരണം ചെയ്തു. കോവിഡ് മഹാമാരിമൂലം ദുരിതം അനുഭവിക്കുന്ന എല്ലാ കുടുംബങ്ങൾക്കും, 300 കോടി രൂപയുടെ സൗജന്യ റേഷൻ വിതരണം ചെയ്തു.

32. പൊതുവിതരണ കേന്ദ്രങ്ങൾവഴി എല്ലാ റേഷൻ കാർഡ് ഉടമകൾക്കും അവശ്യസാധന കിറ്റുകൾ വിതരണം ചെയ്യുവാൻ എന്റെ സർക്കാർ തീരുമാനിച്ചു. അത് ഇപ്പോഴും തുടരുകയും ചെയ്യുന്നു. ഇതിനുള്ള പ്രതിമാസ സാമ്പത്തിക ബാധ്യത 400 കോടി രൂപയാണ്. ഈ കിറ്റിൽ അവശ്യ ഭക്ഷ്യധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, ശുചീകരണത്തിന് ആവശ്യമായ വസ്തുക്കൾ, ആവശ്യമായ മറ്റിനങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ്. 84 ലക്ഷം കുടുംബങ്ങൾക്ക് ഭക്ഷണവും അവശ്യസാധനങ്ങളും നൽകുക എന്ന ബൃഹത്തായ പ്രവർത്തനം കേരള സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ലോക്ക്ഡൗൺ കാലയളവിൽ ഇത് തികച്ചും ഗുണകരമായിരുന്നു. ഉത്സവകാലങ്ങളിൽ സ്പെഷ്യൽ കിറ്റുകൾ വിതരണം ചെയ്തു. ഈ വിഷമഘട്ടങ്ങളിൽ എല്ലാ ജനവിഭാഗങ്ങൾക്കും ഭക്ഷ്യഭദ്രത ഉറപ്പു വരുത്തുവാൻ എന്റെ സർക്കാർ സ്വീകരിച്ച ഒരു പ്രധാന നടപടിയായിരുന്നു ഇത്. ഈ ബൃഹത്തായ ദൗത്യം ഏറ്റെടുത്തതിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് പ്രത്യേക പരാമർശമർഹിക്കുന്നു.

33. മഹാമാരിയുടെ കാലയളവിൽ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ (KSRTC) ജീവനക്കാർ നൽകിയ സേവനം അഭിനന്ദനമർഹിക്കുന്നു. വിദേശത്തുനിന്നും കേരളത്തിൽ തിരികെയെത്തുന്ന 'പ്രവാസി' യാത്രക്കാരെ ക്വാറന്റീൻ സെന്ററുകളിലേയ്ക്ക് കൊണ്ടുപോകുന്നതിനായി തടസ്സമില്ലാതെയുള്ള പ്രവർത്തനംവഴി, കോർപ്പറേഷൻ സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും നിരവധി സർവ്വീസുകൾ നടത്തിയത് എല്ലാവരും പ്രശംസിക്കുകയുണ്ടായി.

34. സംസ്ഥാനത്ത് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള 'ചീഫ് മിനിസ്റ്റേഴ്സ് എന്റർപ്രീണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം' എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കൽ ഘട്ടത്തിലാണ്. വർഷംതോറും 1000 യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം നൽകിക്കൊണ്ട് വരുന്ന 5 വർഷങ്ങളിൽ ആകെ 5000 യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം നൽകുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പരിപാടിയിൽ വായ്പ നൽകുന്നതിന് ആവശ്യമായ ആകെ തുകയായ 1500 കോടി രൂപ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴിയാണ് സമാഹരിക്കുന്നത്. മറ്റ് വ്യവസായ പ്രോത്സാഹന ഏജൻസികളും കേരള ബാങ്കും സമാനമായ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്.

35. കോവിഡ്-19 മഹാമാരിയുടെ, ഫലമായി ഉണ്ടായ വൈഷമ്യങ്ങൾ ലഘൂകരിക്കുന്നതിന് കുടുംബശ്രീയും 4000 കോടി രൂപയുടെ പാക്കേജുകൾ ഏറ്റെടുത്തിട്ടുണ്ട്. 'മുഖ്യമന്ത്രിയുടെ സഹായഹസ്തം' പദ്ധതിയിൽ (Helping Hands) കുടുംബശ്രീ അയൽക്കൂട്ട സംഘങ്ങൾക്ക് ഇത് 2000 കോടി രൂപ നൽകുന്നുണ്ട്. ഈ മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓൺലൈൻ വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കുടുംബശ്രീ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് 2000 കോടി രൂപയുടെ ലാപ്ടോപ്പുകൾ നൽകുന്ന പ്രക്രിയയിലാണ്.

36. മഹാമാരി കാരണമുണ്ടായ നിയന്ത്രണങ്ങൾക്കിടയിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് സുഗമമായി നടത്താൻ കഴിഞ്ഞതിന്റെ നേട്ടത്തിൽ എന്റെ സർക്കാരിന് അഭിമാനിക്കാം. ഈ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗസ്ഥരെയും ഞാൻ അഭിനന്ദിക്കുന്നു. അത്, സംസ്ഥാനത്തെ ഭരണ സംവിധാനത്തിന്റെ കാര്യക്ഷമതയും പ്രതിജ്ഞാബദ്ധതയും വീണ്ടും എടുത്തുകാട്ടുകയും ചെയ്യുന്നു.

**കേരളത്തിന് ലഭിച്ച ബഹുമതികളും അംഗീകാരങ്ങളും**

37. എന്റെ സർക്കാർ ചെയ്ത പ്രവർത്തനങ്ങൾക്ക് ദേശീയവും അന്തർദ്ദേശീയവുമായ അംഗീകാരങ്ങൾ ലഭിക്കുകയുണ്ടായി. നീതി ആയോഗ് തയ്യാറാക്കിയ സസ്റ്റൈനബിൾ ഡെവലപ്മെന്റ് ഗോൾസ് ഇൻഡക്സ് (SDG)-ൽ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങൾക്കിടയിലും കേരളം പ്രഥമ സ്ഥാനത്താണ്. എസ്.ഡി.ജി. ഇൻഡക്സ്, സംസ്ഥാനങ്ങളിലെ സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക നിലവാരം സൂചിപ്പിക്കുന്ന സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും സമഗ്ര വിലയിരുത്തലാണ് ഉദ്ദേശിക്കുന്നത്. 2018-ലെയും 2019-ലെയും ആദ്യത്തെയും രണ്ടാമത്തെയും സൂചികയിൽ കേരളം പ്രഥമ സ്ഥാനത്തായിരുന്നു.

38. പബ്ലിക് അഫയർ സെന്റർ തയ്യാറാക്കിയ 2020-ലെ പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ രാജ്യത്ത് മികച്ച ഭരണം നടത്തുന്ന ഒരു സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുത്തു. സംസ്ഥാനം രാജ്യത്ത് പ്രഥമ സ്ഥാനത്തെത്തുന്നത് ഇത് മൂന്നാം തവണയാണ്.

39. ആരോഗ്യ മേഖല അതിന്റെ അടിസ്ഥാന സൗകര്യവും സേവനം പ്രദാനം ചെയ്യുന്നതും മെച്ചപ്പെടുത്താനുള്ള പരിശ്രമങ്ങളിൽ ദേശീയവും അന്തർദ്ദേശീയവുമായ പ്രശംസനേടി. കോവിഡ്-19 മഹാമാരി പ്രതിരോധിക്കുന്നതിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ എന്റെ സർക്കാർ സ്വീകരിച്ച നടപടികൾ ആഗോള തലത്തിൽ അംഗീകരിക്കപ്പെട്ടു. വികസിത ലോകത്തിലെ നിരവധി രാജ്യങ്ങളിലേതിന് തുല്യമായ കുറഞ്ഞ ശിശു മരണ നിരക്കുള്ള ഏക സംസ്ഥാനമാണ് കേരളം. ഏറ്റവും കുറഞ്ഞ മാതൃമരണ നിരക്കുള്ള സംസ്ഥാനത്തിനുള്ള 2019-ലെ പ്രധാനമന്ത്രി സുരക്ഷിത് മാതൃത്വ അഭിയാൻ അവാർഡ് സംസ്ഥാനത്തിന് ലഭിച്ചു. നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡുകളോടുകൂടിയ മുന്തിയ 12 ഫാമിലി ഹെൽത്ത് സെന്ററുകൾ കേരളത്തിൽ നിന്നുമാണ്. സംസ്ഥാനത്ത് നിന്നുള്ള 55 ഫാമിലി ഹെൽത്ത് സെന്ററുകൾക്ക് എൻ.ക്യു.എ.എസ്. അക്രെഡിറ്റേഷൻ ലഭിച്ചു.

40. 2019-ൽ സംസ്ഥാനത്തിന്, എംപവർമെന്റ് ഓഫ് ദി ഡിഫറന്റ്ലി ഏബിൾഡ് ദേശിയ അവാർഡ് ലഭിച്ചു. എൻ.എച്ച്.എഫ്.ഡി.സി.-യുടെ മികച്ച സംസ്ഥാന ചാനലൈസിംഗ് ഏജൻസിയായി കേരള സംസ്ഥാന ഹാൻഡിക്യാപ്ഡ് വെൽഫെയർ കോർപ്പറേഷനെ തെരഞ്ഞെടുത്തു.

41. റെസ്പോൺസിബിൾ ടൂറിസം മിഷനും ടൂറിസം വകുപ്പിനും, വേൾഡ് ട്രാവൽ മാർക്കറ്റ്, ഏഷ്യാ പസഫിക് ട്രാവൽ അസോസിയേഷൻ അവാർഡുകൾ പോലെയുള്ള നിരവധി അന്തർദ്ദേശീയ അവാർഡുകൾ ലഭിച്ചു.

42. സമഗ്ര ഗതാഗത പദ്ധതിയായ, 'സീംലെസ്സ് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം ഫോർ കൊച്ചി'-യുടെ ഭാഗമായി ആരംഭിച്ച 'സ്മാർട്ട് ബസ് സംരംഭത്തിന്, ഹൗസിംഗ് ആന്റ് അർബൻ അഫയേഴ്സ് കേന്ദ്ര മന്ത്രാലയം സംഘടിപ്പിച്ച അർബൻ മൊബിലിറ്റി ഇന്ത്യാ കോൺഫറൻസിൽ മികച്ച അർബൻ ബസ് സർവ്വീസിനുള്ള അവാർഡ് ലഭിച്ചു. നീതി ആയോഗിന്റെ നാഷണൽ സ്കൂൾ എഡ്യൂക്കേഷൻ ഇൻഡക്സിൽ, സംസ്ഥാനത്തിന് വീണ്ടും പ്രഥമ സ്ഥാനം ലഭിച്ചു.

**ദേശീയരംഗം**

43. കോവിഡ് മഹാമാരി, ഗുരുതരമായ സാമ്പത്തിക തകർച്ചയ്ക്ക് കാരണമാവുകയും സമ്പദ് വ്യവസ്ഥയുടെ ഡിമാൻഡ്-സപ്ലൈ വശങ്ങളെ ബാധിക്കുകയും ചെയ്തു. സമ്പദ് വ്യവസ്ഥയിലുള്ള ആകെ ഡിമാന്റുകളുടെ തകർച്ചയായിരുന്നു ഇതിന്റെ ഫലം. തത്ഫലമായി അതീവ ഗുരുതരമായ സാമ്പത്തിക വലിവുണ്ടാവുകയും ചെയ്തു. ഇന്റർനാഷണൽ ഫണ്ട് (IMF)-ന്റെ അഭിപ്രായത്തിൽ –23 ശതമാനം സാമ്പത്തിക തകർച്ചയോടെ ഇന്ത്യയിൽ ആദ്യപാദത്തിൽ സാമ്പത്തിക വലിവ് അതീവ ഗുരുതരമായിരുന്നു, എന്നാൽ ആഗോള ശരാശരി ഏകദേശം –10 ശതമാനമായിരുന്നു. രണ്ടാം പാദത്തിൽ സാമ്പത്തിക വളർച്ചയിൽ ഒരു തിരിച്ചുവരവ് ഉണ്ടായിരുന്നു എന്നിരുന്നാലും, സാമ്പത്തിക വലിവ് –7.5 ശതമാനത്തിൽ തന്നെ നിലനിന്നു. ഭാരതീയ റിസർവ് ബാങ്കിന്റെ അഭിപ്രായം അനുസരിച്ച് 2020-21-ലെ മൊത്തം നിഷേധ സാമ്പത്തിക വളർച്ച –7.5 ശതമാനമാണെന്ന് പ്രതീക്ഷിക്കുന്നു. ആകെയുള്ള അധിക ബജറ്റ് ചെലവിന്റെ, പ്രത്യേകിച്ചും ആശ്വാസവും ആരോഗ്യ സംരക്ഷണവും സംബന്ധിച്ച ചെലവുകളുടെ കാര്യത്തിൽ സാമ്പത്തിക തകർച്ചയോടുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം പര്യാപ്തമായതല്ല എന്നതാണ് എന്റെ സർക്കാരിന്റെ അഭിപ്രായം. ജി.എസ്.റ്റി. നഷ്ടപരിഹാരം പൂർണ്ണമായും നൽകുന്നതിനുള്ള വിമുഖത, ഈ പ്രതിസന്ധി ഘട്ടത്തിൽ ഒഴിവാക്കാമായിരുന്ന ഒരു വിവാദം സൃഷ്ടിച്ചു. പൂർണ്ണമായ നഷ്ടപരിഹാര ത്തിനുവേണ്ടി ഇപ്പോഴും സംസ്ഥാനങ്ങൾക്ക് 2023 വരെ കാത്തുനിൽക്കേണ്ടതായിട്ടുണ്ട്. സംസ്ഥാനങ്ങൾക്ക് അനുവദിച്ചിട്ടുള്ള അധിക വായ്പ മുൻപെങ്ങുമില്ലാത്തവിധം നിബന്ധനകൾക്ക് വിധേയമാണ്.

44. സാമ്പത്തിക തകർച്ച തൊഴിലില്ലായ്മയെ ബാധിക്കുകയും പങ്കാളിത്ത നിരക്ക് ഭീതിജനകമായ നിലയിലേയ്ക്ക് കുറയ്ക്കുകയും ചെയ്തു. ആഗോള ശരാശരി നിരക്ക് 66 ശതമാനമായിരിക്കെ ഇന്ത്യയുടെ പങ്കാളിത്തനിരക്ക് 40 ശതമാനമാണ്. ആഗോള ഹംഗർ ഇൻഡക്സ് 107 രാജ്യങ്ങൾക്കിടയിൽ, ഇന്ത്യയ്ക്ക് 94-ാമത് സ്ഥാനം നൽകി. വർദ്ധിച്ചുവരുന്ന ഹംഗർ ഇൻഡക്സിന് വിപരീതമായി നടപ്പുവർഷം ഇതുവരെ ഏറ്റവും ധനികരായ 50 ആളുകൾ 14 ശതമാനം കണ്ട് കൂടുതൽ ധനികരായി. അസമത്വങ്ങൾ വർദ്ധിച്ചു. മേൽപ്പറഞ്ഞ പ്രവണതകൾക്കെതിരെ നിലകൊള്ളുക എന്നതാണ് എന്റെ സർക്കാരിന്റെ യത്നം.

45. കേന്ദ്ര സർക്കാർ, പെട്രോളിയം ഉൽപ്പന്നങ്ങളുടെ അഡീഷണൽ/ സ്പെഷ്യൽ എക്സൈസ് ഡ്യൂട്ടി ക്രമമായി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതും അതുവഴി, അന്താരാഷ്ട്ര എണ്ണവിലയിലുള്ള കുറവ് സൃഷ്ടിച്ച മുഴുവൻ അധിക സാധ്യതകളും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. ഡീസലിന്റെ അഡീഷണൽ/ സ്പെഷ്യൽ എക്സൈസ് ഡ്യൂട്ടി 9 മടങ്ങും പെട്രോളിന്റെ 3.5 മടങ്ങും വർദ്ധിപ്പിച്ചു. ഇപ്പോൾ ക്രൂഡോയിലിന്റെ വില സ്ഥായിയായി ഉള്ളതിനാൽ കേന്ദ്ര സർക്കാർ അഡീഷണൽ/സ്പെഷ്യൽ എക്സൈസ് ഡ്യൂട്ടിയിൽ വർദ്ധനവ് വരുത്തുകയും, അതിനാൽ, ഓയിൽ കമ്പനികൾ അവരുടെ മാർജിൻ നിലനിർത്തുന്നതിനായി റീട്ടെയിൽ വില വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അതിന്റെ ഫലമായി ഇന്ധന വിലകൾ വർദ്ധിക്കുകയും പണപ്പെരുപ്പത്തിന് ഇടയാക്കുകയും ചെയ്യുന്നു. അതിനാൽ സാമ്പത്തിക സ്തംഭനാവസ്ഥയോടൊപ്പം വിലകൾ വർദ്ധിക്കുന്ന ഒരു സാഹചര്യമാണ് നമുക്കുള്ളത്. സംസ്ഥാന ധനകാര്യത്തിലെ മറ്റൊരു പ്രതികൂല ആഘാതം, തുടർച്ചയായി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന അഡീഷണൽ/സ്പെഷ്യൽ എക്സൈസ് ഡ്യൂട്ടി, ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സംസ്ഥാനങ്ങൾ പങ്കുവയ്ക്കുന്ന വിഭജിക്കുന്ന നികുതികളുടെ ഭാഗമാകുന്നില്ല എന്നതാണ്.

46. എന്റെ സർക്കാരിന്റെ അഭിപ്രായ പ്രകാരം സംസ്ഥാനത്തിന്റെ അവകാശങ്ങളുടെ ലംഘനം പൊതുസ്വഭാവമായിട്ടുള്ള നിരവധി നിയമ നിർമ്മാണങ്ങൾ കേന്ദ്രം നടത്തിയിട്ടുണ്ട്. ഈ ശ്രേണിയിൽ ഏറ്റവും പുതിയത് വിവാദമായ ലേബർ കോഡും കാർഷിക നിയമങ്ങളുമാണ്. പുതിയ തൊഴിൽ ബില്ലുകൾക്കെതിരായി തൊഴിലാളികളുടെ ഒരു ആൾ ഇന്ത്യാ സമരം ഉണ്ടായി, അത് പുതിയ ലേബർ ബില്ലുകൾക്കെതിരെയുള്ള ഒരു വലിയ സമരമായിരുന്നു. കാർഷിക നിയമങ്ങൾ നിയന്ത്രിത വിപണികളെ ഇല്ലതാക്കുകയും അത് ഫലത്തിൽ മിനിമം താങ്ങുവില ഇല്ലാതാക്കുകയും ചെയ്യും. കോർപ്പറേറ്റ്

ഇടനിലക്കാർക്ക് അനുകൂലമായി വിലപേശൽ അധികാരം നൽകുകയും ചെയ്യും. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ 1955-ലെ അവശ്യ സാധനങ്ങൾ ആക്റ്റിൽ വരുത്തിയ ഭേദഗതികൾ പ്രതികൂലമായി ബാധിക്കുകയും തത്ഫലമായി പൂഴ്ത്തിവെപ്പും കൊള്ളലാഭവും ഉണ്ടാവുകയും ചെയ്യും.

**കൃഷിയും അനുബന്ധ മേഖലകളും**

**വിളകൾ**

47. ഇറക്കുമതി തീരുവ പിൻവലിച്ചതും പ്രാദേശിക വ്യാപാര കരാറുകളും നമ്മുടെ വാണിജ്യവിളകൾക്ക് ആപത്കരമാണെന്ന് തെളിയിക്കപ്പെടുകയും കർഷക സമൂഹത്തിന് ഗുരുതരമായ വരുമാന നഷ്ടമുണ്ടാക്കിക്കൊണ്ട് അവയുടെ ആപേക്ഷിക വിലകൾ ഇടിഞ്ഞു താഴുന്നത് തുടരുകയും ചെയ്യുന്നു. നമ്മുടെ വാണിജ്യവിളകൾക്കുണ്ടായ പ്രതിസന്ധി കേന്ദ്രസർക്കാരിന്റെ നയങ്ങളുടെ പ്രത്യക്ഷഫലങ്ങൾ മൂലമാണെങ്കിലും എന്തെങ്കിലും അധിക സഹായം നൽകുന്നതിന് കേന്ദ്ര സർക്കാർ വിസമ്മതിക്കുകയുണ്ടായി. ശക്തമായ പ്രതിഷേധം പ്രാദേശിക സമഗ്ര സാമ്പത്തിക പങ്കാളിത്തത്തിൽ (RCEP) തൽകാലത്തേയ്ക്ക് ചേരാതിരിക്കുന്നതിന് കേന്ദ്ര സർക്കാരിനെ നിർബന്ധിതമാക്കുകയുണ്ടായി. നമ്മുടെ കാർഷിക മേഖലയെ ദുർബ്ബലപ്പെടുത്തുന്ന പ്രാദേശിക വ്യാപാരക്കരാറുകൾ ഇനിയും കൂടുതൽ ഉണ്ടാകുന്നതിനെതിരെ കേരളജനത ഒറ്റക്കെട്ടായി ജാഗരൂകമായി രിക്കണമെന്നും നമ്മുടെ റബ്ബർ കർഷകർക്ക് ഭാഗിക സഹായമെങ്കിലും നൽകുന്നതിനായി കേന്ദ്രസർക്കാരിനെ പ്രേരിപ്പിക്കണമെന്നും എന്റെ സർക്കാർ കരുതുന്നു.

48. കോവിഡ്-19 പ്രതിസന്ധി ലഘൂകരിക്കുന്നതിന് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി മറ്റു ഒൻപത് വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് കൃഷി വകുപ്പ് 'സുഭിക്ഷ കേരളം' പ്രചരണ പരിപാടി സമാരംഭിച്ചിട്ടുണ്ട്. തരിശു ഭൂമികൾ ഭക്ഷ്യകൃഷി യോഗ്യമാക്കുന്നതിനും പച്ചക്കറി, മുട്ട, പാലുല്പാദനം എന്നിവയിൽ സ്വയംപര്യാപ്തത നേടുന്നതിനും മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും ഇതുകൊണ്ടുദ്ദേശിക്കുന്നു. ഈ പ്രചരണ പരിപാടിക്ക് കീഴിൽ, കർഷകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി 152 ബ്ലോക്കുകളിൽ ബ്ലോക്ക്തല അറിവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കർഷക സമൂഹത്തിന് ശാശ്വതമായ സഹായം നൽകുന്നതിനായി 'സുഭിക്ഷ കേരളം' പ്രചരണപരിപാടിയെ പ്രത്യേക ബഡ്ജറ്റ് വിഹിതത്തോടെ ഒരു സ്കീം ആയി പരിവർത്തനപ്പെടുത്തും.

49. 'ജീവനി - നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം' പ്രചരണപരിപാടി 2020 ജനുവരി 1-ന് സമാരംഭിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 16 പച്ചക്കറികളും പഴവർഗ്ഗങ്ങളും, ഏറ്റവും കുറഞ്ഞ അടിസ്ഥാന വിലയിൽ കർഷകർക്ക് പ്രതിഫലദായകമായി സംഭരിക്കുന്നതിനായുള്ള ഒരു പുതിയ പദ്ധതിയാണ് 'ജീവനി - കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾ ബേസ് പ്രൈസ്.' രാജ്യത്ത് ഇത് ഇത്തരത്തിലുള്ള ആദ്യത്തെ പദ്ധതിയും കർഷകരെ വിലവ്യതിയാനങ്ങളിൽ നിന്നും സംരക്ഷിക്കുന്നതുമാണ്. കൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തീർണ്ണം സർവ്വകാല റെക്കോർഡിൽ എത്തിച്ചുകൊണ്ടും 15 ലക്ഷം ടൺ മൊത്തം ഉത്പാദനം നടത്തിയും പച്ചക്കറി കൃഷി ഒരു വമ്പിച്ച മുന്നേറ്റത്തിന് സാക്ഷ്യം വഹിച്ചു.

50. യുവജനങ്ങളും തിരികെയെത്തിയ പ്രവാസി ഭാരതീയരും ഏറ്റെടുത്ത വായ്പാ ബന്ധിത പദ്ധതികൾക്ക് പദ്ധതി തുകയുടെ ഒരു ഭാഗത്തോടൊപ്പം പലിശ സബ്സിഡിയും നൽകിക്കൊണ്ട് സാമ്പത്തിക സഹായം നൽകും. കേന്ദ്ര സർക്കാരിന്റെ 'അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിന് ' കീഴിൽ അധിക പലിശ ഇളവാക്കലും ഉദ്ദേശിച്ചിട്ടുണ്ട്. യൂത്ത്ക്ലബ്ബുകൾ ഏറ്റെടുത്തിട്ടുള്ള വായ്പാബന്ധിത കാർഷിക പദ്ധതികൾക്കുള്ള സഹായവും വിദ്യാർത്ഥികളിൽ കൃഷിയോടുള്ള താത്പര്യം വികസിപ്പിക്കുന്നതിനും സമ്പാദ്യശീലം വളർത്തുന്നതിനുമുള്ള 'കാർഷിക സഞ്ചയിക' പദ്ധതിയുമാണ് ഉദ്ദേശിക്കപ്പെടുന്ന മറ്റു ഘടകങ്ങൾ.

51. സംസ്ഥാനത്ത് 1333 ഷെൽട്ടറുകൾ നിർമ്മിച്ചുകൊണ്ട്, 12 ഇന പ്രോജക്ടുകളുടെ ഭാഗമായ റെയിൻ ഷെൽറ്റർ പ്രോജക്ട് ലക്ഷ്യമായ 1000 യൂണിറ്റുകളിൽ കവിഞ്ഞു.

52. പ്രതിവർഷം ഒരു കോടി വൃക്ഷത്തൈകളുടെ ബൃഹത്തായ ഫലവൃക്ഷത്തൈ നടീൽ പരിപാടി ആരംഭിച്ചിട്ടുണ്ട്. 80 ശതമാനത്തിനോടടുത്ത് അതിജീവനനിരക്ക് കൃഷി വകുപ്പ് കണക്കാക്കിയിരിക്കുന്നു. ഈ പരിപാടി നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും (MGNREGS) പ്രധാന പങ്ക് വഹിക്കുന്നു.

53. സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭക (MSME) യൂണിറ്റുകൾ മുഖേന മൂല്യവർദ്ധിത ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതായിരിക്കും കാർഷിക മേഖലയിലെ ഇടപെടലിന്റെ പുതിയ ആകർഷണ കേന്ദ്രം. ഗ്രാമീണർക്ക് തൊഴിൽ സൃഷ്ടിക്കുന്നതും കർഷകർക്ക് അധിക വരുമാനദായകവുമായ ഈ അഭിമാന പദ്ധതിയിൽ കൃഷി വകുപ്പിനുപുറമെ സഹകാരികൾ, കുടുംബശ്രീ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയും ഉൾപ്പെട്ടിരിക്കുന്നു.

**മൃഗസംരക്ഷണം**

54. കർഷക സമൂഹത്തിന്റെ ഒരു പ്രധാന അനുബന്ധ വരുമാന മാർഗ്ഗമാണ് കന്നുകാലി വളർത്തൽ. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ 77 കോടി രൂപ ചെലവിൽ മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് സഹായമേകുന്ന ഉപജീവന പിന്തുണ പദ്ധതി നടപ്പാക്കിവരുന്നു.

55. കർഷകർക്ക് 24 മണിക്കൂറും വാതിൽപ്പടി മൃഗചികിത്സാ സേവനം ലഭ്യമാക്കുന്ന മേഖലാതല മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകൾ 77 താലൂക്കുകളിലേയ്ക്ക് വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പാൽ, മാംസം, മുട്ട എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി പരിശ്രമിച്ചു വരികയുമാണ്.

56. മൃഗസംരക്ഷണ മേഖലയിൽ, പ്രത്യേകിച്ച് വ്യാവസായിക ആടുവളർത്തൽ, കാളക്കുട്ടി പരിപോഷണ യൂണിറ്റുകൾ തുടങ്ങിയ മേഖലകളിൽ പുതുസംരംഭങ്ങൾ ഏറ്റെടുക്കുന്നതിനായി മൃഗവിഭവ വികസന പദ്ധതിയിലൂടെ സഹായങ്ങൾ നൽകി പുതുസംരംഭകരേയും കർഷകരേയും പ്രോത്സാഹിപ്പിച്ചു വരികയാണ്.

57. ഇരുപത്തിനാല് മണിക്കൂറും സേവനം പ്രദാനം ചെയ്യുന്ന മൃഗസംരക്ഷണ സ്ഥാപനങ്ങൾക്ക് അധിക ഷിഫ്റ്റുകൾ നൽകി അവയുടെ പദവി ഉയർത്തി വർദ്ധിപ്പിച്ചു വരികയാണ്. കർഷക സൗഹൃദപരമായി മൃഗസംരക്ഷണ വകുപ്പിനെ സമഗ്രമായി പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇത് ചെയ്യുന്നത്.

58. മലബാർ മേഖലയിലെ അധിക പാൽ പ്രതിസന്ധി പരിഹരിക്കുന്നതിനും സംസ്ഥാനത്തെ ക്ഷീര മേഖലയെ സുസ്ഥിരമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

59. നിലവാരം കുറഞ്ഞ തീറ്റയും മറ്റു തീറ്റകളും സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിനെതിരെ കർഷകരുടെയും ഉല്പാദകരുടെയും താത്പര്യാർത്ഥം, അവരുടെ താൽപ്പര്യം സംരക്ഷിക്കുന്നവിധത്തിൽ ഉചിതമായ നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയുണ്ട്. ആയതിലേയ്ക്കായി കേരള സംസ്ഥാന കാലിത്തീറ്റയും കോഴിത്തീറ്റയും ധാതുലവണമിശ്രിതവും (ഉല്പാദനവും വില്പനയും നിയന്ത്രിക്കൽ) ആക്റ്റ് എന്ന ഒരു പുതിയ കാലിത്തീറ്റ നിയമം സംസ്ഥാനത്തിനുവേണ്ടി നിർമ്മിക്കുന്നതാണ്.

**മത്സ്യബന്ധനം**

60. ജനങ്ങൾക്ക് പോഷക സമ്പുഷ്ടമായ ആഹാരം ലഭ്യമാക്കുന്നതിനുവേണ്ടി ആഭ്യന്തര വിപണിയിൽ നല്ല ഗുണമേന്മയുള്ള മത്സ്യത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും അതുവഴി ആളോഹരി മത്സ്യ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള 2020-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ഓർഡിനൻസ് എന്റെ സർക്കാർ പാസ്സാക്കുകയുണ്ടായി. ശുചിത്വ പൂർണ്ണമായി മത്സ്യം കൈകാര്യം ചെയ്യൽ, വിപണനം, സംഭരണം, ഗുണഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മത്സ്യം ഉറപ്പാക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട വില ഉറപ്പുവരുത്തുന്നതിനുംവേണ്ടി മൂല്യവർദ്ധനവും മൊത്തവില ശൃംഖലയുടെ വികസിപ്പിക്കലും എന്നിവയ്ക്ക് കർശന ഊന്നൽ നൽകുന്നതാണ്. കയറ്റുമതി ഗുണനിലവാരം കൈവരിക്കുന്നതിനുവേണ്ടി മത്സ്യത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഓൺ ബോർഡ് സ്ലറി ഐസ് യൂണിറ്റുകളും ബയോ ടോയ്‌ലെറ്റുകളും സ്ഥാപിച്ചുകൊണ്ട് നിലവിലുള്ള മത്സ്യബന്ധന ബോട്ടുകൾ നവീകരിക്കുന്നതിനുവേണ്ടി എന്റെ സർക്കാർ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതാണ്.

61. 2,450 കോടി രൂപയുടെ മുതൽമുടക്കോടു കൂടിയതും എന്റെ സർക്കാരിന്റെ അഭിമാനപദ്ധതിയുമായ മൽസ്യത്തൊഴിലാളി പുനരധിവാസ പദ്ധതിയായ 'പുനർഗേഹ'ത്തിന്റെ ഭാഗമായി വേലിയേറ്റ രേഖയ്ക്ക് അമ്പത് മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് പുനരധിവസിപ്പിക്കുന്നത് 2022-ഓടെ പൂർത്തീകരിക്കുന്നതാണ്. ഒറ്റ വീടുകൾക്കുപുറമെ 5 ജില്ലകളിലായി 7 സ്ഥലങ്ങളിൽ ഉദ്ദേശിച്ചിട്ടുള്ള 92 ഫ്ലാറ്റ് സമുച്ചയങ്ങളിലെ 772 പ്രത്യേക അപ്പാർട്ട്മെന്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

62. എന്റെ സർക്കാർ കിഫ്ബിയുടെ സഹായത്തോടെ ഈ വർഷത്തിൽ നാല് ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളുടെയും തീരപ്രദേശത്തെ 46 സ്കൂളുകളുടെയും നിലവാരമുയർത്തുകയും ചെയ്യും. 60 മാർക്കറ്റുകൾ കൂടി നവീകരിക്കുവാൻ പോകുകയാണ്.

63. കഴിഞ്ഞ ഒരു ദശാബ്ദമായി കടൽത്തീര സംരക്ഷണത്തിനുവേണ്ടി കേന്ദ്രസഹായമൊന്നും ലഭിച്ചിട്ടില്ല. തീരം കടലെടുക്കലിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ഒരു സമഗ്ര തീരസംരക്ഷണ പദ്ധതിക്കുവേണ്ടി കിഫ്ബി ഫണ്ട് ഉപയോഗിച്ചുവരികയാണ്. നടപ്പു സാമ്പത്തിക വർഷത്തിൽ പരപ്പനങ്ങാടി, ചെത്തി എന്നീ പുതിയ മത്സ്യബന്ധന

തുറമുഖങ്ങളുടെ നിർമ്മാണം ആരംഭിക്കുമ്പോൾ തന്നെ നിർമ്മാണത്തിലിരിക്കുന്ന മറ്റു പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തുന്നതാണ്.

64. മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്റെ സർക്കാർ "പൊതുകുളങ്ങളിൽ മത്സ്യകൃഷി" പദ്ധതി നടപ്പിലാക്കി വരുന്നു. 12 ഇന പരിപാടികളുടെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പും മത്സ്യബന്ധന വകുപ്പും ചേർന്നു നടപ്പിലാക്കുന്ന ഈ പദ്ധതി നന്നായി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. അനുയോജ്യമെന്നു കണ്ടെത്തിയ ആകെ 8,158 കുളങ്ങൾ മത്സ്യബന്ധന വകുപ്പ് കരുതലിലെടുത്തിട്ടുണ്ട്. 2020 നവംബർ 14 വരെ 7853 കുളങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്തൃ കൂട്ടായ്മകൾക്ക് നൽകിയിട്ടുള്ളതും ശേഷിക്കുന്നവ നൽകി കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ പദ്ധതി ഗുണമേന്മയുള്ള മത്സ്യത്തിന്റെ ലഭ്യത വർദ്ധിപ്പിച്ചും തൊഴിലിന്റെയും വ്യാപാരത്തിന്റേയും സാധ്യതകൾ പ്രദാനം ചെയ്തുകൊണ്ടും കേരളത്തിൽ ഉൾനാടൻ മത്സ്യകൃഷി വിപുലപ്പെടുത്തുന്നതാണ്.

**സഹകരണം**

65. സഹകരണ സംഘങ്ങളിലൂടെ ഭക്ഷ്യകിറ്റുകൾ, മരുന്നുകൾ, മുഖാവരണങ്ങൾ, സാമൂഹ്യ അടുക്കളകൾക്ക് സഹായം, നീതി മെഡിക്കൽസിലൂടെയും നീതി സ്റ്റോറിലൂടെയും നിരന്തര സേവനം എന്നിവ നൽകിയും നെല്ലിന്റെയും പഞ്ചസാരയുടെയും സംഭരണത്തിലൂടെയും സഹകരണ സംഘങ്ങൾ വഴിയുള്ള പലിശരഹിത വായ്പകൾ തുടങ്ങിയവ നൽകിയും സഹകരണ വകുപ്പ് ലോക്ഡൗൺ കാലത്തും അതിനുശേഷവും വിജയകരമായി ഇടപെട്ടിട്ടുണ്ട്.

66. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിച്ചുകൊണ്ടുള്ള "കേരള ബാങ്ക്" രൂപീകരണമാണ് സഹകരണ മേഖലയിലെ പ്രധാന സംഭവം. സംസ്ഥാനത്തെ ഇപ്പോഴത്തെ രണ്ടാമത്തെ വലിയ ബാങ്കായി ഒരു സഹകരണ ഷെഡ്യൂൾഡ് ബാങ്കിന്റെ ആവിർഭാവം സംസ്ഥാനത്തിന്റെ വികസനത്തിൽ അത്യധികം പ്രാധാന്യമുള്ളതാണ്. വൻതോതിലുള്ള അടിസ്ഥാന സൗകര്യ നിർമ്മാണങ്ങൾക്ക് കിഫ്ബി ധനസഹായം ചെയ്യുമ്പോൾ കേരള ബാങ്ക് കാർഷിക സംസ്കരണ വ്യവസായത്തിലെ സംരംഭകർക്കും ഇതര എം.എസ്.എം.ഇ. മേഖലകൾക്കും ധനസഹായം നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കും.

**പ്രകൃതി വിഭവങ്ങൾ**

**വനവും വന്യജീവിയും**

67. IUCN പ്രസിദ്ധീകരിച്ച റെഡ് ഡേറ്റാ ബുക്കിന്റെ ലിസ്റ്റിൽ ഗുരുതരമായ വംശനാശ ഭീഷണി (Critically Endangered) നേരിടുന്ന 83 സസ്യവർഗ്ഗങ്ങൾ കേരളത്തിൽ ഉണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഗുരുതരമായ വംശനാശ ഭീഷണി നേരിടുന്ന ഈ സസ്യവർഗ്ഗങ്ങളെ വീണ്ടെടുക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള സസ്യവർഗ്ഗ സംരക്ഷണ പരിപാടികൾ ഏറ്റെടുത്തുവരുന്നു.

68. വനഭൂമി ഫലപ്രദമായി സംരക്ഷിക്കുന്നതിന് അതിർത്തി തർക്കങ്ങളിന്മേലുള്ള വ്യവഹാരങ്ങൾ പരമാവധി കുറച്ച്, വനാതിർത്തികൾ സ്വകാര്യ വസ്തുക്കളിൽനിന്നും ഇടമുറിയാതെ സംയോജിപ്പിക്കേണ്ടത് അത്യാവശ്യമാണ്. എല്ലാ വനാതിർത്തികളും ഡിജിറ്റൈസ് ചെയ്യുന്നതിനുവേണ്ടി ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യ (FSI)-യുമായി സഹകരിച്ചുകൊണ്ട് ഒരു പൈലറ്റ് പ്രോജക്ട് സംസ്ഥാനത്തെ ഫോറസ്റ്റ് ഡിവിഷനുകളിലൊന്നിൽ നടപ്പിലാക്കുന്നതാണ്.

69. നമ്മുടെ വനങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അന്തർ-സംസ്ഥാന റോഡിലുടനീളം, തന്ത്രപ്രധാന വനമേഖലയുടെ പ്രവേശനസ്ഥലത്തും പുറത്തു കടക്കുന്നിടത്തും ചെക്പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. തടിയുടെയും മറ്റു വനോല്പന്നങ്ങളുടെയും അനധികൃത കടത്തും ബന്ദിയാക്കിയ/വന്യ മൃഗങ്ങളുടെയും അവയുടെ ഉല്പന്നങ്ങളുടെയും നിയമവിരുദ്ധ നീക്കങ്ങളും ഫലപ്രദമായി തടയുന്നതോടൊപ്പം വനാശ്രിത സമൂഹങ്ങൾ ശേഖരിക്കുന്ന തടിയേതര വനോല്പന്നങ്ങൾ (NTFP) വിപണനം നടത്തുന്നതിനും അവ വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ (VSS/EDCs) വഴി വിപണനം നടത്തുന്നതിനും അവസരമൊരുക്കുന്നതാണ്. അത്തരത്തിലുള്ള പതിനാറ് അന്തർ-സംസ്ഥാന ചെക്പോസ്റ്റുകൾ വനവിഭവങ്ങളുടെ സുതാര്യമായ പരിശോധനയ്ക്ക് സൗകര്യപ്പെടുത്തുന്നതിനും വനശ്രീ ഔട്ട്ലെറ്റുകൾക്ക് ഇടം നൽകുന്നതിനും സംസ്ഥാനത്തിലേയ്ക്കുള്ള സന്ദർശകർക്കുള്ള ഇൻഫർമേഷൻ സെന്ററുകളായി പ്രവർത്തിക്കുവാനും വേണ്ടി സംയോജിത വന പരിശോധനാ താവളങ്ങളായി ഉയർത്തുന്നതുമാണ്.

70. സംസ്ഥാനത്തിന്റെ ഭൂപ്രദേശത്തിന്റെ ഏകദേശം 9 ശതമാനം ധാരാളം സസ്യ ജന്തുവർഗ്ഗങ്ങളുടെ വാസഗൃഹങ്ങളായ സംരക്ഷിത മേഖലകളായി (ദേശീയ ഉദ്യാനങ്ങൾ, കടുവാ സങ്കേതം, വന്യജീവി സങ്കേതങ്ങൾ തുടങ്ങിയവ) പരിപാലിച്ചുവരുന്നു. സംരക്ഷിത മേഖലയുടെ

നെറ്റ്വർക്കിംഗ് വികസിപ്പിക്കേണ്ടത് തദ്ദേശീയ/അപൂർവ്വമായ സസ്യങ്ങളെയും ജന്തുക്കളെയും സംരക്ഷിക്കുന്നതിനും അതേസമയം തന്നെ മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് ഒരു പ്രധാന ആവശ്യകതയായ, സംരക്ഷിത പ്രദേശങ്ങൾ തമ്മിലുള്ള ശൃംഖലാബന്ധം പ്രദാനം ചെയ്യുന്നതിനും അത്യാവശ്യമാണ്. വടക്ക് ശെന്തുരുണി വന്യജീവി സങ്കേതം, കിഴക്ക് കളക്കാട് മുണ്ടന്തുറൈ കടുവ സങ്കേതം, തെക്ക് പേപ്പാറ വന്യജീവി സങ്കേതം എന്നിവയുമായി അത്തരം ബന്ധങ്ങൾ പ്രദാനം ചെയ്യുന്ന കല്ലാർ സങ്കേതം തിരുവനന്തപുരം-കൊല്ലം ജില്ലകളിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സൈലന്റ് വാലി ഡിവിഷനിലെ സൈലന്റ് വാലി ദേശീയ ഉദ്യാനത്തിനുചുറ്റുമുള്ള വനമേഖല അതിന്റെ വടക്ക് തമിഴ്നാട്ടിലെ മുകുർത്തി ദേശീയ ഉദ്യാനം, വടക്ക്- പടിഞ്ഞാറ് കരിമ്പുഴ വന്യജീവി സങ്കേതം, തെക്ക് സൈലന്റ് വാലി ദേശീയ ഉദ്യാനം എന്നിവയുമായി ബന്ധങ്ങൾ പ്രദാനം ചെയ്യുന്നു. യഥാവിധി പൊതുജന ചർച്ചകൾ പൂർത്തിയാക്കി ഈ പ്രദേശങ്ങൾ/ മേഖലകൾ വന്യജീവി സങ്കേതങ്ങളായി പ്രഖ്യാപിക്കപ്പെടുന്നതാണ്.

71. വനം വകുപ്പ് ഒരു കോടി വൃക്ഷത്തൈ നടീൽ യജ്ഞം കാര്യക്ഷമമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. 2020 നവംബർ 14 വരെ ഈ വകുപ്പ് 9.13 ലക്ഷം വൃക്ഷത്തൈകൾ നടുകയും അതിൽ 7.57 ലക്ഷം തൈകൾ അതിജീവിക്കുകയും ചെയ്തു. അവയുടെ അതിജീവനം സംരക്ഷിക്കുന്നതിനുള്ള ഒരു നിരീക്ഷണ സംവിധാനവും നിലവിലുണ്ട്.

**ജലവിഭവം**

72. സംസ്ഥാനത്തെ എല്ലാ നദീതടങ്ങളിലും പ്രവർത്തന ക്ഷമമായിരിക്കുന്ന, വെള്ളപ്പൊക്ക മുന്നറിയിപ്പിന്റെയും ഒഴുക്ക് പ്രവചനത്തിന്റെയും പൂർണ്ണ തോതിലുള്ള ഒരു സംവിധാനം നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റിനു (National Hydrology Project- NHP) കീഴിൽ വികസിപ്പിക്കുവാൻ എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ കാഴ്ചപ്പാടോടെ 2021-ലേക്ക് താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്: പെരിയാർ നദീതടത്തിനുവേണ്ടി ഡെവലപ്പ്മെന്റ് ഒഫ് റിയൽ - ടൈം ഓപ്പറേഷൻ ഓഫ് റിസർവോയേഴ്സ് ഇന്റഗ്രേറ്റഡ് വിത്ത് ഫ്ലെഡ് ഫോർകാസ്റ്റിംഗ് ആന്റ് ഏർളി വാണിംഗ് സിസ്റ്റം; ഭാരതപ്പുഴ നദീതടത്തിൽ വെള്ളപ്പൊക്കവും വരൾച്ചയും നിയന്ത്രിക്കുന്നതിനുവേണ്ടി റിയൽ ടൈം ഡിസിഷൻ സപ്പോർട്ട് സിസ്റ്റം (DSS).

73. ജല വിഭവ വകുപ്പിനെ (WRD) നദീതട ഗ്രൂപ്പുകളായി പുനഃസംഘടിപ്പിക്കുവാനും ജല വിഭവ വകുപ്പ്, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കൃഷി, മത്സ്യബന്ധനം, മറ്റ് തത്പര വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെയുള്ള മുഖ്യ ഏജൻസികൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുന്നതിനും നമ്മൾ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നദീതടങ്ങളുടെ സംരക്ഷണത്തിനും കാര്യനിർവ്വഹണത്തിനും വേണ്ടി രൂപീകരിക്കപ്പെട്ട റിവർ ബേസിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി (RBCMA)യുടെ അധികാരങ്ങളും ചുമതലകളും നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായും കൂടിയാലോചനകൾക്ക് ശേഷവും വിശദമാക്കുന്നതാണ്.

74. കൃഷിയോഗ്യമായ 22 ലക്ഷം ഹെക്ടർ പ്രദേശമുള്ളതിൽ ഏകദേശം 4 ലക്ഷം ഹെക്ടർ മാത്രമാണ് നമ്മുടെ സംസ്ഥാനത്ത് ജലസേചനമുള്ള പ്രദേശം എന്നത് തീർത്തും വിരോധാഭാസമായി കണക്കാക്കാവുന്നതാണ്. നെല്ലിനുള്ള ജലസേചനത്തിൽ വിട്ടുവീഴ്ച വരുത്താതെ നാണ്യവിളകളുടെ ജലസേചന പ്രവർത്തനങ്ങളുടെ ക്രമീകരണത്തിലേയ്ക്ക് ഒരു മാറ്റത്തിനുള്ള സമയം ആയിട്ടുണ്ട്. ഈ ലക്ഷ്യത്തോടെ, വരുംവർഷത്തിൽ കൂടുതൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഇറിഗേഷൻ വകുപ്പ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. വിളകളുടെ അത്യുൽപ്പാദനം കൈവരിക്കുന്നതിനും അതോടൊപ്പം ജല ഉപയോഗത്തിന്റെ കാര്യശേഷി മെച്ചപ്പെടുത്തുന്നതിനുള്ള നൂതന കമ്മ്യൂണിറ്റി മൈക്രോ-ഇറിഗേഷൻ ടെക്നിക്കുകൾ സ്വായത്തമാക്കാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്.

75. പ്രളയ ജലം കുട്ടനാട്ടിൽ നിന്നും കടലിലേക്ക് സുഗമമായി ഒഴുകി പോകുന്നത് ഉറപ്പാക്കുന്നതിനുവേണ്ടി വീയപുരം മുതൽ തോട്ടപ്പള്ളി വരെയുള്ള, തോട്ടപ്പള്ളി സ്പിൽവേയുടെ മുഖ്യ ചാനലിന്റെ ആഴവും വീതിയും വർദ്ധിപ്പിക്കുന്നതിനുള്ള നമ്മുടെ ശ്രമങ്ങൾ എന്റെ സർക്കാർ ഊർജ്ജിതപ്പെടുത്തുന്നതാണ്. കൂടാതെ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ ലഭ്യമായ തുകകൊണ്ട് ഫ്ലഡ് റെഗുലേറ്ററുകളുടെ നിർമ്മാണത്തിനും, തോട്ടപ്പള്ളിയിൽ ഗ്രോയിൻ ഫീൽഡുകൾ നിർമ്മിക്കുന്നതിനും എ.സി. കനാലിന്റെ 2-ഉം, 3-ഉം റീച്ചുകളുടെ പൂർത്തീകരണത്തിനും 2021-22-ലേയ്ക്ക് പദ്ധതി ഇട്ടിട്ടുണ്ട്.

76. ഇൻഡ്യയിലെ എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും 2024-ഓടെ സുരക്ഷിതവും മതിയായതുമായ കുടിവെള്ളം വ്യക്തിഗത ഗാർഹിക ടാപ്പ് കണക്ഷൻവഴി നൽകാനാണ് ജൽ ജീവൻ മിഷൻ (JJM) വിഭാവനം

ചെയ്തിരിക്കുന്നത്. സംസ്ഥാനം 50% ചെലവ് വഹിക്കുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ജെ.ജെ.എം. 2021– 2022 കാലയളവിൽ കേരള ഗ്രാമീണ ജലവിതരണ ശുചിത്വ ഏജൻസിയും കേരള വാട്ടർ അതോറിറ്റിയും മുഖേന 12 ലക്ഷം ഫംഗ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷൻസ് (FHTC) നൽകുവാൻ എന്റെ സർക്കാർ ലക്ഷ്യമിടുന്നു. കേരളത്തിലെ ഗ്രാമീണ ജനതയ്ക്ക് 100% ഗുണമേന്മയുള്ള പൈപ്പ് വെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

77. മണ്ഡല പൂജ-മകര വിളക്ക് സീസണിൽ ശബരിമലയിലെ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു മുഖ്യ പടിയായി സീതത്തോട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് മുതൽ നിലയ്ക്കൽ വരെ ശുദ്ധീകരിച്ച 10 MLD-യിൽ കൂടുതൽ ജലം പൈപ്പുകളിലൂടെ കൊണ്ടുവരുന്ന ഒരു പുതിയ പദ്ധതി ആരംഭിക്കാൻ കേരള വാട്ടർ അതോറിറ്റി പദ്ധതിയിടുന്നു. നിലയ്ക്കലിലേയ്ക്ക് ടാങ്കറുകളിൽ വെള്ളം കൊണ്ടുപോകുന്ന ഇപ്പോഴത്തെ രീതി ഈ പദ്ധതി മാറ്റുന്നതാണ്.

**വ്യവസായവും വാണിജ്യവും**

78. കേരളത്തിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിൽ എന്റെ സർക്കാർ ശ്രദ്ധേയമായ മുന്നേറ്റങ്ങൾ നടത്തിയിട്ടുണ്ട്. എന്റെ സർക്കാർ ഇതുസംബന്ധിച്ച് ലക്ഷ്യബോധത്തോടെയും സമഗ്രവുമായ പരിഷ്കാരങ്ങൾ നടപ്പിലാക്കി വരുന്നു. പ്രധാനമായും പരിഷ്കാരങ്ങൾ നടപ്പിലാക്കി വരുന്ന മൂന്ന് മേഖലകൾ (i) ജില്ലാതല ബിസിനസ്സ് പരിഷ്കരണ കർമ്മ പദ്ധതി (ii) സപ്ത സേവനങ്ങളുടെ ഒഴിവാക്കൽ/സ്വയം പുതുക്കൽ (iii) കേന്ദ്രീകൃത പരിശോധനാ സംവിധാനം നടപ്പാക്കൽ എന്നിവയാണ്. സംസ്ഥാനത്തിന്റെ വ്യാപാര അന്തരീക്ഷത്തിന്റെ ശ്രദ്ധേയമായ പുരോഗതി, സാമ്പത്തിക പ്രവർത്തനം, തൊഴിൽ സൃഷ്ടിക്കുന്നത് വർദ്ധിപ്പിക്കൽ എന്നിവ പരിഷ്കാരങ്ങളുടെ നിർവ്വഹണത്തിൽ പ്രതീക്ഷിക്കപ്പെടുന്നു.

79. സംസ്ഥാനത്തിനകത്ത് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി ഒരു നിക്ഷേപക സൗഹൃദ പരിപാടി ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ് ഉദ്ദേശിക്കുന്നു. ഒരു നിക്ഷേപക സൗഹൃദ കേരളം കെട്ടിപ്പടുക്കുക എന്ന വീക്ഷണം സാക്ഷാത്കരിക്കുന്നതിന് കേരളത്തിലെ വ്യാവസായിക പരിതഃസ്ഥിതി കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി മുഖ്യപരിഷ്കാരങ്ങൾ തുടരുന്നതിനും നടപ്പാക്കുന്നതിനും അത് ലളിതവും വേഗതയേറിയതും സൗഹാർദ്ദപരവുമാക്കുന്നതിനും പ്രതിജ്ഞാബദ്ധമാണ്.

80. സമാശ്വാസ പദ്ധതികൾക്കും എംഎസ്എംഇ-കൾക്കുമുള്ള ധന സഹായത്തിനുമായി 'വ്യവസായ ഭദ്രത' എന്ന പേരിൽ ഒരു പ്രത്യേക പാക്കേജ് ആവിഷ്കരിച്ചിട്ടുള്ളതും പലിശയിളവുചെയ്യൽ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിവരികയും ചെയ്യുന്നു.

81. എന്റെ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിലേയ്ക്കായി അനവധി നടപടികൾ ഏറ്റെടുത്തുവരുന്നു. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ഇപ്പോൾ പൂർണ്ണ തോതിൽ പ്രവർത്തിച്ചു വരികയും ആരോഗ്യ വകുപ്പിന് മരുന്നുകൾ വിതരണം ചെയ്തുവരികയും ചെയ്യുന്നു.

82. കെമിക്കൽ മേഖലയിലെ ഒരു പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, ഒരു 70 റ്റി പി ഡി ഓക്സിജൻ പ്ലാന്റ് ആരംഭിച്ചിട്ടുണ്ട്. ക്യാപ്റ്റീവ് ഉപയോഗത്തിന് ശേഷമുള്ള അധിക ഓക്സിജൻ ആരോഗ്യമേഖലയ്ക്ക് വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. ധാതുമണലിൽ നിന്നും കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിനെ കേന്ദ്രീകരിച്ച് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതാണ്.

83. ഒരു 'ന്യൂട്രലൈസേഷൻ പ്ലാന്റ്' സ്ഥാപിച്ചതിനുശേഷം ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡിന്റെ പ്രവർത്തനം സുഗമമായിത്തീർന്നു. മലിനീകരണം ലഘൂകരിക്കുന്നതിനും പുറന്തള്ളപ്പെടുന്ന മാലിന്യങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുംവേണ്ടി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ഒരു പ്രോജക്റ്റ് നടപ്പിലാക്കുന്നതാണ്.

84. പ്രത്യേകിച്ചും ഹെൽത്ത് ഇലക്ട്രോണിക്സിൽ നൂതനമായ ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി കെൽട്രോണിന്റെ സഹായത്തോടെ ഒരു റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കുന്നതാണ്.

85. സംസ്ഥാനത്തിന്റെ സമ്പൂർണ്ണ വ്യാവസായിക വികസനത്തിനായി കേരളത്തിൽ കൊച്ചി-ബംഗളൂരു വ്യവസായിക ഇടനാഴി (KBIC) വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ എന്റെ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 1876 ഏക്കർ ഭൂപ്രദേശത്ത് പാലക്കാട് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകളുടെ (IMC) മികവുറ്റ ആസൂത്രണം ഇതിനകം ആരംഭിച്ചിട്ടുണ്ട്. പ്രവർത്തനം തുടങ്ങി 5 വർഷത്തിനുള്ളിൽ 10000 കോടി രൂപയുടെ മൊത്ത നിക്ഷേപവും 80000 പരോക്ഷ

തൊഴിലുകളോടൊപ്പം 22000 പ്രത്യക്ഷ തൊഴിലും സാധ്യമായേക്കുമെന്നു പ്രതീക്ഷിക്കുന്നു. പ്രതിവർഷം 585 കോടി രൂപ സംസ്ഥാനത്തിന് നികുതി വരുമാനം പ്രതീക്ഷിക്കുന്നു. എംഎസ്എംഇ. മുഖേന 3000 കോടി രൂപയുടെ നിക്ഷേപവും പ്രതിവർഷം എംഎസ്എംഇ-യിൽ നിന്നും 1,400 കോടി രൂപയുടെ വരുമാനവുമുണ്ടാവും. ആഗോള നിലവാരത്തിൽ മത്സരിക്കാവുന്ന ഹൈടെക് സർവ്വീസുകളും ധനകാര്യ ഹബ്ബും വികസിപ്പിക്കുന്നതിനുള്ള സംയോജിത ആവാസ വ്യവസ്ഥ പ്രദാനം ചെയ്യുന്നതിനായി എറണാകുളം ജില്ലയിൽ ആലുവ താലൂക്കിൽ അയ്യമ്പുഴ വില്ലേജിലെ 540 ഏക്കറിലധികം ഭൂമിയിൽ "ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആന്റ് ട്രേഡ് സിറ്റി" (GIFT City) എന്ന പേരിൽ ഒരു പ്രോജക്റ്റ് വികസിപ്പിക്കുന്നതിനുംകൂടി ഉദ്ദേശിക്കുന്നു. അത്യന്താധുനിക അടിസ്ഥാനസൗകര്യങ്ങളും വികസനത്തിന്റെയും നിക്ഷേപക സൗഹൃദ ഭരണനിർവ്വഹണ സംവിധാനവുമുള്ള ഒരു ലക്ഷ്യസ്ഥാനമെന്ന നിലയിൽ ഈ പ്രോജക്റ്റ് കൊച്ചിയ്ക്ക് ആഗോള ഭൂപടത്തിൽ ഇടം നൽകുമെന്ന് വിഭാവനം ചെയ്യുന്നു.

86. എറണാകുളം ജില്ലയിൽ ഗാർഹികാവശ്യത്തിന് പി.എൻ.ജി.-യും ആട്ടോമൊബൈലുകൾക്ക് സി.എൻ.ജി.-യും വിതരണം ചെയ്യുന്നതിനുള്ള കൊച്ചി സിറ്റി ഗ്യാസ് വിതരണ പദ്ധതി എന്റെ സർക്കാരിന്റെ ഒരു അഭിമാന പദ്ധതിയാണ്. 2020 ഒക്ടോബറോടെ 2,616 ഗ്യാസ് കണക്ഷനുകൾ ചെയ്തുകഴിഞ്ഞു.

**കൈത്തറി**

87. 2016-2017-ൽ ആരംഭിച്ച കൈത്തറി സ്കൂൾ യൂണിഫോം പ്രോജക്റ്റ് തുടരുന്നതാണ്. ഏകദേശം 5900 നെയ്ത്തുകാരും 1,600 അനുബന്ധ തൊഴിലാളികളും ഈ പദ്ധതിയിൽ ഏർപ്പെട്ടിരിക്കുന്നു. 2021-22-ൽ സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 7 വരെ ക്ലാസ്സുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും യൂണിഫോം ലഭ്യമാക്കുന്നതാണ്.

88. എല്ലാ കൈത്തറി - ടെക്സ്റ്റൈൽ ഉല്പന്നങ്ങളും സംസ്ഥാനത്തിനകത്ത് തന്നെ ഡൈ ചെയ്യുന്നതിനും പ്രോസസ്സിംഗിനുംവേണ്ടി 26 കോടി രൂപ ചെലവിൽ കണ്ണൂരിലെ നാടുകാണി കിൻഫ്രാ പാർക്കിൽ ആധുനിക ഡിജിറ്റൽ പ്രിന്റിംഗ് സൗകര്യത്തോടുകൂടിയ ഒരു പുതിയ ഡൈയിംഗ് സെന്റർ ആരംഭിക്കുന്നതാണ്. പ്രതിദിനം 30000 മീറ്റർ തുണി പ്രോസസ് ചെയ്യുന്നതിനുള്ള യന്ത്രോപകരണ ശേഷി സെന്ററിനുണ്ടായിരിക്കും.

89. സംസ്ഥാനത്തെ യന്ത്രത്തറി-ടെക്സ്റ്റൈൽ നിർമ്മാതാക്കളുടെ ഉല്പന്നങ്ങളുടെ വിപണനം നടത്തുന്നതിനായി ടെക്സ് ഫെഡിനു കീഴിൽ ഒരു വിപണന കേന്ദ്രം സ്ഥാപിക്കുന്നതാണ്.

90. സംസ്ഥാനത്തെ കൈത്തറി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് 'കൈത്തറി മിത്ര പദ്ധതി' ക്ലസ്റ്റർ മാതൃകയിൽ നടപ്പിലാക്കുന്നതാണ്. ഓരോ ക്ലസ്റ്ററിനുകീഴിലും 200 നെയ്ത്തുകാർ വീതമുള്ള ഏകദേശം 50 ക്ലസ്റ്ററുകൾ രൂപീകരിക്കും. പ്രതിവർഷം 300 കോടി രൂപയാണ് ഈ ക്ലസ്റ്ററുകളിൽ നിന്നുള്ള പ്രതീക്ഷിത വിറ്റുവരവ്. ഏകദേശം 10000 നെയ്ത്തുകാർക്ക് ഈ പുതിയ പദ്ധതിയിൽനിന്ന് നേരിട്ട് പ്രയോജനം ലഭിക്കും.

91. ഖാദി വില്ലേജ് ഇൻഡസ്ട്രീസിൽ ഗ്രാമീണ വ്യവസായ മേഖലയുടെ കീഴിൽ കൂടുതലായി 1500 പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതും 5000 പുതിയ തൊഴിലുകൾ സൃഷ്ടിക്കുന്നതുമാണ്.

**കയർ, കശുവണ്ടി, മറ്റിനങ്ങൾ**

92. 2021-22-ലെ ഉല്പാദന ലക്ഷ്യം 50000 ടൺ കയറാണ്, ഇത് 2015-16-ലെ 7000 ടണ്ണിൽ നിന്നും 7 മടങ്ങ് വർദ്ധനവാണ്. ഈ ആവശ്യത്തിലേയ്ക്കായി കേരളത്തിലെ തൊണ്ടിന്റെ ഏറ്റവും കുറഞ്ഞത് 20 ശതമാനമെങ്കിലും യന്ത്രവൽകൃത മില്ലുകളിൽ നാരുകളാക്കി സംസ്കരിക്കപ്പെടേണ്ടതാണ്. കയർപിരിക്കലിന്റെ യന്ത്രവൽക്കരണവും പൂർത്തിയാക്കുന്നതാണ്. ഉല്പന്ന നിർമ്മാണ മേഖലയും യന്ത്രവൽക്കരിക്കുന്നതാണ്. കയർ കോമ്പോസിറ്റിന്റെയും ബൈൻഡർലെസ് ബോർഡിന്റെയും വ്യാവസായിക ഉല്പാദനം ആരംഭിക്കുന്നതാണ്. വ്യവസായത്തിന്റെ ശ്രദ്ധ ആഭ്യന്തര കമ്പോളത്തിലേയ്ക്ക്, പ്രത്യേകിച്ച് കയർ ഭൂവസ്ത്രത്തിലേയ്ക്ക് മാറ്റുന്നതാണ്. കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടന 2021-2022-ൽ പൂർത്തീകരിക്കുന്നതാണ്.

93. ആഫ്രിക്കയിൽനിന്നും നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള കാഷ്യൂ ബോർഡ് ഒരു വിജയകരമായ സംരംഭമായിക്കൊണ്ടിരിക്കുകയാണ്. വ്യാവസായിക ഇടപെടലിനുള്ള മുഖ്യ ഏജൻസികളായി കാഷ്യൂ കോർപ്പറേഷനും കാപ്പക്സും തുടരുന്നതാണ്. ഈ ഫാക്ടറികൾ ആധുനിക വത്കരിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതാണ്. സ്വകാര്യ മേഖലകളുടെ പുനരധിവാസത്തിന് ഒരു പാക്കേജ് രൂപീകരിക്കുന്നതാണ്. ഒരു പൊതു ബ്രാൻഡിൽ വിൽക്കുന്നതിനുവേണ്ടി ആഫ്രിക്കൻ രാജ്യങ്ങളിലെ തോട്ടണ്ടി കേരളത്തിൽ സംസ്കരിക്കുന്നതിന് അവരുമായുള്ള സംയുക്ത സംരംഭങ്ങൾക്കുള്ള സാധ്യതകൾ ആരായുന്നത് നമ്മൾ തുടർന്നു കൊണ്ടിരിക്കുന്നതാണ്.

94. ബാംബൂ പ്ലൈവുഡിന്റെയും മറ്റു വിവിധ ഉല്പന്നങ്ങളുടെയും ഉല്പാദനം ബാംബൂ കോർപ്പറേഷൻ വർദ്ധിപ്പിക്കുന്നതാണ്. കരകൗശലമുൾപ്പെടെയുള്ള മറ്റു കുടിൽ വ്യവസായങ്ങൾക്ക് പിന്തുണ നൽകുന്നതാണ്.

**വിവര സാങ്കേതികവിദ്യ**

95. കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, എസ്ഡിസി-1, എസ്ഡിസി-2 എന്നീ രണ്ട് ഡേറ്റാ സെന്ററുകളും ആണ് സംസ്ഥാനത്തിന്റെ ഐ.റ്റി. അടിസ്ഥാന സൗകര്യങ്ങളുടെ നട്ടെല്ല്. ഈ സംവിധാനം പൂർണ്ണമായും നവീകരണ/ഉയർത്തുന്ന പ്രക്രിയയിലാണ്. ഡാറ്റാ സെന്ററുകളുടെ അപ്ഗ്രഡേഷനാണ് 2021-2022-ൽ മുഖ്യശ്രദ്ധ നൽകുന്നത്.

96. പൊതു ഇടങ്ങളിൽ സൗജന്യ ഇന്റർനെറ്റ് നൽകുന്നതിനായി 2000 പബ്ലിക് വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ സജ്ജമാക്കുന്നതാണ്. സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിനും, നിർദ്ധന കുടുംബങ്ങൾക്ക് സൗജന്യമായി ഹൈ-സ്പീഡ് ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകുന്നതും ലക്ഷ്യമാക്കിയുള്ള കെ-ഫോൺ പദ്ധതിയുടെ നടപ്പാക്കൽ നന്നായി പുരോഗമിക്കുന്നു. നിക്ഷിപ്ത താല്പര്യക്കാരുടെ മോശമായ പ്രചരണത്തിന്റെ ലക്ഷ്യമായിട്ടുള്ള ഈ പദ്ധതി നടപ്പാക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

97. സൗജന്യ സോഫ്റ്റ്‌വെയറിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ (ICFOSS) ഇൻഡ്യയിലും വിദേശത്തുമുള്ള സൗജന്യ സോഫ്റ്റ്‌വെയർ സംഘടനകളുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനായുള്ള ഒരു പ്രവർത്തന പദ്ധതിക്ക് ദേശീയവും അന്തർദ്ദേശീയവുമായ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് രൂപം നൽകുന്നതിനായി ICFOSS-നെ ചുമതലപ്പെടുത്തുന്നതാണ്. മലയാളം കംപ്യൂട്ടിംഗിനുള്ള സംസ്ഥാനത്തെ നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുള്ള ICFOSS സാങ്കേതിക വിദ്യയുടെ പ്രാദേശികവൽക്കരണത്തിനായി പത്ത് സോഫ്റ്റ്‌വെയർ സൊല്യൂഷൻസ് പൊതുജനങ്ങൾക്കായി വികസിപ്പിച്ച് നൽകുകയും ഇ-ഗവേർണൻസ് മേഖലയിൽ മലയാള ഭാഷയുടെ സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള ഒരു ഗവേഷണകേന്ദ്രം ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു.

98. മൂന്ന് ദശാബ്ദത്തിലേറെയായി സർക്കാർ മേഖലയിലെ ടെക്നോളജി സൊല്യൂഷൻ പ്രൊവൈഡറായി സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്) ഇപ്പോൾ പ്രവർത്തിച്ചുവരികയാണ്. വരുംവർഷത്തിൽ, മാനേജ്ഡ് സെക്യൂരിറ്റി സർവ്വീസസ് ആന്റ് ആഗ്മെന്റഡ് റിയാലിറ്റിയും, വെർച്വൽ റിയാലിറ്റി സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനും, ഗവേഷണവും, വികസനവും കൂട്ടുന്നതിനും, സെക്യൂരിറ്റി ഡോക്യുമെന്റ് ഫോറൻസിക് ലാബിന്റെ നവീകരണത്തിനും, വെബ് ചാനലുകൾക്കുള്ള വീഡിയോ നിർമ്മാണ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും C-DIT-ന്റെ ഡിജിറ്റൽ ആർക്കൈവിംഗ് സെന്ററിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും C-DIT-നായുള്ള തിരുവനന്തപുരത്തെ ഐ.സി.റ്റി. (ICT) കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിലും, C-DIT ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.

99. "കോവിഡ്-19 ജാഗ്രത" എന്ന ഓൺലൈൻ പോർട്ടൽ സ്ഥാപിക്കുന്നതിൽ ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് നാഷണൽ ഇൻഫർമേറ്റിക്സ് സെന്ററുമായി ചേർന്ന് ഒരു പ്രധാന പങ്ക് വഹിച്ചു. ഇത് സംസ്ഥാനത്തിന് അകത്തേക്കും പുറത്തേക്കും സ്ഥിരമായി യാത്ര ചെയ്യുന്നവർക്ക് രജിസ്റ്റർ ചെയ്യുന്നതിനും കോവിഡ് പ്രോട്ടോകോൾ ലംഘിക്കുന്ന കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിനും, കോവിഡ്-19 ടെസ്റ്റ് ചെയ്ത് പോസിറ്റീവായവർക്ക് സ്വയം രജിസ്റ്റർ ചെയ്യുന്നതിനുമുള്ള ഒരു ഏക സ്റ്റോപ്പ് പോർട്ടൽ ആണ്. ഈ പോർട്ടലിൽ ആശുപത്രികൾ, കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ, കോവിഡ് സെക്കന്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ, ഡൊമിസിലറി കെയർ സെന്ററുകൾ, വെന്റിലേറ്ററുകൾ, കിടക്കകൾ, കിടക്കുന്നവർ എന്നിവയുടെ എണ്ണമടങ്ങിയ വിശദാംശങ്ങൾ തൽസമയ അടിസ്ഥാനത്തിൽ കാണിക്കുന്ന ഒരു ലൈവ് ഡാഷ് ബോർഡുമുണ്ട്.

100. സ്റ്റാർട്ട്-അപ്പ് പ്രോത്സാഹിപ്പിക്കുന്നതിന് ഉയർന്ന മുൻഗണന ലഭിക്കുന്നത് തുടരുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് വിജയകരമായി നടപ്പിലാക്കിയ ധാരാളം നൂതന പരീക്ഷണങ്ങൾ 2021-2022-ൽ വർദ്ധിപ്പിക്കുന്നതിന് നമ്മൾ ഉദ്ദേശിക്കുന്നു.

**വിനോദസഞ്ചാരം**

101. കോവിഡ് വ്യാപനം വിനോദസഞ്ചാര മേഖലയെ സാരമായി ബാധിക്കുകവഴി ഹോട്ടലുകളും സേവന സംവിധാനങ്ങളും അടച്ചുപൂട്ടുകയും

ആയിരങ്ങളെ തൊഴിൽ രഹിതരാക്കുകയും ചെയ്തു. ടൂറിസം വകുപ്പ്, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയേയും കേരള ബാങ്കിനേയും സംയോജിപ്പിച്ച് ആവശ്യാനുസൃതം സാമ്പത്തിക സഹായം ലഭിക്കുന്ന ടൂറിസം തൊഴിലാളി വേതന പിന്തുണ പദ്ധതികളും, സർക്കാർ സഹായ പലിശയോടെയുള്ള മുഖ്യമന്ത്രിയുടെ ടൂറിസം വായ്പാ സഹായ പദ്ധതിയും, കോവിഡ്-19 സമാശ്വാസ സഹായ പാക്കേജ് ആയി ബന്ധപ്പെട്ട കക്ഷികൾക്കായി പ്രഖ്യാപിച്ചിട്ടുണ്ട്.

102. ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ പ്രവർത്തനങ്ങളുടെ കീഴിൽ ഏകദേശം 50000 പേർക്ക് പരിശീലനം നൽകുന്നതിന് വിഭാവനം ചെയ്യുകവഴി വിനോദസഞ്ചാര വ്യവസായവുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെടുത്തി അവരുടെ വരുമാനം ഉറപ്പാക്കിയിട്ടുണ്ട്. നിലവിൽ 6000 പേർ അവരുടെ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് അടുത്ത ഒരു വർഷത്തിൽ 40000 പേർക്ക് പരിശീലനം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

103. വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി നേരിടുന്നതിനായി വിനോദസഞ്ചാര മേഖലയിലെ ജീവനക്കാർക്കായി കേരള സംസ്ഥാന സഹകരണ ബാങ്കുമായി ചേർന്ന് ഒരു വായ്പാ പലിശ ഇളവ് പദ്ധതി സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

104. വ്യവസായത്തെ കോവിഡിന് മുമ്പുള്ള സ്ഥിതിയിലേയ്ക്ക് എത്രയും വേഗത്തിൽ പുനരുജ്ജീവിപ്പിക്കുന്നത് ഉറപ്പാക്കുന്നതിനായി ഊർജ്ജസ്വലമായ വിപണന യത്നങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. പൈതൃക വിനോദസഞ്ചാരത്തിനു നൽകിയ പ്രത്യേക ശ്രദ്ധ തിരുവനന്തപുരം പൈതൃക പദ്ധതിയോടൊപ്പം മുസ്സിരിസും, ആലപ്പുഴയും തലശ്ശേരിയും ഉൾപ്പെടുത്തിക്കൊണ്ട് വീണ്ടും വർദ്ധിപ്പിക്കുന്നതാണ്. മലബാർ വിനോദസഞ്ചാരത്തിലുള്ള ശ്രദ്ധ തുടരുന്നതാണ്.

**തൊഴിലും നൈപുണ്യവും**

105. സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ലോക്ക്ഡൗൺ കാലത്ത് സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് തൊഴിലും നൈപുണ്യവും വകുപ്പ് വളരെ സജീവമായ പങ്ക് വഹിച്ചിരുന്നു. തൊഴിലാളികളുടെ വിശദമായ ഡാറ്റാ ബേസ് പുതുക്കുകയും

ലോക്ക്ഡൗൺ കാലത്ത് പാകം ചെയ്ത ഭക്ഷണവും റേഷനും അവർക്ക് നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ ഫീൽഡ് ലെവൽ ഓഫീസർമാർ സജീവമായ പങ്ക് വഹിക്കുകയും ചെയ്തു. റെയിൽവേ ട്രെയിൻ സർവ്വീസ് പുനരാരംഭിച്ചതിനുശേഷം ഈ തൊഴിലാളികളെ തിരിച്ച് അവരുടെ സ്വന്തം സംസ്ഥാനങ്ങളിൽ എത്തിക്കുകയെന്ന വമ്പിച്ച ദൗത്യവും ഈ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി. റെയിൽവേ സ്റ്റേഷനുകളിൽ അതിഥി തൊഴിലാളികളുടെ ആരോഗ്യ പരിശോധന നടത്തിയതിനുശേഷം, അവർക്ക് സ്വന്തം സംസ്ഥാനങ്ങളിലേക്ക് മടങ്ങുന്നതിനുള്ള സൗകര്യം എന്റെ സർക്കാർ ഒരുക്കി. തൊഴിലും നൈപുണ്യവും വകുപ്പിന്റെ അവസരോചിതമായ പ്രയത്നം കാരണം കേരളത്തിലെ പൊതുജനങ്ങൾക്കിടയിൽ അശാന്തിയോ അതിഥി തൊഴിലാളികൾ തിരികെ സ്വന്തം സംസ്ഥാനത്തേക്ക് റോഡിലൂടെ നടന്ന് പോകേണ്ട പ്രതിസന്ധിയോ ഉണ്ടായില്ല.

106. തൊഴിലിടങ്ങളിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് എന്റെ സർക്കാർ ബദ്ധശ്രദ്ധരാണെന്നതു കൂടാതെ സംസ്ഥാനത്ത് ഒരു "ആക്സിഡന്റ് പ്രിവെൻഷൻ ത്രൂ സേഫ്റ്റി സർവ്വെയലൻസ്" (APSS) പഠനവും നടത്തുകയുണ്ടായി. സമഗ്രവും സുസ്ഥിരവുമായ സാമ്പത്തിക വളർച്ചയും പൂർണ്ണവും ഉല്പാദനപരവുമായ തൊഴിൽ സാഹചര്യങ്ങളും വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് മാന്യമായ തൊഴിലും പ്രോത്സാഹിപ്പിക്കുന്നതാണ് ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ (SDG) 'ഗോൾ 8' ഉന്നമിടുന്നത്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഫാക്ടറികളിൽ കഴിഞ്ഞ പത്ത് വർഷത്തെ അപകടങ്ങളുടെ സ്ഥിതിവിവര കണക്കുകൾ 'ഗോൾ - 8.8'-നെ അടിസ്ഥാനമാക്കി ഉല്പാദനക്ഷമത കൂട്ടുന്നതിനും, അപകടങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനുമായി ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് പ്രത്യേകം രൂപീകരിച്ച 'സാങ്കേതിക വിദഗ്ദ്ധർ' ശേഖരിക്കുകയും പരിശോധിക്കുകയും ചെയ്തു.

107. സംസ്ഥാന സർക്കാരിന്റെ "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്" സംരംഭങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് "ഫാബ്സേഫ്" (FABSAFE) എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഓൺലൈൻ സിസ്റ്റം (FABOS) എന്ന വെബ് പോർട്ടൽ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രധാന സേവനങ്ങൾ പ്രദർശിപ്പിക്കുന്നതിനായി 2015 മുതൽ നിലവിലുണ്ട്.

**അടിസ്ഥാന സൗകര്യം**

**പൊതുമരാമത്ത്**

108. എന്റെ സർക്കാർ ദശാബ്ദങ്ങളോളം മുടങ്ങിക്കിടന്നിരുന്ന എൻ.എച്ച് 66-ന്റെ വികസനം കേരളത്തിലുടനീളമുള്ള 568 കിലോമീറ്റർ 4/6 വരിയായി ഉയർത്തിക്കൊണ്ട് പുനരാരംഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന് പ്രതീക്ഷിക്കുന്ന 21000 കോടി രൂപയുടെ ചെലവ് ഉൾപ്പെടെ ആകെ പദ്ധതി ചെലവ് ഏകദേശം 45000 കോടി രൂപയാണ്. കഴക്കൂട്ടം-മുക്കോല സ്ട്രെച്ചിന്റെ പണി പൂർത്തീകരിച്ച് ഉദ്ഘാടനം കഴിയുന്നതോടൊപ്പം തലശ്ശേരി ബൈപ്പാസിന്റെയും മുക്കോല മുതൽ തമിഴ്നാട് അതിർത്തി വരെയുമുള്ള പണി നടന്നുവരികയുമാണ്. നിലവിലുള്ള ദേശീയ പാതകളുടെ നിലവാരം ഉയർത്തുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ 25% വഹിക്കുന്നതിന് സമ്മതിച്ചിട്ടുള്ള ഒരേ ഒരു സംസ്ഥാന സർക്കാർ എന്റെ സർക്കാർ ആണ്. ധാരണാപത്രം ഒപ്പുവച്ചശേഷം NHAI-യ്ക്കും CALA യൂണിറ്റുകൾക്കും ഇതുവരെ ചെലവായ ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ സംസ്ഥാന വിഹിതമായി 452 കോടി രൂപ എന്റെ സർക്കാർ കൈമാറിയിട്ടുണ്ട്. ദീർഘകാലമായി കാത്തിരുന്നതും മുടങ്ങിക്കിടന്നിരുന്നതുമായ പദ്ധതികളായ കൊച്ചിയിലെ വൈറ്റില, കുണ്ടന്നൂർ മേൽപ്പാലവും ആലപ്പുഴ ബൈപ്പാസും എന്റെ സർക്കാർ പൂർത്തീകരിച്ചിട്ടുണ്ട്.

109. എല്ലാ കാലാവസ്ഥയ്ക്കുമുള്ള ഒരു സെമി എലിവേറ്റഡ് ആലപ്പുഴ ചങ്ങനാശേരി റോഡ് (AC Road) ഈ വർഷം തയ്യാറാകുന്നതാണ്. കോഴിക്കോടിനെയും വയനാടിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ആനക്കാംപൊയിൽ-കല്ലടി-മേപ്പാടി തുരങ്കപാതയ്ക്ക് വേണ്ടിയുള്ള സർവ്വേ ജോലികളുടെ ഉദ്ഘാടനം കഴിഞ്ഞിട്ടുള്ളതാണ്. താമരശ്ശേരി ചുരം റോഡിന് വേണ്ടിയുള്ള 6.8 കിലോമീറ്റർ ബൈപ്പാസ് രാജ്യത്തെ മൂന്നാമത്തെ ഏറ്റവും നീളമുള്ള അണ്ടർപാസ് ആയിരിക്കുകയും ഇത് 4 വർഷത്തിനുള്ളിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. ഇത് കോഴിക്കോട് ആനക്കാംപൊയിലിനെയും വയനാട്ടിലെ മേപ്പാടിയെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു ബദൽ പാതയെന്ന ജനങ്ങളുടെ ദീർഘകാല ആവശ്യത്തിനുള്ള ഒരു ആത്യന്തിക പരിഹാരവും രണ്ട് ജില്ലകൾ തമ്മിലുള്ള ഗതാഗതം സുഗമമാക്കുന്നതുമാണ്.

110. എന്റെ സർക്കാർ ദേശീയ പാതകളിലെയും സംസ്ഥാന പാതകളിലെയുമുള്ള യാത്രക്കാർക്കായി ലോകോത്തര സൗകര്യങ്ങൾ നല്കുന്നതിനായി വേ സൈഡ് അമിനിറ്റീസ് പ്രോജക്ട് നടപ്പാക്കുന്ന പ്രക്രിയയിലാണ്. വേ സൈഡ് അമിനിറ്റീസിൽ ഇന്ധന സ്റ്റേഷനുകൾ, വിശ്രമ മുറികൾ, റിപ്പയർ സെന്ററുകൾ, ഭക്ഷണശാലകൾ, കൺവീനിയൻസ് സ്റ്റോറുകൾ മുതലായവ യാത്രക്കാരുടെ സൗകര്യത്തിനായി ഉണ്ടായിരിക്കുന്നതാണ്.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവ്**

111. റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പ്രോഗ്രാം (RKDP) വികസിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും നിരീക്ഷിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) ലോക ബാങ്ക്, കെ.എഫ്.ഡബ്ല്യൂ (ജർമ്മൻ ബാങ്ക്) എന്നിവ പോലെയുള്ള വിവിധ ബൈലാറ്ററൽ ഫണ്ടിംഗ് ഏജൻസികളിൽനിന്നും പണം സമാഹരിക്കുകയുണ്ടായി. RKI-യുടെ കീഴിലുള്ള പുനർനിർമ്മാണ പ്രക്രിയ നടപ്പിലാക്കൽ ഘട്ടത്തിലെത്തിക്കഴിഞ്ഞിട്ടുള്ളതും 11 വകുപ്പുകൾക്ക് കീഴിലെ പ്രോജക്ടുകൾക്ക് 6679.20 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അവയിൽ ഏറെയും ഇപ്പോൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

**തുറമുഖങ്ങൾ**

112. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനം അതിവേഗം മുന്നേറിക്കൊണ്ടിരിക്കുന്നതും തുറമുഖ പ്രവർത്തനങ്ങൾക്കായുള്ള കെട്ടിടം 2020 സെപ്റ്റംബറിൽ ഉദ്ഘാടനം ചെയ്തിട്ടുള്ളതുമാണ്. തുറമുഖ ഉരുക്കളുടെയും വകുപ്പിലെ യാനങ്ങളുടെയും സർവ്വീസും അറ്റകുറ്റപ്പണികളും ഏറ്റെടുക്കുന്നതിന് സജ്ജമാക്കുന്നതിനായി കൊല്ലത്തെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വർക്ക്ഷോപ്പിനെ നവീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. മേഖലയുടെ വികസനത്തിനായി ഒരു ഉൽപ്രേരകമായി പ്രവർത്തിക്കുന്നതിന് അഴീക്കൽ തുറമുഖത്തിനെ ഘട്ടംഘട്ടമായി വികസിപ്പിക്കുന്നതിനുകൂടി ഉദ്ദേശിക്കുന്നു. ഒരു അധിക ബെർത്ത് നിർമ്മിച്ചുകൊണ്ട് ബേപ്പൂർ തുറമുഖം വിപുലീകരിക്കുന്നതായിരിക്കും.

**ഊർജ്ജം**

113.12 ഇന പദ്ധതികളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കേരളത്തിലുടനീളമുള്ള 6.5 ലക്ഷം പരമ്പരാഗത ബൾബ് അടിസ്ഥാനമാക്കിയുള്ള തെരുവ് വിളക്കുകളെ ഊർജ്ജ സംരക്ഷണത്തിനുള്ള LED തെരുവ് വിളക്കുകളായി മാറ്റി സ്ഥാപിക്കുന്നതിനുള്ള' ' നിലാവ്'' പദ്ധതി എന്റെ സർക്കാർ വികസിപ്പിച്ചു വരുന്നു. ഈ മാറ്റം പരിസ്ഥിതിക്ക് ഒരു പുത്തൻ ഉണർവ് നൽകുകയും വൈദ്യുതിയുടെ മൊത്തത്തിലുള്ള ആവശ്യകത കുറയ്ക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വൈദ്യുത ബില്ലുകളിൽ കുറവ് വരുത്തുകയും ചെയ്യും. ആവർത്തന ചെലവിലെ ലാഭം മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഉപയോഗിക്കുവാൻ കഴിയുന്നതാണ്.

**ഉൾനാടൻ ജലഗതാഗതം**

114. ഇൻഡ്യയിലെ ആദ്യത്തെ സോളാർ ഇലക്ട്രിക് റോറോ സർവ്വീസും കേരളത്തിലെ ആദ്യത്തെ ആംഫീബിയസ് വാട്ടർ ബസ്സും 2021-2022 വർഷത്തിൽ ആരംഭിക്കാൻ ജലഗതാഗത വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ദേശീയ ജല പാതകളുടെ സാധ്യതകൾ വിനിയോഗിച്ചുകൊണ്ട് ചരക്ക് നീക്കത്തിനായുള്ള ബാർജ്ജ് സർവ്വീസും ആരംഭിക്കാൻ ഈ വകുപ്പ് സജ്ജമാകുന്നതാണ്. കൂടുതൽ സൗരോർജ്ജ ബോട്ടുകൾ ആരംഭിക്കുവാൻ വകുപ്പ് പദ്ധതിയിടുന്നു.

115. ആലപ്പുഴ, എറണാകുളം, പയ്യന്നൂർ, കൊല്ലം എന്നിവിടങ്ങളിലെ വിനോദ സഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലേയ്ക്ക് കൂടുതൽ അതിവേഗ പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസ് ആരംഭിക്കുന്നതിനും വകുപ്പ് പദ്ധതിയിടുന്നു. മലിനീകരണം കുറയ്ക്കുന്നതിനുള്ള ഒരു നടപടിയായി ആലപ്പുഴ മേഖലയിൽ ഇലക്ട്രിക് ബോട്ട് സർവ്വീസിന്റെ സാധ്യതാ പഠനങ്ങൾ ഈ വകുപ്പ് നടത്തുകയുണ്ടായി.

116. കൊച്ചിൻ ഷിപ്പ്യാർഡിൽ 100 പേരെ ഉൾക്കൊള്ളാൻ കഴിയുന്ന 23 ബോട്ടുകളുടെ നിർമ്മാണത്തോടെ കൊച്ചി വാട്ടർ മെട്രോ പദ്ധതി നല്ല പുരോഗതി കാണിക്കുന്നുണ്ട്. മറ്റ് പദ്ധതി പ്രവർത്തനങ്ങളായ 16 ടെർമിനലുകളുടെയും ഫ്ലോട്ടിംഗ് പോൺടൂൺസിന്റെയും നിർമ്മാണവും നന്നായി പുരോഗമിക്കുന്നു. 2021 ജനുവരിയിൽ ഇന്റഗ്രേറ്റഡ് വാട്ടർ ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ പ്രവർത്തനം ആരംഭിക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്.

**തുറമുഖ എഞ്ചിനീയറിംഗ്**

117. കടലിലെ പ്ലാസ്റ്റിക് മാലിന്യക്കുമ്പാരം കുറയ്ക്കുന്നതിനും പ്ലാസ്റ്റിക് ശല്യത്തിൽനിന്നും ജല ജീവികളെ പരിപാലിക്കുന്നതിനും ലക്ഷ്യമിടുന്ന ശുചിത്വ സാഗരം (Clean Sea) പദ്ധതി കൂടുതൽ തുറമുഖങ്ങളിലേയ്ക്ക് വ്യാപിപ്പിക്കും. പാരമ്പര്യേതര തീര സംരക്ഷണ നടപടികൾ നടപ്പിലാക്കുകയും പ്രചാരത്തിലാക്കുകയും ചെയ്യും.

118. എന്റെ സർക്കാർ, കൊല്ലത്തെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വർക്ക്ഷോപ്പിനെ നവീകരിക്കുന്നതിന്റെ ആദ്യഘട്ടമായി തുറമുഖ ഉരുക്കളുടെയും വകുപ്പിലെ യാനങ്ങളുടെയും സർവ്വീസും അറ്റകുറ്റപ്പണിയും ഏറ്റെടുത്ത് ഒരു റിപ്പയറിംഗ് യൂണിറ്റായി അതിനെ പ്രവർത്തന സജ്ജമാക്കുന്നതിന് ഉദ്ദേശിക്കുന്നു. ഭാവിയിൽ കൊച്ചിൻ ഷിപ്പ്യാർഡ് പോലുള്ള കമ്പനികളിൽനിന്നും സാങ്കേതിക സഹായം തേടിക്കൊണ്ട് കൊല്ലം തുറമുഖത്ത് ഒരു ഷിപ്പ് റിപ്പയറിംഗ് യൂണിറ്റ് വികസിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

119. ബേപ്പൂരിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഘട്ടംഘട്ടമായി ഞങ്ങൾ ആഗ്രഹിക്കുന്നു. 1-ാം ഘട്ടത്തിൽ തുറമുഖത്തിന്റെ ആഴം 6 മീറ്ററായി വർദ്ധിപ്പിക്കുന്നതിന് 60 കോടി രൂപ ചെലവ് വരുന്ന ക്യാപിറ്റൽ ഡ്രഡ്ജിംഗ് ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നു. 2-ാം ഘട്ടത്തിൽ, 150 മീ. നീളമുള്ള ഒരു അഡീഷണൽ ബെർത്ത് ബേപ്പൂരിൽ നിർമ്മിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നതും അതിനുള്ള പ്രാഥമിക പഠനങ്ങൾ ചെന്നൈ ഐ.ഐ.റ്റി പൂർത്തിയാക്കിയിട്ടുമുണ്ട്.

120. മലബാർ മേഖലയുടെ വികസനത്തിന് ഒരു ഉൽപ്രേരകമായി പ്രവർത്തിക്കുന്നതിനായി അഴീക്കൽ തുറമുഖത്തെ ഘട്ടം ഘട്ടമായി വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. അഴീക്കലിൽ ഗ്രീൻ ഫീൽഡ് തുറമുഖത്തിന്റെ DPR തയ്യാറാക്കുന്നതിനുള്ള ഭൗമ-സാങ്കേതിക പരിശോധന പുരോഗമിക്കുകയും 2021- ന്റെ രണ്ടാം പകുതിയിൽ ശിലാസ്ഥാപനം നടത്താമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

121. യന്ത്രങ്ങൾ കൊണ്ടല്ലാതെ ഡ്രഡ്ജ് ചെയ്ത വസ്തു ശുദ്ധീകരിക്കുന്നതിനായി PPP മാതൃകയിൽ പൊന്നാനിയിൽ ആരംഭിച്ച മണൽ ശുദ്ധീകരണ പ്ലാന്റ് ഒരു വിജയമായിട്ടുണ്ട്. PPP മാതൃകയിൽ അഴീക്കലിൽ ഒരു പുതിയ മണൽ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുകയും അതിനുള്ള DPR തയ്യാറാക്കുന്നതിന് കേരള മാരിടൈം ബോർഡ് ഒരു ഏജൻസിയെ ഏല്പിച്ചിട്ടുമുണ്ട്.

**ഗതാഗതം**

122. ഈ കാലഘട്ടത്തിന്റെ ആവശ്യമായ വേഗതയേറിയ ഗതാഗത സൗകര്യങ്ങൾ പൊതുജനങ്ങൾക്കായി ഏർപ്പെടുത്തുന്നതിന് എന്റെ സർക്കാർ ശ്രദ്ധചെലുത്തുന്നു. തിരുവനന്തപുരത്തെയും കാസർഗോഡിനെയും തമ്മിൽ സെമി ഹൈസ്പീഡ് റെയിൽ വഴി ബന്ധിപ്പിക്കുന്ന സിൽവർ ലൈൻ, എന്റെ സർക്കാരിന്റെ ഒരു അഭിമാന പദ്ധതിയാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ടും അലൈൻമെന്റും സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ളതും ഭാരത സർക്കാരിന്റെ അംഗീകാരം സംസ്ഥാനം പ്രതീക്ഷിച്ചിരിക്കുകയുമാണ്. എന്റെ സർക്കാരിന്റെ മറ്റൊരു മോഹപദ്ധതിയായ തലശ്ശേരി - മൈസൂർ ബ്രോഡ്ഗേജ് പ്രോജക്ടിന്റെ ഡി.പി.ആർ. തയ്യാറാക്കൽ പോലുള്ള നടപടികൾ ഈ പദ്ധതിക്കായി തുടങ്ങിയിട്ടുണ്ട്.

123. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഡീസൽ ബസ്സുകളെ സി.എൻ.ജി, എൽ.എൻ.ജി.-യിലേക്ക് മാറ്റുന്നതിനും പുതിയ ഇലക്ട്രിക് ബസുകൾ വാങ്ങുവാനും കെ.എസ്.ആർ.ടി.സി. വിഭാവനം ചെയ്തിട്ടുണ്ട്. ഇതുവഴി വായുമലിനീകരണം കുറയുമെന്നും ഇന്ധന ഉപഭോഗം 30 ശതമാനം കുറയുമെന്നും പ്രതീക്ഷിക്കുന്നു. വായുമലിനീകരണം കുറയ്ക്കുകയെന്ന എന്റെ സർക്കാരിന്റെ നയത്തിന്റെ ഭാഗമായി, തിരുവനന്തപുരം നഗരത്തിൽ ഡീസൽ രഹിത ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യപടി എന്ന നിലയിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളെയും തുടർന്ന് ഇതിലേയ്ക്കായി സ്വകാര്യ ബസുകളെയും പരിഷ്കരിച്ച് രാജ്യത്ത് ന്യൂഡൽഹിക്കുശേഷം രണ്ടാമതായി തിരുവനന്തപുരത്തെ 'ഗ്രീൻ സിറ്റി' ആയി പ്രഖ്യാപിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

124. പേട്ട മുതൽ തൃപ്പൂണിത്തുറ വരെയുള്ള കൊച്ചി മെട്രോ റെയിൽ 1-ാം ഘട്ട വിപുലീകരണത്തിന്റെ പ്രവർത്തനങ്ങൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുള്ളതും 2022 ജനുവരിയോടെ 1A ഘട്ടത്തിന്റെയും (പേട്ട മുതൽ എസ്.എൻ.ജംഗ്ഷൻ വരെ) 2022 ജൂലൈയോടു കൂടി 1B

ഘട്ടത്തിന്റെയും (എസ്.എൻ. ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെ) നിർമ്മാണം പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടുകൂടി പുരോഗമിക്കുകയാണ്. 1957.05 കോടി രൂപ ചെലവ് വരുന്ന ജെ.എൽ.എൻ. സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെയുള്ള കൊച്ചി മെട്രോ റെയിൽ പ്രോജക്ട് I-ാം ഘട്ടം എന്റെ സർക്കാർ അംഗീകരിക്കുകയും ഭാരത സർക്കാരിന്റെ അന്തിമ അംഗീകാരത്തിനായി കാത്തിരിക്കുകയുമാണ്.

125. സംസ്ഥാനത്തിനുള്ളിൽ 75 ഇടങ്ങളിൽ PPP മാതൃകയിൽ കംപ്യൂട്ടർവത്കൃത വാഹന പരിശോധന സ്റ്റേഷനുകളും ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്.

126. സർക്കാരിന്റെ ഇലക്ട്രിക് വാഹന നയം നടപ്പാക്കുന്നതിന്റെ ഭാഗമായി ആയത് നിറവേറ്റുന്ന ആവശ്യങ്ങൾക്കായി മോട്ടോർ വാഹന വകുപ്പിന് 65 ഇലക്ട്രിക് വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ആവശ്യങ്ങൾക്കായി ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിനും അതോടൊപ്പം പൊതുജനങ്ങളെയും വ്യാപാര സമൂഹത്തെയും ഇലക്ട്രിക് വാഹനങ്ങളുടെയും മലിനീകരണമില്ലാത്ത ഇന്ധനങ്ങളുള്ള വാഹനങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ പദ്ധതിയിടുന്നു.

127. ഇന്ത്യയിലെതന്നെ ഇത്തരത്തിലുള്ള ആദ്യത്തെ സ്റ്റാറ്റ്യൂട്ടറി നികായമായ കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ഞങ്ങൾ സ്ഥാപിച്ചു എന്ന് പറയുവാൻ എന്റെ സർക്കാരിന് അഭിമാനമുണ്ട്. 2020 നവംബർ 1-ാം തീയതി ഇത് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. അതോറിറ്റിയുടെ വ്യാപ്തി കൂടുതൽ വിപുലീകരിക്കുന്നതിനും തിരുവനന്തപുരത്തും കോഴിക്കോട്ടും കൂടി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റികൾ സ്ഥാപിക്കുവാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

128. പ്രോജക്ടിനെ ഒരു മൾട്ടി മോഡൽ ട്രാൻസ്പോർട്ട് ഹബ്ബ് ആക്കി വികസിപ്പിക്കുവാനായി വൈറ്റില മൊബിലിറ്റി ഹബ്ബിനെ ഒരു കമ്പനിയാക്കി മാറ്റിയിട്ടുണ്ട്.

**സേവന മേഖലകൾ**

**ആരോഗ്യം**

129. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ അധിക ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരും ലാബും ഫാർമസിയുമുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് 2021-22-ൽ പൂർത്തീകരിക്കും. കിഫ്ബി ധനസഹായത്തോടെ ദ്വിതീയ-തൃതീയ മേഖലകളിലെ നവീകരണം തുടരും. കോന്നി, ഇടുക്കി, വയനാട് കാസർഗോഡ് എന്നിവിടങ്ങളിലെ പുതിയ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യ നിർമ്മാണം വേഗത്തിലാക്കും.സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ നവീകരിക്കുന്നതിനായി ഘട്ടം ഘട്ടമായുള്ള ഒരു പരിപാടി ആരംഭിക്കുന്നതാണ്.

130. കണ്ണൂർ ജില്ലയിൽ ആയുർവ്വേദത്തിനായുള്ള നിർദ്ദിഷ്ട അന്താരാഷ്ട്ര ഗവേഷണ സ്ഥാപനം വളരെ വേഗത്തിൽ ഒരു യാഥാർത്ഥ്യ മായിത്തീരുന്നതാണ്. പദ്ധതിയുടെ നടപ്പാക്കലിനായി 36 ഏക്കർ വിസ്തൃതിയിലുള്ള ഭൂമി ഇതിനോടകം കൈവശമാക്കിയിട്ടുണ്ട്. 100 കിടക്കകളുള്ള ഒരു ആശുപത്രിയുടെയും ഒരു കയ്യെഴുത്ത് രേഖാ പഠന കേന്ദ്രത്തിന്റെയും നിർമ്മാണത്തിനുപുറമെ പൊതുവായ സൗകര്യങ്ങൾ നടപ്പാക്കലും ഔഷധ സസ്യ വളർത്തലും ഉൾക്കൊള്ളുന്ന പദ്ധതിയുടെ I-ാം ഘട്ട പ്രോജക്ട് റിപ്പോർട്ടിന്റെ ഒരു വിശദമായ വിലയിരുത്തൽ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് (KIIFB) ഏറ്റെടുത്തിട്ടുണ്ട്.

131. തിരുവനന്തപുരം ജില്ലയിലെ പൂജപ്പുരയിൽ പാരാസർജിക്കൽ-നേത്ര ചികിത്സാ ഇൻസ്റ്റിറ്റ്യൂട്ടും വയോജന പരിപാലന കേന്ദ്രവും അടങ്ങുന്ന ആയുർവ്വേദ സമുച്ചയത്തിന്റെയും തൃപ്പൂണിത്തുറയിൽ സർക്കാർ ആയുർവ്വേദ കോളേജിലെ ഒരു അക്കാദമിക ബ്ലോക്ക് കെട്ടിടത്തിന്റെയും നിർമ്മാണം തുടങ്ങുവാൻ തീരുമാനിച്ചിരിക്കുന്നു.

132. എംപാനൽ ചെയ്ത ആശുപത്രികളിലും ലാബുകളിലും സ്പെഷ്യാലിറ്റി റഫറൻസ് കുറയ്ക്കുന്നതിനായി ഇൻഷ്വർ ചെയ്യപ്പെട്ട ആളുകൾക്കായി കൂടുതൽ സ്പെഷ്യാലിറ്റി സേവനങ്ങൾ നൽകുന്നതിന് ഇ.എസ്.ഐ. ആശുപത്രികളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കും. ഇൻഷ്വർ ചെയ്യപ്പെട്ട ആളുകൾക്ക് ആവശ്യമായ മരുന്ന് ലഭ്യത

ഉറപ്പാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ഡ്രഗ് സ്റ്റോർ മാനേജ്മെന്റ് സിസ്റ്റം മുഖേന മരുന്നിന്റെ വിതരണം നിയന്ത്രിക്കുവാനും അത്യാവശ്യ കേന്ദ്രങ്ങളിൽ മരുന്ന് സംഭരണം വർദ്ധിപ്പിക്കുവാനും വിലകൂടിയതും കൂടിയ അളവിലുള്ളതുമായ മരുന്ന് സംഭരണത്തിലുണ്ടാകുന്ന വീഴ്ചകൾ ഇല്ലാതാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

133. അനാമയം സമഗ്ര ഇൻഷ്വറൻസ് പ്രോഗ്രാം എന്ന പേരിൽ ഒരു സമ്പൂർണ്ണ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്തെ എല്ലാ ഭിന്നശേഷിക്കാരുടെയും ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിനായി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**പൊതു വിദ്യാഭ്യാസം**

134. മഹാമാരി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും നിർബന്ധിതമായി അടച്ചിടുന്നതിന് കാരണമായി. അക്കാദമിക കാലയളവിനെ ബാധിക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് ഒരു ബൃഹത്തായ ഓൺലൈൻ ക്ലാസ്സ് പ്രോഗ്രാം ആരംഭിച്ചു. 1-12 വരെയുള്ള ക്ലാസ്സുകൾക്ക് തടസ്സമില്ലാതെ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് 2020 ജൂണിൽ കേരള ഇൻഫ്രാസ്ട്രക്ചർ ഫോർ ടെക്നോളജി എഡ്യൂക്കേഷനും (KITE) സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യുക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗും (SCERT) ടെലിവിഷൻ ചാനലായ വിക്ടേഴ്സിനെ (VICTERS) ഉപയോഗപ്പെടുത്തി. ഈ ക്ലാസ്സുകൾ തയ്യാറാക്കിയതിലും സംപ്രേഷണം ചെയ്തതിലുമുള്ള പ്രൊഫഷണലിസവും സമർപ്പണവും വ്യാപകമായ അഭിനന്ദനം നേടിയിട്ടുണ്ട്.

135. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഒരു മാതൃകാപരമായ മാറ്റം കൊണ്ടുവന്നിട്ടുണ്ട്. ഈ പ്രചരണത്തിന്റെ ഭാഗമായി, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അക്കാദമിക മികവ് പ്രോത്സാഹിപ്പിക്കുന്നതിനും പാഠ്യേതര പ്രവർത്തനങ്ങൾക്കും വിദ്യാർത്ഥികളുടെ ഇടയിൽ മതേതരത്വവും ജനാധിപത്യ മൂല്യങ്ങളും ഉറപ്പിക്കുന്നതിനും വൈവിദ്ധ്യമാർന്ന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

136. ജനപ്രതിനിധികളുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ വിദ്യാലയങ്ങളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു പ്രചരണ

പരിപാടി ആരംഭിച്ചിട്ടുണ്ട്. ലക്ഷ്യമിട്ട 2000 സ്കൂളുകളിൽ അൻപത് ശതമാനത്തിലധികം പണി പൂർത്തിയാക്കിയിട്ടുണ്ട്. 3,74,274 ഡിജിറ്റൽ ഉപകരണങ്ങൾ കേരളത്തിലെ സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ സ്കൂളുകളിലെയും എയ്ഡഡ് സ്കൂളുകളിലെയും 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് മുറികളാക്കി മാറ്റിയിട്ടുണ്ട്. പ്രൈമറി സ്കൂളുകളിലും അപ്പർ പ്രൈമറി സ്കൂളുകളിലും ഹൈടെക് ലാബുകൾ സ്ഥാപിച്ചു.

137. കേരളത്തിലെ സ്കൂളുകളിൽ ജൈവവൈവിദ്ധ്യ പാർക്കുകൾ സ്ഥാപിക്കുകയും അത് "സ്കൂൾ കാമ്പസ് തന്നെ ഒരു പാഠപുസ്തകം" ആകുന്നതിന് കാരണമാവുകയും അതിലൂടെ വിദ്യാർത്ഥികൾക്ക് പ്രകൃതി വൈവിധ്യത്തിന്റെ സ്വഭാവം അനുഭവിച്ചറിയുവാൻ കഴിയുകയും ചെയ്യുന്നു. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളതും അക്കാദമിക മികവ് നേടുന്നതിനായി സവിശേഷമായ അക്കാദമിക പരിപാടികളും ആരംഭിച്ചിട്ടുള്ളതുമാണ്. പഠനം മെച്ചപ്പെടുത്തൽ പരിപാടികളായ ആവശ്യക്കാർക്ക് അധിക വിദ്യാഭ്യാസ സഹായം നല്കുന്നതിനായുള്ള ശ്രദ്ധ, ശാസ്ത്രോത്സവം, ഗണിതോത്സവം മുതലായവ വിദ്യാർത്ഥികളെ അവരുടെ അക്കാദമിക പരിശീലനത്തിൽ മികവ് പുലർത്താൻ സഹായിച്ചിട്ടുണ്ട്.

**ഉന്നത വിദ്യാഭ്യാസം**

138. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുവാനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുമായി പൊതുവിദ്യാഭ്യാസത്തിലെപോലെ ഒരു സമഗ്ര പരിപാടി എന്റെ സർക്കാർ 2021-22-ൽ ആരംഭിക്കുന്നതാണ്. സർക്കാർ കോളേജുകളിൽ ക്ലാസ് മുറികൾ ഡിജിറ്റൈസ് ചെയ്യുകയും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്യും. ഒരു നിശ്ചിത കാലയളവിനുള്ളിൽ നമ്മുടെ സർവ്വകലാശാലകളെ രാജ്യത്തെ ഉന്നത റാങ്കിംഗിൽ വളരെ വേഗത്തിൽ എത്തിക്കാനായി ഒരു പരിപാടി ഞങ്ങൾ നടപ്പാക്കുന്നതാണ്.

139. സംസ്ഥാനത്തുള്ള സ്വാശ്രയ കോളേജുകളിൽ മെഡിക്കൽ, മെഡിക്കൽ അനുബന്ധ പ്രൊഫഷണൽ കോഴ്സുകൾ എന്നിവ പഠിക്കുന്നതിനായി 1 ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയിൽപ്പെടുന്ന വിധവകളുടെ മക്കൾ അല്ലെങ്കിൽ മാതാപിതാക്കളെ നഷ്ടമായവർക്കായി 'ശ്രീനാരായണ ഗുരു നവോത്ഥാന സ്കോളർഷിപ്പ്'-നുകീഴിൽ വിദ്യാഭ്യാസ സഹായം നൽകുന്നതാണ്. ഒരു ലക്ഷം രൂപവരെ വാർഷിക കുടുംബ വരുമാന പരിധിയിൽപ്പെടുന്ന വിധവകളുടെ പെൺമക്കൾ,

മാതാപിതാക്കളെ നഷ്ടമായ പെൺകുട്ടികൾ എന്നിവർക്കായി വിവാഹ ധനസഹായം നൽകുന്നതായിരിക്കും.

140. ഐ.റ്റി.ഐ.-കളിൽ ഒരു നിർമ്മാണ കേന്ദ്രം ആരംഭിക്കുന്നതിനായി "പഠനത്തോടൊപ്പം സമ്പാദ്യം" എന്ന പേരിൽ ഒരു പുതിയ പദ്ധതി തുടങ്ങുന്നതായിരിക്കും. ഐ.റ്റി.ഐ.-കളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ടും ഐ.റ്റി.ഐ. ട്രെയിനികളുടെ നൈപുണ്യത്തോടെയുള്ള മാനവശേഷി ഉപയോഗിച്ചുകൊണ്ടുമുള്ള സാമഗ്രികളുടെ നിർമ്മാണമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

**ശാസ്ത്ര-സാങ്കേതികം**

141. തിരുവനന്തപുരം തോന്നയ്ക്കലിലുള്ള ബയോ 360 ലൈഫ് സയൻസ് പാർക്കിനുള്ളിൽ 2020 ഒക്ടോബർ 15-ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (IAV) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സാംക്രമിക വൈറൽ രോഗങ്ങളുടെ ആവിർഭാവത്തെയും പുനരാവിർഭാവത്തെയും സംബന്ധിച്ചുള്ള ഗവേഷണം, രോഗനിർണ്ണയം, മേൽനോട്ടം എന്നിവയെ കേന്ദ്രീകരിച്ചുള്ള ഗ്ലോബൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകളുമായി ശൃംഖല സ്ഥാപിക്കുന്നതിനുള്ള ഒരു ആഗോള നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ടായാണ് IAV-യെ വിഭാവനം ചെയ്തിട്ടുള്ളത്. വൈറൽ രോഗപകർച്ച തടയുന്നതും നിയന്ത്രിക്കുന്നതും സാധ്യമാക്കുന്നതിന് പര്യാപ്തമായ ശാസ്ത്രീയ വിവരം നൽകുന്നതും, അടിസ്ഥാന ശാസ്ത്രത്തെയും പ്രായോഗാത്മക ഗവേഷണത്തെയും സംബന്ധിച്ച് ഗവേഷണം നടത്തുന്നതിനായി പരിശീലനവും അവബോധവും നൽകുന്നതുമായ അന്തർദ്ദേശീയ സ്ഥാപനങ്ങളുമായി കൂടിച്ചേർന്ന് പ്രവർത്തിക്കുന്ന ഒരു മികവിന്റെ കേന്ദ്രമായിരിക്കും ഇത്. ഈ പദ്ധതി കോവിഡ്-19 മഹാമാരിക്ക് മുൻപുതന്നെ വിഭാവനം ചെയ്തിരുന്നതാണെങ്കിലും ഈ മഹാമാരിയോടെ ഇതിന് കൂടുതൽ പ്രസക്തി കൈവന്നിട്ടുണ്ട്.

**പഠനവും ഗവേഷണവും**

142. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (IMG)-ലെ സെന്റർ ഫോർ ഗുഡ് ഗവേണൻസിന്റെ ആഭിമുഖ്യത്തിൽ, സംസ്ഥാനത്ത് കോവിഡ്-19 വ്യാപനത്തിന് എതിരെയുള്ള പോരാട്ടത്തിൽ എന്റെ സർക്കാരും കേരള പോലീസും സ്വീകരിച്ച വിവിധങ്ങളായ ഭരണപരമായ നടപടികളുടെ

പഠനം നടത്തുവാനും അത് രേഖകളാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഐ.എം.ജി. ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന മറ്റൊരു പ്രോജക്ട്, മഹാമാരി കാലഘട്ടത്തിലെ ഇ-ഗവേണൻസിന്റെ വർദ്ധിച്ച സ്വാധീനം അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, അതിന്റെ സാധ്യതകൾ എന്നിവയിലുള്ള പഠനവും വിവിധ വകുപ്പുകളിൽ ഇ-ഗവേണൻസ് സംരംഭങ്ങൾ മുഖ്യധാരയിലെത്തിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള സാധ്യതയുമാണ്.

143. 2021-22-ൽ ക്ലാസ്റൂം പരിശീലനവും ഓൺലൈൻ രീതിയും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ഹൈബ്രിഡ് സമീപനം ഐ.എം.ജി. കൊണ്ടുവരുന്നതാണ്. ഈ സംയോജനം പരിശീലനത്തിന് അതിന്റെ ഉള്ളടക്കത്തിലും പരിശീലനാർത്ഥികളുടെ പങ്കാളിത്തത്തിലും നിലനിർത്തുന്നതിലും പ്രയോഗത്തിലും മൂല്യവർദ്ധനവ് കൊണ്ടുവരും.

144. കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്റ്റാറ്റജിക്ക് കൗൺസിൽ (K-DISC) നവീകരണത്തിനായി സംസ്ഥാനത്തെ അക്കാദമികവും ഗവേഷണപരവുമായ സ്ഥാപനങ്ങളും സാമൂഹിക സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് സംസ്ഥാനതല ഇൻസ്റ്റിറ്റ്യൂഷണൽ ഹബ്ബുകളും ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുമായി ചേർന്നുകൊണ്ട് രണ്ട് ജില്ലാ ഇന്നൊവേഷൻ ഹബ്ബുകളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

**സാംസ്കാരികകാര്യം**

145. SPCS-ന്റെ രജത ജൂബിലി ആഘോഷത്തിന്റെ ഭാഗമായി കോട്ടയത്ത് ഒരു സാഹിത്യ മ്യൂസിയവും പാലക്കാട് കേരള സാംസ്കാരിക മ്യൂസിയവും നിർമ്മിക്കുന്നതാണ്.

146. സംസ്ഥാനത്തെ ഏഴ് ജില്ലകളിൽ സഹകരണ കൂട്ടായ്മ സംഘടിപ്പിച്ച യുവകലാകാരന്മാരെ സഹായിക്കുന്നതിനായി ഒരു പുതിയ പദ്ധതി സാംസ്കാരിക വകുപ്പ് പരിഗണിച്ചുവരികയാണ്. ഈ പദ്ധതി കലാകാരന്മാരുടെ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനം നൽകുന്നതിന് ഉദ്ദേശിക്കുന്നതും ആയത് കലാകാരന്മാരുടെ കൂട്ടായ്മകളെ നിലനിർത്തുന്നതിനും അവരുടെ സുസ്ഥിര ഉപജീവനത്തിനും സഹായിക്കുന്നു.

147. ശ്രീചിത്രാ ആർട്ട് ഗ്യാലറിയിലെ ചിത്രരചനാ ശേഖരത്തിന്റെ സംരക്ഷണ പ്രവർത്തികൾ നടത്തുന്നതിനായും മറ്റ്

പൊതുശേഖരങ്ങളിലെ ചിത്ര രചനകൾ പരിപാലിക്കുന്നതിനായും ഗ്യാലറിയോടനുബന്ധിച്ച് ഒരു അത്യന്താധുനിക സംരക്ഷണ ലബോറട്ടറി സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2021-ൽ രാജാ രവിവർമ്മ ഗ്യാലറി തുറക്കും.

148. കണ്ണൂരിന്റെ തറികളുടെയും നെയ്ത്തിന്റെയും ചരിത്രവും പാരമ്പര്യവും പരിണാമവും വിവരിക്കുന്ന ഒരു കൈത്തറി മ്യൂസിയം കണ്ണൂരിൽ സ്ഥാപിക്കുന്നതാണ്.

149. എടയ്ക്കൽ ഗുഹയ്ക്ക് അതിന്റെ വംശീയ സ്വഭാവത്തിന് പ്രാധാന്യം നൽകിക്കൊണ്ട്, ഒരു സമഗ്ര സംരക്ഷണ പദ്ധതി പുരാവസ്തു വകുപ്പ് തയ്യാറാക്കുന്നതാണ്. കോഴിക്കോടിലെ ഫറോഖ് കോട്ട, പാലക്കാട് കാട്ടിൽമഠം, വയനാട്ടിലെ പഴശ്ശി കുടീരം എന്നിവിടങ്ങളിൽ ഖനനത്തിൽ കണ്ടെത്തിയ ശ്രുപശില്പങ്ങളുടെ ഘടനാപരമായ സംരക്ഷണം ഏറ്റെടുക്കുന്നതാണ്.

150. ഫറോക്കിലും പുറക്കാട്ടും പര്യവേക്ഷണങ്ങൾ നടത്തുന്നതിന് പുരാവസ്തു വകുപ്പ് ഉദ്ദേശിക്കുന്നു.

151. തിരുവനന്തപുരത്ത് കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസിൽ കേരള സർവ്വകലാശാല നല്കിയ സ്ഥലത്ത് സംസ്ഥാന പുരാരേഖ വകുപ്പ് അന്താരാഷ്ട്ര പുരാരേഖ – പൈതൃക കേന്ദ്രം സ്ഥാപിക്കുന്നതാണ്. ആധുനിക സംഭരണ-ശേഖരണ സജ്ജീകരണങ്ങളും ഗവേഷകർക്കും വിദ്യാർത്ഥികൾക്കുമുള്ള സൗകര്യങ്ങളുംകേന്ദ്രത്തിലുണ്ടായിരിക്കുന്നതാണ്.

152. സംസ്ഥാനത്തിന്റെ കല, സംസ്കാരം, നാടകം എന്നിവ പ്രദർശിപ്പിക്കാനും പഠിക്കാനും പങ്കിടാനും അനുഭവവേദ്യമാക്കാനും ആസ്വദിക്കാനുമായി മൾട്ടി മീഡിയ സാങ്കേതിക വിദ്യയിലെ മികച്ചവയിൽ ചിലത് ഉൾപ്പെടുത്തി ഒരു ഇൻഫോ - കൾച്ചറൽ ഹബ്ബായി പരിവർത്തനം ചെയ്യപ്പെടുന്നതിന് തിരുവനന്തപുരത്തെ ടാഗോർ തിയേറ്റർ ഉടൻ സാക്ഷ്യം വഹിക്കുന്നതാണ്. ഇലക്ട്രോണിക് പ്രതിഷ്ഠാപനങ്ങൾ, ലേസർ പ്രദർശനത്തിന്റെ സഹായത്തോടെയുള്ള ഓപ്പൺ എയർ സാംസ്കാരിക പരിപാടികൾ, പ്രതീതി യാഥാർത്ഥ്യം, പ്രമേയാധിഷ്ഠിത പ്രദർശനശാലകൾ, ശില്പ ഉദ്യാനങ്ങൾ എന്നിവ വൈവിധ്യമാർന്ന വിജ്ഞാന വിനോദം സന്ദർശകർക്ക് നൽകുന്നതാണ്.

**ഭവന നിർമ്മാണം**

153. ഭൂരഹിതരായ കുടുംബങ്ങളെ കേന്ദ്രീകരിച്ച് അവർക്ക് ബഹുനില ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്നതിനുവേണ്ടി 2021-22-ൽ ലൈഫ് മിഷന്റെ രണ്ടാം ഘട്ടം ആരംഭിക്കും. നിലവിലെ ഗുണഭോക്താക്കളുടെ പട്ടികയിലുള്ള അർഹരായ കുടുംബങ്ങൾക്ക് വീടുകൾ നൽകും. തയ്യാറാക്കപ്പെട്ട അനുബന്ധ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പുതിയ കുടുംബങ്ങളെയും ഈ ഘട്ടത്തിൽ പരിഗണിക്കും.

154. തോട്ടം തൊഴിലാളികൾക്കായി ഒരു പ്രത്യേക ഭവന പദ്ധതി ഏറ്റെടുക്കും.

155. കൊല്ലത്തെ കരീപ്രയിലും ഇടുക്കിയിലെ പീരുമേടിലും 36 യൂണിറ്റുകൾ വീതമുള്ള ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ബോർഡ് ഉദ്ദേശിക്കുന്നു. 1000 ഗുണഭോക്താക്കൾക്ക് സബ്സിഡി വിതരണം ചെയ്യുന്നതിനുള്ള ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതിയും കാസർഗോഡുള്ള കാഞ്ഞങ്ങാടും പത്തനംതിട്ടയിലെ റാന്നിയിലും രണ്ട് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ നിർമ്മാണവുമാണ് ഭവന നിർമ്മാണ ബോർഡിന്റെ മറ്റ് രണ്ട് പ്രോജക്ടുകൾ.

**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും**

156. ലോക്ക്ഡൗൺ കാലത്ത് വിലക്കയറ്റവും ഭക്ഷ്യധാന്യങ്ങളുടെയും പച്ചക്കറികളുടെയും ക്ഷാമവും ഒഴിവാക്കുന്നതിനായി ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് വിപണി ഇടപെടലുകൾ നടത്തിയിരുന്നു. കൂടാതെ സൗജന്യ റേഷൻ, കോവിഡ്-19 കിറ്റുകൾ, അവശ്യ സാധനങ്ങൾ ഉൾപ്പെട്ട ഓണം കിറ്റുകളും സ്പെഷ്യൽ കിറ്റുകളും (2020 സെപ്റ്റംബർ മുതൽ ഡിസംബർ വരെ) എല്ലാ കുടുംബങ്ങൾക്കും വകുപ്പ് വിതരണം ചെയ്തു. അതോടൊപ്പം എല്ലാ ഇതരസംസ്ഥാന തൊഴിലാളികൾക്കും സൗജന്യ റേഷനും കിറ്റുകളും നൽകുകയുണ്ടായി.

157. 2021-22-ലെ പ്രധാന പരിപാടികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താനുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന പ്രോസസ്സ് ചെയ്യുന്നതാണ്. വാതിൽപ്പടി റേഷൻസാധന വിതരണം എല്ലാ ട്രൈബൽ സെറ്റിൽമെന്റുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. സുഭിക്ഷ പരിപാടി(വിശപ്പ് രഹിത കേരളം)-യുടെ അടിസ്ഥാനത്തിലുള്ള ഹോട്ടലുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതാണ്.

158. എന്റെ സർക്കാർ 99.73% റേഷൻ കാർഡുകൾ ആധാറുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണം**

159. കോവിഡ്-19-ന്റെ പ്രതികൂല സാഹചര്യത്തിലും ഈ വർഷം ആരംഭത്തിൽ നിശ്ചയിച്ചിരുന്ന പല ലക്ഷ്യങ്ങളും നേടിയെടുക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിന് കഴിഞ്ഞുവെന്നത് അത്യന്തം അഭിമാനമുള്ള സംഗതിയാണ്. ഇതിൽ:

- സംസ്ഥാനത്തെ ഒന്നൊഴികെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയത്;
- കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് പൗരൻമാർ അഭിമുഖീകരിക്കുന്ന നിരവധി പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യവസ്ഥകൾ കൂട്ടിച്ചേർത്ത് ഭേദഗതി ചെയ്തത് ;
- തദ്ദേശസ്വയംഭരണ ഓൺലൈൻ സേവനങ്ങൾക്കായുള്ള "ഇന്റഗ്രേറ്റഡ് ലോക്കൽ ഗവൺമെന്റ് മാനേജ്മെന്റ് സിസ്റ്റം" പ്രവർത്തനക്ഷമമാക്കിയത്;
- 49 ലക്ഷം ഗുണഭോക്താക്കൾക്കുള്ള സാമൂഹ്യ സേവന പെൻഷൻ, സേവന പെൻഷൻ സോഫ്റ്റ് വെയറിലൂടെ വിതരണം ചെയ്തത് ;
- 58 അർബൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ 559 തദ്ദേശഭരണ സ്ഥാപനങ്ങൾ 'ശുചിത്വ പദവി' സ്റ്റാറ്റസ് നേടിയെടുത്തത്;
- സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നീക്കം ചെയ്യപ്പെട്ട 17062 ടണ്ണോളം നിഷ്ക്രിയ പാരമ്പര്യ മാലിന്യങ്ങളുപയോഗിച്ച് എറണാകുളത്തെ പ്രാദേശിക സാനിട്ടറി ലാന്റ് ഫില്ലിംഗുകൾക്ക് അനുമതി നൽകിയതും ;
- 'മുഖ്യമന്ത്രിയുടെ ലോക്കൽ റോഡ്സ് റിപ്പയർ പ്രോഗ്രാം' (CMLRRP) ദ്രുതഗതിയിലുള്ള പുരോഗതിയിലായതും അതുവഴി 4939 റോഡുകൾക്ക് അനുമതി നൽകിയതും അവ നടത്തിപ്പിന്റെയും പൂർത്തീകരണത്തിന്റെയും വിവിധ ഘട്ടങ്ങളിലായതും;
- പൊതു കുളങ്ങളിൽ മത്സ്യകൃഷി അവതരിപ്പിച്ചതും ഒരു കോടി ഫലവൃക്ഷ തൈകളുടെ നടീലും സുഭിക്ഷാ പദ്ധതിയിൻ കീഴിൽ കൃഷി യോഗ്യമായ ഭൂമിയുടെ കണ്ടെത്തലും കൃഷിക്കനുയോജ്യമായ വിധത്തിൽ മാറ്റുകയും ചെയ്തതും മൃഗസംരക്ഷണവും പാൽ സംസ്കരണ പദ്ധതിയും ഏറ്റെടുക്കലും;

- 2 ലക്ഷം അയൽക്കൂട്ട സംഘങ്ങൾക്ക് സത്വരവും സമയബന്ധിതവുമായ വായ്പാ വിതരണം, "മുഖ്യമന്ത്രി സഹായ ഹസ്തം" പദ്ധതിയിൻ കീഴിൽ 23 ലക്ഷത്തിലേറെ ഗുണഭോക്താക്കളിലേക്ക് എത്തിച്ചേരൽ ;
- 774-ലേറെ ജനകീയ ഹോട്ടലുകളുടെ ആരംഭം, 5000-ലേറെ പുതിയ ഉപജീവന സംരംഭങ്ങൾ, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 19073 ആളുകൾക്ക് തൊഴിൽ ലഭ്യമാക്കിയതും;
- ജലജീവൻ മിഷനു കീഴിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ കുടിവെള്ള പദ്ധതികൾ ഏറ്റെടുത്തത്. ഈ ഇടപെടലുകളുടെ പ്രാധാന്യമെന്നത് അവയുടെ ഗുണനിലവാരമെന്നതിലുപരി കേരളത്തിൽ മാത്രം സാധ്യമാകുന്ന വിവിധ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ഒരു കൂട്ടായ്മയുടെ തലം കൂടിയാണ്;
- ഈ കൂട്ടായ്മയുടെ തലത്തിലേക്കുള്ള ഒരു പ്രധാന ചുവടുവെയ്പായി നമ്മൾ തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള 5 ഡയറക്ടറേറ്റുകളെ ഒരു ഒറ്റ പ്രിൻസിപ്പൽ ഡയറക്ടറേറ്റിനുകീഴിൽ സംയോജിപ്പിച്ചത് എന്നിവ ഉൾപ്പെടുന്നു.

160. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകൾ ഉൾപ്പെടെ സംസ്ഥാനത്തെമ്പാടും പൊതു ശൗചാലയങ്ങൾ നിർമ്മിച്ചുകൊണ്ടോ നവീകരിച്ചുകൊണ്ടോ യാത്രക്കാർക്ക് ഗുണമേന്മയുള്ള ശൗചാലയ സൗകര്യങ്ങൾ നൽകുന്നതിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആദ്യഘട്ടത്തിൽ ആകെ 1235 ശൗചാലയ സമുച്ചയങ്ങൾ നിർമ്മിക്കുകയോ നവീകരിക്കുകയോ ചെയ്തുവരുന്നു.

161. കേരളത്തിൽ ജനകീയാസൂത്രണപ്രസ്ഥാനം സമാരംഭിച്ചതിന്റെ ഈ 25-ാം വർഷത്തിൽ നല്ലൊരു നാളേയ്ക്കുള്ള തത്വങ്ങളായതും പുതിയ ചക്രവാളങ്ങളിലേക്ക് സമീപിക്കുവാനുതകിയതുമായ ഫലത്തിലധിഷ്ഠിത ആസൂത്രണം, നഗരാസൂത്രണവും വിഭവസമാഹരണവും എന്നിവയെ എന്റെ സർക്കാർ അരക്കിട്ടുറപ്പിക്കുന്നു. നമ്മുടെ ലക്ഷ്യമെന്നത് തദ്ദേശ ഭരണ ദുരന്ത നിവാരണ പദ്ധതികളെ തന്ത്രപ്രധാന ഊർജ്ജസംരക്ഷണ ഇടപെടലുകളായ എൽ.ഇ.ഡി. തെരുവു വിളക്ക് സ്ഥാപിക്കൽ ഉൾപ്പെടെയുള്ള കാലാവസ്ഥാ പ്രവർത്തന പദ്ധതികളായി ശക്തിപ്പെടുത്തുക എന്നതാണ്. ഇതിലേക്കായി സ്ഥല സംബന്ധിയായ

മാപ്പിംഗും ഭൗമ സംബന്ധിയായ ആസൂത്രണവും നഗരാസൂത്രണപ്രവർത്തികളുമായി നമ്മൾ ഉൾച്ചേർക്കുന്നതാണ്.

162. കാലാവസ്ഥാ പ്രതിരോധത്തിനും ഭൂസംബന്ധിയായ ആസൂത്രണത്തിനും ശക്തമായ ഇടപെടലുകൾ നടത്തിക്കൊണ്ട് ദീർഘകാല ആവശ്യങ്ങൾക്കായി തദ്ദേശ സ്ഥാപനങ്ങളുടെ പാരമ്പര്യ കഴിവുകളെ ശാക്തീകരിക്കുന്നതിനും അവയെ മുന്നിൽനിന്നും നയിക്കുന്നതിനുംവേണ്ടി നഗരാസൂത്രണ വകുപ്പിന്റെയും കിലയുടെയും കഴിവുകൾ പരിപോഷിപ്പിക്കുന്നതാണ്. വിവിധ നഗര-ഗ്രാമ തദ്ദേശഭരണ സ്ഥാപനങ്ങൾ ഒത്തുചേർന്നുകൊണ്ടുള്ളതും കാര്യക്ഷമവും നഗര സമാഹരണങ്ങളിൽ പുതിയൊരു വികസന സംസ്കാരം വളർത്തിയെടുക്കുവാനും ഈ സമാഹരണത്തിന്റെ പ്രധാന ലക്ഷ്യമാണ്.

163. ഹരിത മിഷൻ ലക്ഷ്യം വച്ചതും ഭൂരിഭാഗം പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഇതിനകം നേടിയെടുത്തതുമായ ഉറവിടത്തിൽ തന്നെയുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തെ എന്റെ സർക്കാർ ശക്തമായി പിന്തുണയ്ക്കുന്നതാണ്. ഖര മാലിന്യ സംസ്കരണ രംഗത്ത് കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ എന്റർപ്രൈസ് മാതൃകകൾവഴി നിലനിർത്തുകയും വർദ്ധിപ്പിക്കേണ്ടതും അറവുമാലിന്യങ്ങൾ, നിർമ്മാണ നശീകരണ മാലിന്യങ്ങൾ എന്നിവയുടെ നയത്തിൽ കൂടുതൽ ഇടപെടലുകളും വിശദീകരണവും ആവശ്യമാണ്. ദീർഘ കാലത്തേക്കുള്ള സ്ഥാപനപരമായ കഴിവ് വികസിപ്പിക്കുന്നതിലേക്ക്, പ്രത്യേകിച്ച് ഉയർന്നുവരുന്ന മേഖലകളായ സ്വീവേജും സെപ്റ്റേജും ഉൾപ്പെടെയുള്ള ദ്രവ മാലിന്യ സംസ്കരണ രംഗത്ത് മുതൽ മുടക്കുന്നതാണ്. മുഖ്യമായും ബന്ധപ്പെട്ടവരെ അവരുടെ പരസ്പര ഉത്തരവാദിത്വം തിരിച്ചറിയുന്നതിനും പരിസ്ഥിതി സൗഹൃദ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനും സാമൂഹികമായ സമവായവും ഉടമസ്ഥതയും കെട്ടിപ്പടുക്കുന്നതിനും വേണ്ടിയുള്ള ഒരു വ്യക്തമായ ദ്രവ മാലിന്യ സംസ്കരണ നയം വികസിപ്പിക്കുന്നതും നടപ്പിലാക്കുന്നതുമാണ്.

164. മാലിന്യത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന കോഴിക്കോടുള്ള പദ്ധതിയുടെ ഭൂമി വികസിപ്പിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. മാലിന്യത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന കൊല്ലത്തും പാലക്കാടുമുള്ള പദ്ധതിയുടെ DPR അംഗീകരിച്ചിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമെന്നും പ്രതീക്ഷിക്കുന്നു.

165. പ്രാദേശിക ജൈവവൈവിദ്ധ്യ രജിസ്റ്ററുകളുടെ ഡിജിറ്റൈസേഷൻ, ഗ്രാമസഭകൾക്കുവേണ്ടിയുള്ള ഒരു ഓൺലൈൻ പോർട്ടൽ സജ്ജീകരിക്കൽ, ഡിജിറ്റൈസ് ചെയ്യപ്പെട്ട പ്രാദേശിക മാനവ വിഭവശേഷി സൂചിക തയ്യാറാക്കൽ എന്നിവയാണ് പ്രധാനമായും ഏറ്റെടുക്കാൻ പോകുന്ന ഡിജിറ്റൽ ഇടപെടലുകൾ. കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ഭേദഗതി കാരണം തടഞ്ഞുവച്ചിരുന്ന കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിനുള്ള ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ ത്വരിത ഗതിയിലാക്കുന്നതാണ്.

166. PMGSY റോഡുകളുടേയും പാലങ്ങളുടെയും പ്രവൃത്തികളുടെ ഗുണമേന്മാ നിയന്ത്രണത്തിന് നിർണ്ണായക പ്രാധാന്യമുള്ളതോടൊപ്പം 1425 മൂന്നാം ഘട്ട പ്രവർത്തന പദ്ധതികൾ 2021-22-ൽ ആരംഭിക്കുന്നതുമാണ്.

167. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഒരു സ്പേഷ്യൽ ഗവേണൻസ് സപ്പോർട്ട് സിസ്റ്റം വികസിപ്പിക്കുന്നതിനുള്ള ഒരു മുൻനിര പദ്ധതി 2021-22-ൽ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റൽ സെന്റർ (KSREC) ഏറ്റെടുക്കുന്നതാണ്. സെർവ്വറിന്റെ അടിസ്ഥാന സൗകര്യങ്ങളുടെയും ഡാറ്റാ റിക്കവറിയുടെയും നവീകരണവും, ഉപഗ്രഹ ചിത്രങ്ങളെ അടിസ്ഥാനമാക്കി സർവ്വേ നിലങ്ങളിലെയും തണ്ണീർത്തടങ്ങളിലെയും നെൽവയലുകളിലെയും മാറ്റങ്ങൾ കാണിക്കുന്ന റിപ്പോർട്ടും നൽകുന്നതിനായി സെന്റർ ഉദ്ദേശിക്കുന്നു.

168. എന്റെ സർക്കാർ ഐക്യരാഷ്ട്ര സഭ വിഭാവനം ചെയ്തിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിലേക്ക് മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷന്റെ നാഷണൽ ഇന്റിക്കേറ്റർ ഫ്രെയിം വർക്കുമായി യോജിച്ച് പോകുന്നതും സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക-പാരിസ്ഥിതിക മാനങ്ങൾക്ക് അനുസൃതമായതുമായ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കുള്ള ഒരു സ്റ്റേറ്റ് ഇന്റിക്കേറ്റർ ഫ്രെയിം വർക്ക് വികസിപ്പിക്കുന്നതിനുള്ള പ്രക്രിയയിലുമാണ്.

169. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ഏകദേശം 25% തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യുന്നതിനാൽ പ്രൈമറി സ്റ്റേക്ക് ഹോൾഡേഴ്സായ അവരാണ് സംസ്ഥാനത്തെ 2030 സുസ്ഥിര വികസന അജൻഡയുടെ വിജയം ഉറപ്പാക്കേണ്ടത്. സുസ്ഥിര വികസന

ലക്ഷ്യങ്ങളുടെ പ്രാദേശിക വൽക്കരണം എന്ന അജണ്ടയ്ക്കാണ് പരമ പ്രാധാന്യം നൽകുന്നത്. എന്റെ സർക്കാർ 2021-22 കാലത്ത് "സംസ്ഥാനത്തിന്റെ വികസന ലക്ഷ്യങ്ങളുടെ പ്രാദേശിക വൽക്കരണത്തി"നായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നയങ്ങളും പദ്ധതികളുമായി കൂട്ടുചേരുന്നതും, യുണൈറ്റഡ് നേഷൻസിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളോട് യോജിച്ച് പോകുന്നതുമായ ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കുന്നതാണ്.

170. സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് (SCTL) പ്രധാന പദ്ധതികളുടെ 100% ടെൻഡറിംഗ് നടത്തിക്കൊണ്ട് അതിന്റെ ഒരു പ്രധാന നാഴികക്കല്ല് കൂടി പിന്നിട്ടിരിക്കുകയാണ്. കൊച്ചിൻ സ്മാർട്ട് സിറ്റി ലിമിറ്റഡ് (CSML) നിലവിൽ രാജ്യത്തെ 100 സ്മാർട്ട് മിഷൻ സിറ്റികളിൽ 11-ാമതായിട്ട് റാങ്ക് ചെയ്യപ്പെടുകയും സ്മാർട്ട് ഹെൽത്ത് പദ്ധതിയുടെ അവാർഡ് കരസ്ഥമാക്കുകയുമുണ്ടായി. മറ്റനേകം പ്രധാന പദ്ധതികൾ അതായത് ഇന്റഗ്രേറ്റഡ് കമാന്റ് കൺട്രോൾ & കമ്മ്യൂണിക്കേഷൻ സെന്റർ, കൊച്ചിയിലെ 28 പൊതു കെട്ടിടങ്ങൾക്കുവേണ്ടിയുള്ള, ഒരു മെഗാവാട്ട് സൗരോർജ്ജ പദ്ധതി എന്നിവ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

**കുടുംബശ്രീ**

171. സ്ത്രീകളുടെ സ്വയം സംഘങ്ങളുടെ ശൃംഖലയ്ക്കുള്ള ഒരു ദേശിയ മാതൃകയായി കുടുംബശ്രീ ഉയർന്നുവന്നിട്ടുള്ളതും കോവിഡ് മഹാമാരിയുടെയും അതിൽനിന്നും ഒഴിവാകൽ പ്രക്രിയയിലും ആശ്വാസമെത്തിക്കുന്നതിൽ വളരെ പ്രധാനപ്പെട്ട ഒരു പങ്ക് വഹിച്ചിട്ടുള്ളതുമാണ്. കുടുംബശ്രീയുടെ ബജറ്റ് വിഹിതത്തിൽ ഗണ്യമായ വർദ്ധന ഉണ്ടായിട്ടുള്ളതും അത് വീണ്ടും ഉയർത്തുന്നതുമാണ്. ഞങ്ങൾ കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ശൃംഖല കൂടുതൽ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഞങ്ങൾ ഈ ശൃംഖലയിൽ കൂടുതൽ യുവതികളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കു ന്നതിനുള്ള സാധ്യതയും ആരായുന്നതാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ക്രൈം മാപ്പിംഗിനുമായി സമഗ്രമായ പരിപാടികൾ കുടുംബശ്രീ നടപ്പിലാക്കുന്നതാണ്. കേരളത്തിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ പങ്കാളിത്ത നിരക്ക് മെച്ചപ്പെട്ടുവന്നിട്ടുള്ളതും അതിൽ കുടുംബശ്രീ ഒരു പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുള്ളതുമാണ്. സ്ത്രീകൾക്ക് സ്വയംതൊഴിലിലും വേതന തൊഴിലിലും മെച്ചപ്പെട്ട തൊഴിലവസരം സൃഷ്ടിക്കുക എന്നതാണ് വരും വർഷങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം.

## പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗ വികസനം

172. മറ്റ് പിന്നോക്ക വിഭാഗങ്ങളിലും ന്യൂനപക്ഷ വിഭാഗങ്ങളിലും ഉൾപ്പെടുന്ന അർഹരായ വ്യക്തികൾക്ക് വായ്പ നൽകുന്ന കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ അടുത്ത സാമ്പത്തിക വർഷം 42000 ഗുണഭോക്താക്കൾക്ക് 700 കോടി രൂപ വിതരണം ചെയ്യുന്നതാണ്.

173. ക്ഷേമ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായി പിന്നോക്ക വിഭാഗ വികസന വകുപ്പിനുകീഴിൽ പാലക്കാട്, കൊല്ലം ജില്ലകളിൽ രണ്ട് റീജിയണൽ ഓഫീസുകൾ സ്ഥാപിക്കുന്നതാണ്.

174. അഭ്യസ്തവിദ്യരായ ഗോത്ര യുവജനങ്ങളുടെ ഇടയിലുള്ള തൊഴിലില്ലായ്മയുടെ പ്രശ്നം പരിഹരിക്കുന്നതിനായി എന്റെ സർക്കാർ ഗോത്ര യുവജനങ്ങളുടെ താല്പര്യത്തിന്റെയും അഭിരുചിയുടെയും അടിസ്ഥാനത്തിൽ അനുയോജ്യമായ നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. പൊതു സ്വകാര്യ മേഖലകളിൽ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി, പട്ടികവർഗ്ഗ വികസന വകുപ്പ് പ്രാപ്തരായ തൊഴിൽദായകരെയും, വ്യവസായ പ്രമുഖരെയും, അനുബന്ധ വകുപ്പുകളെയും, തൊഴിൽ രഹിതരായ ഗോത്ര യുവജനങ്ങളെയും ഒരു പൊതുവായ വേദിയിൽ കൊണ്ടുവരുന്നതിനായി ഒരു ' വെർച്ച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രൂപീകരിക്കുന്നതാണ്. ഇത് വിവിധ മേഖലകളിലെ തൊഴിലിനുള്ള ലഭ്യതയുടെയും വിതരണത്തിന്റെയും വിടവ് നികത്തുന്നതാണ്.

175. പാലക്കാട്, വയനാട് ജില്ലകളിലെ 376 ട്രൈബൽ മെന്റർ അദ്ധ്യാപകരുടെ വിന്യാസത്തിലൂടെ നേടിയ വിജയത്തിന്റെ അടിസ്ഥാനത്തിൽ 'ഗോത്രബന്ധു' (ട്രൈബൽ മെന്റർ ടീച്ചർ) പദ്ധതിയുടെ കീഴിൽ ബാക്കിയുള്ള ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രൈമറി സ്കൂളുകളിൽ 271 മെന്റർ അദ്ധ്യാപകരെ അധികമായി വകുപ്പ് നിയോഗിക്കുന്നതാണ്.

176. 'സാമൂഹ്യ പഠനമുറി' (കമ്മ്യൂണിറ്റി സ്റ്റഡിസെന്റർ) പദ്ധതിയ്ക്ക് കീഴിൽ 500 പുതിയ കമ്മ്യൂണിറ്റി പഠന കേന്ദ്രങ്ങൾ 2021-2022-ൽ സ്ഥാപിക്കുന്നതും അതുവഴി ഗോത്ര വിഭാഗത്തിൽപെട്ട ഏറ്റവും കുറഞ്ഞത് 15000 കുട്ടികൾക്ക് എങ്കിലും അക്കാദമിക് മികവ്

കൈവരിക്കുന്നതിന് സഹായിക്കുന്നതുമാണ്. ഈ കേന്ദ്രങ്ങളെ വിവിധോദ്ദേശ്യ സാമൂഹ്യ വിഭവ കേന്ദ്രങ്ങളെന്ന നിലയ്ക്ക് ഉയർത്തുന്നതിനും കൂടി ഉദ്ദേശിക്കുന്നു.

177. ഗോത്രവിഭാഗ വിദ്യാർത്ഥികളിൽനിന്നും കായികപ്രതിഭകളെ കണ്ടെത്തി അവരെ കായിക മികവിലേക്ക് പരിപോഷിപ്പിച്ച് വളർത്തിയെടുക്കുന്നതിനുള്ള ശ്രദ്ധാപൂർവ്വമായ ശ്രമം ഈ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. ഈ സംരംഭത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഗോത്ര വിഭാഗം കുട്ടികളുടെ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കു ന്നതിനുവേണ്ടി മാത്രമായി ഒരു സ്പോർട്ട്സ് ഏകലവ്യാ മോഡൽ റെസിഡൻഷ്യൽ സ്കൂൾ കാസർഗോഡ് ജില്ലയിൽ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു.

178. 'ഡിജിറ്റൽ ഡെമോക്രസി' പ്രോത്സാഹിപ്പിക്കുന്നതിനായി, ഡിജിറ്റൽ ഇക്കണോമിയിൽ ഭാഗഭാക്കുകളാകാനായി സഹകാരികളെ സഹായി ക്കുന്നതിന്, 'പ്ലാറ്റ്ഫോം കോ-ഓപ്പറേറ്റീവ്സ്' ആരംഭിക്കുന്നതാണ്. ഡിജിറ്റൽ ഇക്കണോമിയിലെ മറ്റേതുതരം ബിസിനസിലും ലഭ്യമാകാത്ത ശക്തമായ വേർതിരിവിന്റെ ഘടകങ്ങളായ പ്ലാറ്റ്ഫോം ഉടമസ്ഥതയും ഉയർന്ന ഗുണനിലവാരമുള്ള സേവനവും നീതി പൂർവ്വമായ ജോലിയുമാണ് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നത്.

179. പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ പി. 1449 (PAPCOS), പാലക്കാട് കണ്ണമ്പ്രയിൽ പ്രതിദിനം 200 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള ആധുനിക റൈസ് മിൽ കമ്മീഷൻ ചെയ്യുന്നതാണ്.

180. പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ പുനരുജ്ജീവനത്തിനായി എസ്സ്.സി./എസ്സ്.റ്റി സഹകാരികൾ മുഖേന 'പുനർജ്ജനി' എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതാണ്.

**സാമൂഹ്യ നീതി**

181. സമൂഹത്തിൽ ഏറ്റവും കൂടുതൽ കഷ്ടതകൾ നേരിടുന്നവരാണ് മുതിർന്ന പൗരന്മാരെന്നതിനാൽ കോവിഡ്-19 പൊട്ടിപ്പുറപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ അവർക്ക് പ്രത്യേക സംരക്ഷണവും ശ്രദ്ധയും ആവശ്യമാണ്. എന്റെ സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖകളുടെ

അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്റെ സർക്കാരിന്റെ കോവിഡ് കണ്ടെയിൻമെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി റിവേഴ്സ് ക്വാറന്റൈനിൽ കഴിയുന്ന ഇതര അസുഖങ്ങൾ ഉള്ള പ്രായമേറിയ വ്യക്തികളും വൃദ്ധസദനങ്ങളിൽ കഴിയുന്ന അന്തേവാസികളും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് "ഗ്രാന്റ് കെയർ പ്രോജക്ട്" എന്ന ഒരു നൂതന സംരംഭം ആരംഭിച്ചിട്ടുണ്ട്. ഗ്രാന്റ് കെയർ പ്രോജക്ടിന്റെ ഭാഗമായി വനിതാ ശിശുവികസന വകുപ്പിന്റെ കീഴിലുള്ള അങ്കണവാടി വർക്കർമാർ 45 ലക്ഷത്തിലധികം മുതിർന്ന പൗരൻമാരുമായി ഫോൺ മുഖേന ബന്ധം സ്ഥാപിക്കുകയും അവരുടെ ആരോഗ്യപരവും മറ്റാവശ്യങ്ങളുടെയും വിവരം ശേഖരിച്ചിട്ടുമുണ്ട്. മുതിർന്ന പൗരന്മാർ അഭിമുഖീകരിക്കുന്ന വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും പരിഹരിക്കുന്നതിനും, മരുന്നുകൾ ലഭ്യമാക്കുന്നതിനും, മുതിർന്ന പൗരൻമാർക്കുള്ള ടെലിമെഡിസിൻ കൺസൾട്ടേഷനും കൗൺസിലിംഗിനുംവേണ്ടി സാമൂഹ്യനീതി വകുപ്പ് ഓരോ ജില്ലയിലും ഒരു വയോക്ഷേമ കോൾസെന്റർ തുടങ്ങിയിട്ടുണ്ട്.

182. യോഗ്യരും നിപുണരുമായ അംഗപരിമിതരായ വ്യക്തികൾക്ക് (PWDs) രജിസ്റ്റർ ചെയ്യുന്നതിനായി സാമൂഹ്യനീതി വകുപ്പ് കർമ്മപഥം എന്ന പേരിൽ ഒരു പോർട്ടൽ സമാരംഭിക്കാൻ ഉദ്ദേശിക്കുന്നതും, അതിലൂടെ അവർക്ക് അവരുടെ വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതും സ്വകാര്യ മേഖലയിലുള്ള തൊഴിൽദാതാക്കൾക്ക് ആവശ്യമായ മാനവ വിഭവശേഷി അംഗപരിമിതരായ വ്യക്തികൾക്കിടയിൽ നിന്ന് തെരഞ്ഞെടുക്കാവുന്നതുമാണ്.

183. പൈതൃകം എന്ന പേരിൽ മുതിർന്ന പൗരന്മാർക്ക് മാത്രമായി ഒരു വെബ് പോർട്ടൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നതും അതിൽ മുതിർന്ന പൗരന്മാർക്ക് രജിസ്റ്റർ ചെയ്യാവുന്നതും തങ്ങൾക്ക് വൈദഗ്ധ്യമുള്ള മേഖലകൾ സംബന്ധിച്ച വിവരങ്ങൾ നൽകാവുന്നതുമാണ്. ഈ സേവനങ്ങൾ ആർക്കാണോ ആവശ്യമായി വരുന്നത് അവർക്ക് ഇത് പ്രാപ്യമാക്കാവുന്നതും അതിനെ ഉപയോഗപ്പെടുത്താവുന്നതുമാണ്. പ്രായമായ ആൾക്കാരുടെ ഇടയിൽ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിനായി IT @Elderly എന്ന പേരിൽ ഒരു പ്രോഗ്രാം ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു.

184. എന്റെ സർക്കാർ പരിവർത്തനം എന്ന പേരിൽ ഒരു പുതിയ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. മുൻ തടവുകാരുമായും വനിതാ കുറ്റവാളികളുമായുള്ള മാനസിക-സാമൂഹ്യ ഇടപെടലാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. പരിചയസമ്പന്നരായ NGO-കളുടെയും NIMHANS പോലുള്ള സാങ്കേതിക ഏജൻസികളുടെയും സഹായത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

185. സ്വന്തമായി ഭൂമിയുള്ളതോ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ഭൂമി ലഭിച്ചിട്ടുള്ളതോ ആയ ഭവന രഹിതരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്കുവേണ്ടി സുകൃതം ഭവന പദ്ധതി നടപ്പിലാക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നു. വൈദഗ്ധ്യവും അർദ്ധ വൈദഗ്ധ്യവുമുള്ള യോഗ്യരായ ട്രാൻസ്ജെൻഡറായ ആളുകൾക്കുവേണ്ടി 'കിരണം' എന്ന പേരിൽ ഒരു ഓൺലൈൻ പോർട്ടൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

**വനിതാ ശിശു വികസനം**

186. കോവിഡ്-19 കാരണം അങ്കണവാടികൾ അടച്ചിട്ടിരുന്നുവെങ്കിലും അങ്കണവാടികളിലെ പ്രീ സ്കൂൾ കുട്ടികളുടെ ആദ്യ വിദ്യാഭ്യാസം തടസ്സപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് 'കിളിക്കൊഞ്ചൽ' എന്ന പേരിലുള്ള 30 പ്രീ സ്കൂൾ വിഷയങ്ങളിൽ അധിഷ്ഠിതമായ ഓൺലൈൻ ക്ലാസ്സുകളുമായി വനിതാ ശിശു വികസന വകുപ്പ് കൈകോർക്കുകയുണ്ടായി. പ്രീ സ്കൂൾ വിഷയങ്ങളെ അടിസ്ഥാനമാക്കി പോസ്റ്ററുകൾ അച്ചടിച്ച് അങ്കണവാടിയിൽ പോകുന്ന കുട്ടികൾക്ക് നൽകുകയുണ്ടായി.

187. ഭക്ഷണ കിറ്റുകൾക്കും റേഷനും പുറമേ അംഗീകൃത ക്ഷേമ സ്ഥാപനങ്ങൾക്ക് ഭക്ഷണ കിറ്റുകൾ ലഭ്യമായി എന്ന് ഉറപ്പ് വരുത്തുന്നതിനായി നടപടികൾ എടുക്കുകയും അതുവഴി അന്തേവാസികളുടെ ആരോഗ്യ സംരക്ഷണത്തിലും ശ്രദ്ധിച്ചിട്ടുണ്ട്. അങ്കണവാടികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൂന്ന് വയസ്സിന് താഴെയുള്ള 5.2 ലക്ഷം കുട്ടികൾക്കും 3 – 6 വർഷം പ്രായമുള്ള 4.4 ലക്ഷം കുട്ടികൾക്കും സപ്ലിമെന്ററി ന്യൂട്രീഷൻ സ്കീമിനുകീഴിൽ യാതൊരു തടസ്സവും കൂടാതെ ഭക്ഷണം ടേക്ക്-ഹോം റേഷനായി എത്തിച്ചു നൽകി.

188. വനിതാ ശിശു വികസന വകുപ്പിന്റെ കീഴിലുള്ള നിർഭയ പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾ ലൈംഗിക അതിക്രമം അതിജീവിച്ചവരെ പുനരധിവസിപ്പിക്കുന്നതിനും ചേർത്തു നിർത്തുന്നതിനും വേണ്ടിയുള്ള സ്റ്റേറ്റ് നിർഭയ പോളിസി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. നിലവിൽ 16 വനിതാ ശിശു ഹോമുകളും 1 എസ്.ഒ.എസ് (SOS) ഹോമും കേരളത്തിൽ ഉണ്ട്. അതിജീവിച്ചവരെ വെവ്വേറെ വിഭാഗങ്ങളായി വേർതിരിക്കേണ്ടതും ശരിയായ വ്യക്തിഗത സംരക്ഷണം നൽകേണ്ടതും അത്യാവശ്യമാണ്. പോക്സോയെ അതിജീവിച്ച 200 പേർക്കായി ഒരു മാതൃകാ ഭവനം തുടങ്ങാനായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ തൃശ്ശൂരിൽ ഒരുക്കിയിട്ടുള്ളതും അത് പ്രവർത്തന സജ്ജവുമാണ്; ഇത് വകുപ്പിന് കീഴിലുള്ള ഏറ്റവും വലിയ ക്ഷേമ സ്ഥാപനമായിരിക്കും. അദ്ധ്യാപകർ, നൈപുണ്യം വികസിപ്പിക്കുന്നവർ, തൊഴിൽ പരിശീലകർ എന്നിവർ കുട്ടികളെ അവരുടെ വിദ്യാഭ്യാസത്തിന്റെയും പുനരധിവാസത്തിന്റെയും മുഴുവൻ കാലയളവിലും പിന്തുണയ്ക്കുന്നതാണ്.

189. ജെൻഡർ പാർക്ക് പദ്ധതികളുടെയും കാഴ്ചപ്പാടിന്റെയും സാധ്യതകൾ തിരിച്ചറിഞ്ഞ് ഈ സംഘടനയെ സൗത്ത് ഏഷ്യൻ - സൗത്ത് ഇൻഡ്യൻ സംയുക്ത അടിസ്ഥാനത്തിലുള്ള ഒരു ജെൻഡർ ഹബ്ബായി ഉയർത്തുന്നതിനും വികസിപ്പിക്കുന്നതിനും യു.എൻ. വിമൻ ഇതുമായി പങ്ക് ചേർന്നിട്ടുണ്ട്.

**കാര്യനിർവ്വഹണ വകുപ്പുകൾ**

**പൊതു ഭരണം**

190. കേരള സർക്കാരിന്റെ ന്യൂഡൽഹിയിലെ വസ്തുക്കൾ പുനർവികസിപ്പിക്കാനും നവീകരിക്കാനുമുള്ള പദ്ധതികൾ എന്റെ സർക്കാരിനുണ്ട്. ന്യൂഡൽഹിയിലെ ട്രാവൻകൂർ പാലസ് പുനർവികസിപ്പിക്കുന്നതിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കമ്പനിയായി നാഷണൽ ബിൽഡിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ (NBCC) ചുമതലപ്പെടുത്തി യിരിക്കുന്നു.

191. 'സാമൂഹ്യ സന്നദ്ധസേന' നവീകരിക്കുക എന്ന ഒരു അനന്യ പദ്ധതി എന്റെ സർക്കാർ ആരംഭിച്ചു കഴിഞ്ഞു. 2020 നവംബർ 16 വരെയായി 3.66 ലക്ഷം സന്നദ്ധസേവകർ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. സന്നദ്ധസേവകർക്കുള്ള പരിശീലനം നടത്തിവരുകയും അവർക്കുള്ള ഇ-

സർട്ടിഫിക്കേഷൻ നൽകി വരികയുമാണ്. 12 ഇന പദ്ധതികളുടെ ഭാഗമായുള്ള ഈ പദ്ധതി നമ്മുടെ സംസ്ഥാനത്തിന്റെ തയ്യാറെടുപ്പുകൾക്ക്, പ്രത്യേകിച്ചും ഉണ്ടാകാനിടയുള്ള ദുരന്തങ്ങൾ, ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ഒരു വലിയ ഉത്തേജനം നൽകുന്നതായിരിക്കും.

192. എന്റെ സർക്കാർ കേരള യുവജന നേതൃത്വ അക്കാഡമി സ്ഥാപിക്കുകയും 5600-ലധികം രജിസ്ട്രേഷൻ സ്വീകരിക്കുകയും ചെയ്തു.

**ആഭ്യന്തരം**

193. എന്റെ സർക്കാർ കേരളത്തിൽ 79 ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. 2020-ൽ പത്തനംതിട്ട, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിൽ മൂന്ന് വനിതാ പോലീസ് സ്റ്റേഷനുകൾ കൂടി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 27 ആധുനിക സേവനങ്ങളുള്ള ഒരു ജനകേന്ദ്രീകൃത മൊബൈൽ ആപ്പ് (POL-APP) കേരള പോലീസ് ആരംഭിക്കുകയും ഡിജിറ്റൽ ട്രാഫിക് കുറ്റകൃത്യങ്ങൾ കോമ്പൗണ്ട് ചെയ്യുന്നതിനായുള്ള ഇ-ചെല്ലാൻ സിസ്റ്റം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അഗ്നിരക്ഷാ വകുപ്പിലെ ഹോം ഗാർഡ് നിയമനത്തിൻ കീഴിൽ 30% സ്ത്രീ സംവരണം നടപ്പാക്കിയിട്ടുണ്ട്. അടുത്ത വർഷം 100 ഫയർ വുമണിനെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നു. ബലാത്സംഗ കേസ്സുകളുടെയും പോക്സോ കേസ്സുകളുടെയും വേഗത്തിലുള്ള തീർപ്പാക്കലിനായി 28 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ അനുവദിക്കുകയും അതിൽ 20 എണ്ണം ഇതിനോടകം പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

194. പോലീസിലെ സാങ്കേതികവിദ്യയുടെ നടപ്പാക്കലിൽ ബന്ധപ്പെട്ട് സംസ്ഥാനം എന്നും ഒരു മാർഗ്ഗദർശിയാണ്. 2021-22 വർഷത്തിൽ നിർമ്മിത ബുദ്ധി പദ്ധതികൾ പോലീസ് വകുപ്പിൽ ആരംഭിക്കുന്നതാണ്. തിരുവനന്തപുരത്തും എറണാകുളത്തും ഒരു സൈബർ സെക്യൂരിറ്റി സെന്ററും വെർച്വൽ പോലീസ് സ്റ്റേഷനും വീതം തുടങ്ങുവാനായി ഉദ്ദേശിക്കുന്നു. സർക്കാർ 15 പുതിയ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി അംഗീകാരം നൽകുകയും അവ എത്രയും വേഗത്തിൽ പ്രവർത്തനം തുടങ്ങുന്നതുമാണ്. തിരുവനന്തപുരത്തെയും, കൊച്ചിയിലെയും, കോഴിക്കോട്ടെയും സൈബർ ഡോമുകൾ ശക്തിപ്പെടുത്തും.

195. 2021-22 വർഷത്തിൽ ആലപ്പുഴ, എറണാകുളം റൂറൽ, തിരുവനന്തപുരം റൂറൽ, മലപ്പുറം, കണ്ണൂർ റൂറൽ എന്നിവിടങ്ങളിൽ ജില്ലാ പോലീസ് ഓഫീസർമാർക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാനായി ഉദ്ദേശിക്കുന്നു.

196. തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ എന്നിവിടങ്ങളിൽ പുതിയ ജില്ലാ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുന്നതാണ്. കൊല്ലം സിറ്റി, ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ലാ കൺട്രോൾ റൂമുകൾ നിർമ്മിക്കുന്നതാണ്.

197. ഏതുതരത്തിലുമുള്ള വലിയ ദുരന്തങ്ങൾ നേരിടാനായി ഒരു പുതിയ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. സർക്കാരിന്റെ പരിഗണനയിലുള്ള മുൻഗണനാ ലിസ്റ്റ് പ്രകാരം കാര്യക്ഷമമായ സേവനം ലഭ്യമാക്കുവാനായി പുതിയ അഗ്നിരക്ഷാ സ്റ്റേഷനുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്

**നിയമം**

198. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ കേസ് രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നത് ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്നതാണ്. മാതൃക ഡിജിറ്റൽ കോർട്ട് റൂമുകൾ സ്ഥാപിക്കുന്നതിനും ഹൈക്കോടതിയിലെ ഭരണ വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനും ബാർ കോഡ് സിസ്റ്റം ഉപയോഗിച്ചുകൊണ്ട് ജുഡീഷ്യൽ ഫയലുകൾക്കായി ഒരു ഫയൽ ട്രാക്കിംഗ് സിസ്റ്റവും അടുത്ത സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. എറണാകുളത്തെയും, തിരുവനന്തപുരത്തെയും, കോഴിക്കോട്ടെയും ജില്ലാകോടതി കോംപ്ലക്സിലെ കോടതി രേഖകളുടെ ഡിജിറ്റൈസേഷൻ അടുത്ത ധനകാര്യ വർഷത്തിൽ ആരംഭിക്കുന്നതാണ്.

199. ജുഡീഷ്യൽ സംവിധാനത്തിന്റെ സാങ്കേതിക നവീകരണത്തിൻ കീഴിൽ പ്രാരംഭഘട്ടമായി എറണാകുളം ജില്ലാ കോടതി കോംപ്ലക്സിലെ 18 കോർട്ട് ഹാളുകളിലും തിരുവനന്തപുരം ജില്ലാ കോടതി കോംപ്ലക്സിലെ 31 കോർട്ട് ഹാളുകളിലും സി.സി.ടിവി (CCTV) സ്ഥാപിക്കുന്നതിന് ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ഏകദേശം 60 കോടതികളിൽ ഈ പദ്ധതിയിൻ കീഴിൽ വീഡിയോ കോൺഫറൻസിംഗ് സൗകര്യം ഒരുക്കുന്നതാണ്.

200. കീഴ്കോടതികളിൽ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനുള്ള പദ്ധതിയുടെ നാലാമത്തേതും അവസാനത്തേതുമായ ഘട്ടം അടുത്ത സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഓരോ ജില്ലാ കോടതി കോംപ്ലക്സിലും എല്ലാ സൗകര്യങ്ങളോടുംകൂടിയ ഐ.റ്റി. ട്രെയിനിംഗ് ഹാളുകൾ സ്ഥാപിക്കുന്നതിന്റെ ആദ്യപടിയായി 2021-22 കാലഘട്ടത്തിൽ ഒരു ജില്ലാ കോടതിയിൽ ഐ.റ്റി. ട്രെയിനിംഗ് ഹാൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

**റവന്യൂ**

201. പൊതുജനങ്ങളിൽ നിന്നുള്ള സജീവ പങ്കാളിത്തംകൊണ്ട് മുഖ്യമന്ത്രിയുടെ പബ്ലിക് അദാലത്ത് സ്കീം ഒരു വൻവിജയമായിട്ടുണ്ട്. 12 ഇന പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും നടന്നുവരുന്ന റഗുലർ പബ്ലിക് അദാലത്തിൽ വളരെയധികം പരാതികൾ ജില്ലാ കളക്ടർമാർ നേരിട്ട് കേൾക്കുന്നുണ്ട്. 2020 നവംബർ 14 വരെ 140 അദാലത്തുകൾ നടത്തുകയും 6659 പരാതികൾ ലഭിച്ചതിൽ 5299 എണ്ണം പരിഹരിക്കുകയുമുണ്ടായി.

202. എന്റെ സർക്കാർ ദേവസ്വം ബോർഡിന്റെ അന്യാധീനപ്പെട്ട ഭൂമി തിരിച്ച് പിടിക്കുന്നതിലേക്കായി ഒരു ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുന്നതും അതിലേക്കായി ഒരു ബിൽ അവതരിപ്പിക്കുന്നതിന് ഉദ്ദേശിക്കുകയും ചെയ്യുന്നുണ്ട്.

203. എന്റെ സർക്കാർ ദേവസ്വം ബോർഡ് നിയമനങ്ങളിൽ മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10% തസ്തികകളിൽ സാമ്പത്തിക അടിസ്ഥാനത്തിൽ സംവരണം നടപ്പിലാക്കിയിട്ടുണ്ട്.

204. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1.63 ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എന്റെ സർക്കാർ ഭൂരഹിതരായ കുടുംബങ്ങൾക്കായി 2021-22 ൽ 20000 പട്ടയങ്ങൾ വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

205. ഭൂമിയുടെ സർവ്വേക്കും ഡിമാർക്കേഷനുമായി സർവ്വേ ഉപകരണമായ കണ്ടിന്യൂയിംഗ് ഓപ്പറേറ്റിംഗ് റഫറൻസ് സ്റ്റേഷൻ (CORS) സ്ഥാപിക്കുന്നതിനുള്ള നടപടികൾ KLRMM (കേരള ലാന്റ് റെക്കോർഡ് മോഡണൈസേഷൻ മിഷൻ) ഇതിനകം ആരംഭിച്ചിട്ടുണ്ട്.

റവന്യൂ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനും റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഏകോപനത്തിനുമായുമുള്ള ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റാണ് KLRMM. സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം അതായത് വില്ലേജുകളിലെ എല്ലാ റവന്യൂ രേഖകൾ, മാപ്പുകൾ, രജിസ്റ്ററുകൾ, പുസ്തക രൂപത്തിലുള്ള അക്കൗണ്ടുകൾ ഉൾപ്പെടെ ഡിജിറ്റൈസ് ചെയ്യുന്നതിനും സത്വരവും കാര്യക്ഷമവുമായ സേവനങ്ങൾ പൗരൻമാർക്ക് നൽകുന്നതിനുമുള്ള വില്ലേജ് ഇൻഫർമേഷൻ സിസ്റ്റം ഒരു പൈലറ്റ് പദ്ധതിയായി തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂരിലും കോട്ടയം ജില്ലയിലെ കടുത്തുരുത്തിയിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

206. കേരള ബിൽഡിംഗ് ടാക്സ് ഓൺലൈൻ, HRMS, ലാന്റ് ലീസ് ആന്റ് ലാന്റ് അസൈൻമെന്റ് മാനേജ്മെന്റ് സിസ്റ്റം, സാമൂഹ്യ സുരക്ഷാ പെൻഷൻ, റിലീഫ് (ഡിസാസ്റ്റർ മാനേജ്മെന്റ് പോർട്ടൽ) ലാന്റ് അക്വിസിഷൻ മാനേജ്മെന്റ് സിസ്റ്റം തുടങ്ങിയവ സംയോജിപ്പിച്ച് ഒരു സമഗ്ര റവന്യൂ പോർട്ടൽ നടപ്പിലാക്കുന്നതാണ്.

207. 2021-2022 വരെയുള്ള പദ്ധതി അലോക്കേഷൻവഴി 186 സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റിവിലൂടെ വേറെ 255 സ്മാർട്ട് വില്ലേജുകൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽപ്പെട്ട 117 ഓഫീസുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് 937 വില്ലേജ് ഓഫീസുകളുടെ നവീകരണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

208. ഒരുപക്ഷെ സംസ്ഥാന തലസ്ഥാനത്ത് ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് മതിയായ താമസ സൗകര്യം നൽകാത്തത് കേരളം മാത്രമായിരിക്കും. ആയതിനാൽ തലസ്ഥാനത്ത് നിയമിക്കപ്പെടുന്ന യുവഉദ്യോഗസ്ഥരുടെ പ്രയാസങ്ങൾ ലഘൂകരിക്കുവാനായി ഐ.എ.എസ്. ഉദ്യോഗസ്ഥർക്കായി ക്വാർട്ടേഴ്സ് നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**ട്രഷറി**

209. ഐ.എഫ്.എം.എസ്. (IFMS)-ന്റെ നിർവ്വഹണപരവും സുരക്ഷാപരവുമായ ആഡിറ്റ് പൂർത്തീകരിക്കും. ട്രഷറി ഓഫീസുകളിലെ കൂടുതലായ സൗകര്യങ്ങൾ സംബന്ധിച്ച ട്രഷറി നവീകരണ പരിപാടി പൂർത്തിയാക്കും. സോഷ്യൽ ഓഡിറ്റ് ഏറ്റെടുക്കും.

**ഇൻഷ്വറൻസ്**

210. സർക്കാർ വകുപ്പുകളുടെയും, എല്ലാ പൊതുമേഖലാ ഘടകങ്ങളുടെയും, സർക്കാരുമായി ബന്ധപ്പെട്ട സംഘടനകളുടെയും ഇൻഷ്വറൻസ് ആവശ്യകതകൾ സമഗ്രമായി പരിഹരിക്കുവാനായി ഇൻഷ്വറൻസ് വകുപ്പിനെ നവീകരിച്ചു വരികയാണ്. ജനറൽ ഇൻഷ്വറൻസിനെ ഇരട്ടിയാക്കുകയും ലൈഫ് ഇൻഷ്വറൻസിനെ ഗണ്യമായി മെച്ചപ്പെടുത്തുകയുമാണ് അടുത്ത വർഷത്തെ ലക്ഷ്യം.

**ലീഗൽ മെട്രോളജി**

211. പാക്കേജ് ചെയ്ത ഉൽപ്പന്നങ്ങളുടെ പരിശോധനയ്ക്കും കാലിബ്രേഷനുമായി സഞ്ചരിക്കുന്ന യൂണിറ്റുകൾ ഈ വകുപ്പ് നടപ്പിലാക്കുന്നതാണ്. കുട്ടനാട്ടിലെ സെൻട്രൽ ലബോറട്ടറിയിൽ ഇന്ധനങ്ങളുടെ ഇടപാട് അളക്കുന്ന ഫ്ലോ മീറ്ററുകളുടെയും, ക്ലിനിക്കൽ തെർമോമീറ്ററുകളുടെയും പരിശോധനയ്ക്കായി ഒരു ലബോറട്ടറി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

**ആസൂത്രണവും സാമ്പത്തിക കാര്യവും**

212. കാട്ടാക്കട നിയമസഭാ മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള മഹത്തായ ജലസമൃദ്ധി പദ്ധതിക്ക് കേരള സ്റ്റേറ്റ് ലാന്റ് യൂസ് ബോർഡ് (KSLUB) സാങ്കേതിക സഹായം നൽകിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ നദീതടങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ നാച്വറൽ റിസോഴ്സസ് മാനേജ്മെന്റ് പ്ലാനും ഇക്കോ-റെസ്റ്റോറേഷൻ പ്ലാനും വകുപ്പ് തയ്യാറാക്കിവരുന്നുണ്ട്. സമീപകാലത്തെ പ്രളയവും ഉരുൾപൊട്ടലും രൂക്ഷമായി ബാധിച്ച ഗ്രാമ പഞ്ചായത്തുകൾക്കായി ലാന്റ് യൂസ് ഡിസിഷൻ മോഡലുകൾ തയ്യാറാക്കുന്നതാണ്.

213. ഹരിത കേരള മിഷനും MGNREGS-നും കീഴിലുള്ള വാട്ടർ ഷെഡ് അടിസ്ഥാന ആസൂത്രണത്തിന് GIS പിന്തുണ ലഭ്യമാക്കുന്നതിന്, ജിയോ ഇൻഫർമാറ്റിക്സ് ലാബിനെ സംസ്ഥാനതല സംഭരണശാലയായി ശക്തിപ്പെടുത്തുന്നതിനും KSLUB ഉദ്ദേശിക്കുന്നുണ്ട്.

**സാമ്പത്തികവും സ്ഥിതിവിവര കണക്കുകളും**

214. പ്രായം, ലിംഗഭേദം, വിദ്യാഭ്യാസം, വ്യവസായം, തൊഴിൽ, സമയക്രമീകരണം, ചലനക്ഷമത, വേതനം എന്നിവ അന്യോന്യം ബന്ധപ്പെടുത്തി ഇനം തിരിച്ച്, തൊഴിൽ ശക്തി സൂചകങ്ങളുടെ അളക്കൽ പ്രദാനം ചെയ്യുന്നതിനുള്ള തൊഴിൽ വിപണിയെക്കുറിച്ചുള്ള വിവരശേഖരണം ലക്ഷ്യമിട്ടുള്ള ആനുകാലിക തൊഴിൽ ശക്തി സർവ്വേ

നടത്താൻ സാമ്പത്തികവും സ്ഥിതിവിവരകണക്കും വകുപ്പ് ഉദ്ദേശിക്കുന്നു. അതിന്റെ മേഖലാ ബന്ധങ്ങൾക്കുള്ളിലും അവയ്ക്കിടയിലും കൂടാതെ, ലോകത്തിന്റെ മറ്റു ഭാഗങ്ങളുമായുള്ള സാമ്പത്തിക ഏകീകരണത്തിന്റെ പശ്ചാത്തലത്തിലും സമ്പദ്ഘടനയിലെ ചാഞ്ചാട്ടം ആഭ്യന്തര തൊഴിൽ വിപണിയിൽ പ്രതിഫലിക്കുന്നു.

**വിവരവും പ്രചാരണവും**

215. സംസ്ഥാനത്ത് രോഗാവസ്ഥയെ സംബന്ധിച്ച് കൃത്യവും സമയ ബന്ധിതവുമായ വിവരം നൽകുന്നതിൽ മഹാമാരി വെല്ലു വിളികളുയർത്തിയിരുന്നു. ദിവസേന തത്സമയം ടെലിവിഷനിലൂടെയും അതുപോലെ ഓൺലൈൻ വാർത്താ ചാനലുകളിലൂടെയും എന്റെ സർക്കാർ നേരിട്ടു നൽകിയിരുന്ന മാദ്ധ്യമ അവലോകനം ഏറ്റവും പുതിയ കൃത്യമായ വിവരം പൊതുജനത്തിന് നൽകുകയുണ്ടായി. സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, നടപടി ക്രമങ്ങൾ എന്നിവ ഔദ്യോഗിക വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുകയും ദൈനംദിന പത്രക്കുറിപ്പുകൾ, ലഘു വീഡിയോകൾ, കോവിഡ് 19 അവബോധം നൽകുന്ന ഡിജിറ്റൽ പോസ്റ്ററുകൾ എന്നിവ എന്റെ സർക്കാരിന്റെ ഔദ്യോഗിക ഓൺലൈനിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും റിലീസ് ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന അതിഥി തൊഴിലാളികളുടെ സാന്നിധ്യം മുന്നിൽകണ്ട് വാർത്തകളുടെയും അവബോധ പരിപാടികളുടെയും മലയാളത്തിലും ഇംഗ്ലീഷിലുമുള്ള പതിപ്പുകൾക്ക് പുറമേ ഹിന്ദി, തമിഴ്, കന്നട, ഒഡിയ, ബംഗാളി എന്നീ ഭാഷകളിൽകൂടി റിലീസ് ചെയ്തിട്ടുണ്ട്. 2020 മാർച്ചിൽ ആദ്യത്തെ ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനോടൊപ്പംതന്നെ കേരളത്തിലെ കോവിഡ്-19 സാഹചര്യത്തെക്കുറിച്ച് ഓരോ മണിക്കൂർ ഇടവിട്ട് മുന്നറിയിപ്പ് നൽകുന്ന, സ്മാർട്ട് ഫോൺ ഉപയോക്താക്കളല്ലാത്തവർക്കും കൂടി ഉപയോഗിക്കാവുന്നതുമായ 'Gok Direct' എന്ന പേരിലുള്ള ഒരു മൊബൈൽ ആപ് എന്റെ സർക്കാർ ആരംഭിച്ചു.

216. ഇന്റഗ്രേറ്റഡ് ന്യൂസ്ഗ്രിഡ് പ്രോജക്റ്റിന്റെ ഭാഗമായുള്ള പബ്ലിക് റിലേഷൻസ് ഇൻഫർമേഷൻ സർവ്വീസ് മാനേജ്മെന്റ് പ്രോഗ്രാമിലൂടെ (PRISM) താഴേക്കിടയിലുള്ള ജനങ്ങളിലേക്കെത്തിച്ചേരാനുള്ള എന്റെ സർക്കാരിന്റെ ശ്രമത്തിന് പുതിയൊരു ദിശാബോധം നല്കി. വിവര സമാഹരണത്തിനും പ്രചാരണത്തിനുമുള്ള വ്യാപ്തി വർദ്ധിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്നതിന് കൂടുതൽ പരിശീലകരെ വിന്യസിച്ച് ഈ

പ്രോജക്ടിന് 2021-22-ൽ കൂടുതൽ ആവേശം പകരുന്നതിന് ആസൂത്രണം ചെയ്തിട്ടുണ്ട്. മൊബൈൽ ജേണലിസത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നത് കൂടുതൽ കവറേജ് നല്കുമെന്നും തത്സമയ റിപ്പോർട്ടിങ്ങിനും കൂടി സഹായകരമാവുമെന്നും പ്രതീക്ഷിക്കുന്നു.

**ഉപസംഹാരം**

217. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും ക്ഷേമത്തിനും സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുമായി എന്റെ സർക്കാരിന് ഉൽക്കർഷേച്ഛയുള്ള ഒരു കാര്യപരിപാടിയുണ്ട്. എല്ലാപേർക്കും ഭക്ഷണവും പാർപ്പിടവും വിദ്യാഭ്യാസവും നീതിയും ലിംഗ സമത്വവും ശാക്തീകരണവും അവസരങ്ങളും ഉറപ്പുവരുത്തുന്നതിന് എന്റെ സർക്കാർ പ്രയത്നിച്ചു കൊണ്ടിരിക്കും. പ്രധാനപ്പെട്ട പദ്ധതികളും സ്കീമുകളും നടപ്പിലാക്കുന്നതിലൂടെ സാമ്പത്തിക വളർച്ചയുടെയും മാനവ വികസനത്തിന്റെയും, ഇന്ത്യയിലെതന്നെ ഉത്തമോദാഹരണമായി ഈ സംസ്ഥാനത്തെ പുതിയ യുഗത്തിലേക്ക് എന്റെ സർക്കാർ പരിണമിപ്പിക്കുകയാണ്.

218. എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്ന ഒരു ഗോൾ പോസ്റ്റിനെയാണ് ഇപ്പോൾ നടത്തികൊണ്ടിരിക്കുന്ന ഉദ്യമങ്ങൾ അനുധാവനം ചെയ്യുന്നത് എന്ന് എന്റെ സർക്കാരിന് പൂർണ്ണ ബോദ്ധ്യമുണ്ട്. ലോകത്തെ ആകമാനം പോലെ, ഈ മഹാമാരി കേരളത്തിന്റെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും, കേരളം എന്ന സ്വപ്നത്തിലേക്ക് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതു തരണം ചെയ്യുവാൻ നാം പരിശ്രമിക്കുകയും, ഇത് നാം തരണം ചെയ്യുകയും ചെയ്യും.

**ജയ് ഹിന്ദ്**